# ജീവദീപ്തി

jeevadeepthi@gmail.com
December 2025 Book 12 Volume 15



യാത്ര.. ഉണ്ണി പിറന്ന രാവു തേടി..




# St. Albert's College

(Autonomous), Banerji Road, Ernakulam, Kochi - 682 018, Kerala, India

## NO DONATIONS ARE ACCEPTED FOR MANAGEMENT QUOTA

### FOUR YEAR UG PROGRAMMES

**Majors**

**B.A. (Honours)**
- Economics
- English
- English - Literature & Journalism

**B.Sc (Honours)**
- Aquaculture
- Industrial Fisheries
- Botany
- Zoology
- Chemistry
- Industrial Chemistry
- Mathematics
- Physics
- Computer Science

**B.Com (Honours) (5 Batches)**
- Specialization in Taxation - Aided
- Specialization in Taxation - SF (2 Batches)
- Accounting
- Cooperation

**Bachelor of Business Administration (Honours)**
- BBA (2 batches)

**Minors**

English | Economics | History | Political Science Media | Business Studies | Business Regulations Physics | Chemistry | Commerce | Mathematics | Statistics | Zoology | Botany | Biochemistry | Electronics | Computer Science | Aquaculture |

### B.Voc UG PROGRAMMES
- B Voc Professional Accounting & Taxation
- B Voc Logistics Management
- B Voc Retail Management
- B Voc Travel & Tourism
- B Voc Medical & Psychiatric Social Work
- B Voc Fitness Management & Personal Training (Sports Campus, Kaloor)
- B Voc Sports Nutrition & Physiotherapy
- B Voc Renewable Energy
- B Voc Commercial Aquaculture
- B Voc Software Development
- B Voc Journalism & Mass Communication

### FIVE YEAR INTEGRATED MSc PROGRAMME
- Statistics

### TWO YEAR PG PROGRAMMES

**Arts**
- MA Economics
- MA English

**Commerce**
- M Com Finance
- M Com Finance

**Management & Professional**
- MBA
- MSW (2 batches)
- M Voc Logistics & Supply Chain Management

**Science, Computer & IT**
- MSc Applied Fisheries & Aquaculture
- MSc Botany
- MSc Zoology
- MSc Chemistry
- MSc Mathematics
- MSc Physics
- MSc Space Science & Technology
- MSc Computer Science
- M Voc Renewable Energy Management

### Research Centres
- Zoology
- Botany
- Chemistry
- Mathematics
- Management
- Commerce
- Ocean Science & Technology (Bio Chemistry, Aquaculture & Micro biology)

- Merit based Admission for Management Quota.
- Donations are not accepted for admissions to any of the programmes.
- No recommendations are entertained.
- No Admission through Third party, Mediators or Agencies.

21st RANK
KIRF RANKING 2024
KIRF Kerala Institutional Ranking Framework

Accredited by NAAC "A" Grade (2023) ISO 9001:2015 Certified by TUV Rheinland.

One of the Top Ten Colleges in the World working hand to conserve aquatic endangered species.

Selected for FIST programme of DST, Star College of Dept. of Biotechnology, Govt of India.

### COLLABORATIONS & CAREER DESTINATIONS

Scan here for more details :

Helpline: +91 8330887772, 8330887774, +91 8330887775
Time: 08.00 AM to 05.00 PM (Office Time) website: www.alberts.edu.in






നാം,

നമ്മുടെ സഹോദരൻ, വരാപ്പുഴ മെത്രാപ്പോലീത്ത, ജോസഫ്
കളത്തിപ്പറമ്പിലിന്റെയും മെത്രാൻ പദവിയിലുള്ള ഇതര സഹോദരന്മാരുടെയും
ആഗ്രഹപ്രകാരം. അനേകം ക്രൈസ്തവ വിശ്വാസികളുടെ നന്മയ്ക്കുവേണ്ടി
വിശുദ്ധരുടെ നാമകരണത്തിനായുള്ള ഡികാസ്റ്ററിയുടെ
അംഗീകാരത്തെ തുടർന്ന്, നമ്മുടെ അപ്പസ്തോലിക അധികാരത്താൽ,
ധന്യ ദൈവദാസി
പരിശുദ്ധ കന്യകാമറിയത്തിന്റെ ഏലീശ്വ
(ഏലീശ്വ വാകയിൽ),
നിഷ്പാദുക കർമലീത്ത മൂന്നാം സഭയുടെ-ഇപ്പോൾ തെരേസ്യൻ കർമലീത്ത
സന്ന്യാസിനികൾ സ്ഥാപിക, ധ്യാനവും, അനാഥരും അശരണരുമായ
പെൺകുട്ടികളെ സ്വീകരിക്കുകയും അവർക്ക് വിദ്യാഭ്യാസം നല്കുകയും
ചെയ്യുന്ന ഉപവിപ്രവർത്തനങ്ങളും കോർത്തിണക്കി ജീവിക്കുകയും
ചെയ്തവളാകയാൽ, ഇനി മുതൽ "വാഴ്ത്തപ്പെട്ടവൾ" എന്നു
വിളിക്കപ്പെടുമെന്നും അവൾ സ്വർഗ്ഗപ്രാപ്തയായ ജൂലൈ മാസം 18 ാം
തീയതി, നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിലും രീതികളിലും
എല്ലാ വർഷവും തിരുനാൾ ആഘോഷിക്കാമെന്നും നിശ്ചയിച്ച്
പ്രഖ്യാപിക്കുന്നു.
പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ
ആമേൻ.
റോമിൽ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ നിന്ന്.
നമ്മുടെ അപ്പസ്തോലിക ശുശ്രൂഷയുടെ പ്രഥമ വർഷം,
വിശുദ്ധ വർഷമായ രണ്ടായിരത്തി ഇരുപത്തിയഞ്ചാമാണ്ടിൽ
ജപമാലരാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ
തിരുനാൾദിനമായ
ഒക്ടോബർ 7 ാം തീയതി നൽകപ്പെട്ടത്.



ലെയോ പതിനാലാമൻ പാപ്പാ.

Leo PP. XIV

# ജീവദീപ്തി

JEEVADEEPTHI

December 2025 Vol 15 Book 12



<u>രക്ഷാധികാരി</u>
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

<u>സഹരക്ഷാധികാരി</u>
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

<u>മാനേജിംഗ് എഡിറ്റർ</u>
ഫാ. യേശുദാസ് പഴമ്പിള്ളി

<u>പത്രാധിപർ</u>
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

<u>സഹപത്രാധിപർ</u>
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

<u>സർക്കുലേഷൻ മാനേജർമാർ</u>
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

<u>രൂപകല്പന</u>
ടാബി ജോർജ്ജ്

<u>ടൈപ്പ് സെറ്റ്</u>
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

<u>ഓഫീസ് മാനേജർ</u>
മാനുവൽ പൊടുത്തോർ

<u>പത്രാധിപസമിതി</u>
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



05







01


## Infant Jesus is our Catalist

*2016-ലെ ക്രിസ്മസ്സ് സന്ദേശം അയക്കുവാൻ ദിവംഗതനായ പോപ്പ് ഫ്രാൻസിസ് തിരഞ്ഞെടുത്ത ക്രിസ്*



## ധന്യ മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവിയിലേക്ക്

കേരള സഭയിലെ ആദ്യ സന്ന്യാസിനിയും സ്ത്രീകൾക്കായുള്ള കർമ്മലീത്താ നിഷ്പാദുക



07

## ചരിത്രത്തിനൊരു പുനർ വായന വാഴ്ത്തപ്പെട്ട മദർ ഏലീശ്വയിലൂടെ

ചരിത്രം വ്യാഖ്യാനമാണ് നടന്ന സംഭവങ്ങളുടെ. വ്യാഖ്യാനത്തിന് അടിസ്ഥാനം വീക്ഷണകോണാണ്.





## വൈപ്പിശേരിയും ഏലീശ്വാസദനവും

1831 ഒക്ടോബർ 15 ന് കുലീന കുടുംബമായ വൈപ്പിശ്ശേരിയിൽ ആണ് ഏലീശ്വയുടെ ജനനം.

08

സ്വർഗ്ഗരാജ്യത്തിന്റെ ഉപമയായി ........................................09
ദൈവത്തിന്റെ ഒരു പൊൻ തൂലിക ........................................12
വനിതകളുടെ ഉദയസൂര്യൻ........................................14
പ്രഥമ നവോത്ഥാന നായിക........................................17
ക്രിസ്മസ്: വചനം നമ്മിൽ ........................................29
പാലപ്പൂമണമുള്ള ക്രിസ്മസ് രാവ് ........................................32
ഉണ്ണീശോയ്ക്ക് ഒരു കത്ത്........................................34
പഴേ ടൈപ്പ് ക്രിസ്മസ് കെയ്ക്ക് ........................................36
ക്രിസ്മസ് ആൽബം ഗീതങ്ങൾ........................................39
താടിയുള്ള അപ്പൂപ്പൻ........................................40
ഭ്രമാൽമകം........................................42
ക്രിസ്മസ് പ്രതീകങ്ങൾ........................................44
വാർത്തകൾ........................................52
ബൈബിൾ വിചിന്തനം........................................54
പിൻമൊഴി........................................56

എഡിറ്റോറിയൽ



**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

# Infant Jesus is our Catalist



2016-ലെ ക്രിസ്മസ്സ് സന്ദേശം അയക്കുവാൻ ദിവംഗതനായ പോപ്പ് ഫ്രാൻസിസ് തിരഞ്ഞെടുത്ത ക്രിസ്തുമസ്സ് കാർഡ് 14-ാം നൂറ്റാണ്ടിൽ ജിയോട്ടോ ഡി. ബോൺഡോനോ വരച്ച അസ്സീസിയിലെ ഒരു പുൽക്കൂടിന്റെ ചിത്രമാണ്. ഇതിൽ രണ്ട് അമ്മമാർ ഉണ്ണിയേശുവിനെ കരങ്ങളിൽ വഹിക്കുന്നു. ഒന്ന് മാതാവിന്റെ കരങ്ങളിൽ വഹിക്കുന്ന ഉണ്ണിയേശു, രണ്ട് വയറ്റാട്ടിയുടെ കരങ്ങളിൽ വഹിക്കുന്ന ഉണ്ണിയേശു. യേശുവിന്റെ ദൈവികതയേയും മർത്ത്യതയേയും, സൂചിപ്പിക്കുന്നതാണ് ആ ചിത്രം. ഈ ചിത്രത്തിൽ ഫ്രാൻസീസ് പാപ്പ നൽകിയ വിശദീകരണം ഇപ്രകാരമാണ്. "യേശു നമുക്ക് അപരിചിതനല്ല സുപരിചിതനാണ്. അവിടുന്ന് നമുക്ക് നിത്യവും അനുനിമിഷവും നമ്മോടുകൂടെ ആയിരിക്കുന്നവൻ "ഇമ്മാനുവേൽ" 'ദൈവം നമ്മോടുകൂടെ' ഈ തിരിച്ചറിവാണ് ഓരോ ക്രിസ്തുമസ്സും.

ക്രിസ്മസ്സ് കൂട്ടായ്മയുടെയും സഹകരണത്തിന്റെയും വീണ്ടെടുപ്പാണ്. രക്ഷകന്റെ വരവിനായി ദൈവം, മറിയം മുതൽ പുൽക്കൂട്ടിലെ മിണ്ടാപ്രാണികളുടെ പോലും സഹായവും, സഹകരണവും ഉറപ്പിച്ചു. ക്രിസ്മസ്സ് ഒരാളുടെ ഒറ്റയ്ക്കുള്ള പ്രയാണമല്ല. മറിച്ച് കൂട്ടായ്മയുടെയും ഹൃദയങ്ങളുടെ ഐക്യത്തിന്റെയും ആഘോഷമാണ്.

സമ്മാനപ്പൊതികൾ തുറന്നല്ല ഈ ക്രിസ്മസ്സ് ആഘോഷിക്കേണ്ടത്. മറിച്ച് ഹൃദയം തുറന്നാണ് ക്രിസ്മസ്സ് ആഘോഷിക്കേണ്ടത്. വാങ്ങുന്നതല്ല കൊടുക്കുന്നതാണ് ക്രിസ്തുമസ്സ്. ഉണ്ണിയേശുവിനെ ലോകത്തിന് പ്രദാനം ചെയ്ത ദൈവത്തെ നാം മറന്നുപോകരുത്.


പുൽക്കൂട്ടിലെ ഉണ്ണി നമ്മളെ എന്ത് പഠിപ്പിക്കുന്നു? ആ ശിശു ഒരായുധവും ഏന്തിയില്ല, ഒരു സൈന്യത്തെയും നയിച്ചില്ല, ഒരു ശാസനയും പുറപ്പെടുവിച്ചില്ല. എന്നിട്ടും ഹേറോദേസ് രാജാവ് വിറച്ചു. അദ്ദേഹത്തിന്റെ ഉറക്കം നഷ്ടപ്പെട്ടു. കാരണം ഈ കുഞ്ഞിന്റെ ജനനം അന്നുവരെ നിലനിന്നിരുന്ന അടിസ്ഥാന തത്ത്വങ്ങളെ ചോദ്യം ചെയ്തു. ഈ കുഞ്ഞിലൂടെ ദൈവം ലോകത്തോട് പ്രഖ്യാപിച്ചു; അഹങ്കാരത്തിന്റെ മറുപടി വിനയമാണ്, ഭയത്തിന്റെ മറുപടി സ്നേഹമാണ്, സ്വയരക്ഷയുടെ മറുപടി ദാനമാണ്. അധികാരം, സമ്പത്ത്, സ്വാർത്ഥത എന്നിവയിൽ കെട്ടിപ്പടുത്ത നമ്മുടെ സ്വന്തം സാമ്രാജ്യങ്ങളെ ഈ കുഞ്ഞ് ചോദ്യം ചെയ്തുകൊണ്ടേയിരിക്കും.

ക്രിസ്തുമസ്സ് മധുരമായ ഓർമ്മപ്പെടുത്തൽ മാത്രമല്ല, ഇത് വിപ്ലവത്തിന്റെ വിളിയാണ്. യുദ്ധങ്ങളുടേയും, പട്ടിണിയുടേയും, ഭവനരഹിതരുടേയും, കരച്ചിലുകൾക്ക് യഥാർത്ഥമായ ആശ്വാസം പുൽക്കൂട്ടിലെ ഉണ്ണി നമ്മുടെ ഹൃദയത്തിൽ ജനിക്കുമ്പോഴാണ്.

ആഗതമാകുന്ന ക്രിസ്തുമസ്സിൽ പരസ്പരം സ്നേഹത്തിന്റെ ആശംസകൾ പങ്കുവെക്കാം. കേക്കിന്റെ മധുരംപോലെ പുൽക്കൂടിന്റെ ലാളിത്യംപോലെ ജീവിതം മധുരവും ലളിതവുമാകട്ടെ. സ്നേഹം നമ്മിൽ മനുഷ്യനായി പിറന്നതിന്റെ ഓർമ്മയായി നാടെങ്ങും ആഘോഷതിരികൾ തെളിയുന്ന ഈ വേളയിൽ **ഏവർക്കും ക്രിസ്തുമസ്സ് ആശംസകൾ.**

# ധന്യ മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവിയിലേക്ക്





ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
മെത്രാപ്പോലീത്ത

കേരള സഭയിലെ ആദ്യ സന്ന്യാസിനിയും സ്ത്രീകൾക്കായുള്ള കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയുടെ (റ്റി.ഒ.സി.ഡി-സി.റ്റി.സി.) സ്ഥാപികയുമായ ധന്യ മദർ ഏലീശ്വയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനം 2025 നവംബർ 8-ാം തീയതി ദൈവാനുഗ്രഹത്താൽ ഭംഗിയായി നടത്തപ്പെട്ടു. അന്നേദിവസം വൈകുന്നേരം 4.30 ന് പരിശുദ്ധ അമ്മയുടെ ദേശീയ തീർഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ വച്ച് നടത്തപ്പെട്ട സമൂഹ ദിവ്യബലിമധ്യേ, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായുടെ പ്രതിനിധി മലേഷ്യയിലെ പെനാങ്ങ് രൂപതയുടെ മെത്രാനായ അത്യുന്നത കർദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ് അനുഗൃഹീതമായ ഈ പ്രഖ്യാപനം നടത്തി. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി അഭിവന്ദ്യ ലെയോ പോൾദോ ജിറെല്ലി മെത്രാപ്പോലീത്ത, കർദ്ദിനാൾമാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, വൈദീകർ എന്നിവർ തിരുക്കർമ്മങ്ങൾക്ക് സഹകാർമ്മികരായി.

വരാപ്പുഴ അതിരൂപതയിലെ പുരാതന ഇടവകകളിൽ ഒന്നായ, ഓച്ചന്തുരുത്ത് കുരിശിങ്കൽ ഇടവകയിൽ വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന്, തൊമ്മൻ - താണ്ട ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യസന്താനമായാണ് ഏലീശ്വ ജനിച്ചത്. കൂനമ്മാവിലെ വാകയിൽ വത്തരുവിന്റെ വധുവായി, അന്നയെന്ന കുഞ്ഞിന്റെ അമ്മയായി, 21-ാം വയസ്സിൽ വിധവയായി, അതിനുശേഷം കളപ്പുരയിൽ പ്രാർത്ഥനയ്ക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും ധ്യാനനിർലീനതയിലും ജീവിച്ച്, കുരിശുമരണം വരെ അനുസരണമുള്ളവനായ ഈശോയുടെ ഒളിക്കപ്പെട്ട ജീവിതത്തോട് താദാത്മ്യം പ്രാപിച്ച മദർ ഏലീശ്വയെ കർമ്മലീത്തസിദ്ധി ഭാരതസ്ത്രീകൾക്കുവേണ്ടി ആദ്യമായി ഏറ്റുവാങ്ങുവാൻ ദൈവം അനുഗ്രഹിച്ചു. കേരള സഭയുടെ ചരിത്രത്തിൽ സുവർണ്ണശോഭ പരത്തിയ മദർ ഏലീശ്വ 1866 ഫെബ്രുവരി 13-ാം തീയതി കൂനമ്മാവിൽ സ്ത്രീകൾക്കായുള്ള കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (റ്റി.ഒ.സി.ഡി) സ്ഥാപിക്കുകയും കേരള സഭയിൽ ആദ്യമായി പെൺകുട്ടികൾക്കായി സ്കൂളും ബോർഡിംഗ് ഭവനവും അനാഥമന്ദിരവും ആരംഭിക്കുക വഴി സ്ത്രീ ശാക്തീകരണത്തിന് നിശ്ചിത തുടക്കം കുറിക്കുകയും ചെയ്തു. 24 വർഷങ്ങൾക്കുശേഷം 1890 സെപ്റ്റംബർ 17-ാം തീയതി

## ചിന്താകവിത; കവിതാ ചിന്ത

### *പുകവലി ആരോഗ്യത്തിന് ഹാനികരം!*

പ്രൗഢ വനിത മാഡം ഇസബെല്ല കാർയാത്ര വേണ്ടാ എന്നുവച്ച് ഒരു ലക്ഷ്വറി ബസ്സിൽ യാത്ര ചെയ്യുകയാണ്. നേരത്തേ ബുക്ക് ചെയ്തിരുന്നില്ല. അതിനാൽ, പുകവലിക്കാർക്കു റിസർവ് ചെയ്തിരിക്കുന്ന സീറ്റാണ് കിട്ടിയത്. പുകയും പുകവലിയും കടുത്ത അസഹ്യതയുണ്ടാക്കുന്ന പ്രകൃതമാണ് മാഡത്തിന്. തത്കാലം ആരും പുകവലിക്കുന്നില്ല. ആശ്വാസം. പ്രെയ്സ് ദ ലോർഡ്!

എന്നാൽ, തൊട്ടടുത്ത സീറ്റിലിരിക്കുന്ന മാന്യൻ പൈപ്പിൽ സിഗാർ നിറയ്ക്കുന്നതു കണ്ട് മാഡം അസ്വസ്ഥയായി. അയാൾ പൈപ്പു നിറച്ചുകഴിഞ്ഞ് ലൈറ്റർ എടുത്ത് തീ പിടിപ്പിക്കാൻ തുടങ്ങവേ, നുരഞ്ഞുപൊന്തിയ അമർഷമടക്കി സ്നേഹോപദേശത്തിന്റെ മയപ്പെട്ട മൃദുസ്വരത്തിൽ പറഞ്ഞു: സർ, പുകയുടെ രൂക്ഷഗന്ധം എനിക്ക് താങ്ങാനാവില്ല. മണം കേൾക്കുന്ന നിമിഷം, എനിക്കു ശ്വാസതടസ്സമുണ്ടാകും. പുക ശ്വസിച്ചാൽ, ഹാർട്ട് ബീറ്റ്, അറ്റ് ദി സെയിം ടൈം, ഷൂട്ടപ്പ് ചെയ്യും. ബോധം കെട്ട്, കൊളാപ്സ്ഡ് ആവാൻവരെ സാധ്യതയുണ്ട്!

ഇതിനകം ഒരു പഫ് എടുത്തു കഴിഞ്ഞ മാന്യൻ ഉപദേശിച്ചു: അപ്പോൾ മാഡം, വളരെ സൂക്ഷിക്കണം. ഡോണ്ട് സ്മോക്ക്. സ്മോക്കിങ് ഈസ് ഇൻജൂറിയസ് ടു ഹെൽത്ത്!

എന്നാറേ, മാഡം ഇസബെല്ല, ഒരു മോഹാലസ്യത്തിന്റെ ആദ്യഘട്ടം പിന്നിട്ടു കഴിഞ്ഞിരുന്നു.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി


റ്റി.ഒ.സി.ഡി. സന്ന്യാസിനീസഭ റീത്തടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ്സ് (സി.റ്റി.സി), കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ (സി.എം.സി) എന്നീ രണ്ടു സന്ന്യാസിനീ സഭകൾ രൂപം കൊണ്ടു.

വിഭജനശേഷം 55 ദിവസങ്ങൾ എറണാകുളം സെന്റ് തെരേസാസ് കോൺവെന്റിൽ താമസിച്ചതിനുശേഷം വരാപ്പുഴ അതിരൂപതയുടെ അന്നത്തെ മെത്രാപ്പോലിത്തയായിരുന്ന ഇറ്റാലിയൻ കർമ്മലീത്ത മിഷണറി, ആർച്ച്ബിഷപ്പ് ലെയൊനാർദോ മെല്ലാനൊ ഒ.സി.ഡി മദർ ഏലീശ്വയെയും സഹോദരിമാരെയും വരാപ്പുഴയിലേക്ക് ആഘോഷപൂർവ്വം സ്വീകരിച്ചു. വരാപ്പുഴ സെന്റ് ജോസഫ് കോൺവെന്റിൽ ശ്രേഷ്ഠ, നോവീഷ്യേറ്റ് ഗുരുനാഥ, അനാഥകുട്ടികളുടെ വാത്സല്യമുള്ള അമ്മ, തുടങ്ങി പല തലങ്ങളിലും സേവനം ചെയ്തശേഷം ശ്രേഷ്ഠയുടെ ഉത്തരവാദിത്വത്തിൽ നിന്നും മെത്രാപ്പോലീത്തയോട് ഒഴിവ് അപേക്ഷിച്ച് ശിഷ്ടകാലം ദിവ്യകാരുണ്യനാഥന്റെ മുൻപിൽ ധ്യാനവും പ്രാർഥനയുമായി ജീവിതം കഴിച്ചു. പരിശുദ്ധ അമ്മയുടെയും ഇശോയുടെയും തിരുനാമം നിരന്തരമായി ഉരുവിട്ടുകൊണ്ട് 1913 ജൂലൈ 18 വെള്ളിയാഴ്ച രാത്രി ഒമ്പതര മണിക്ക് തന്റെ 82-ാം വയസ്സിൽ മലയാളത്തിലെ ആദ്യ കന്യാസ്ത്രീയും സന്യാസസഭയെ ഉരുപ്പെടുത്തിയവളുമായ പരിശുദ്ധ മറിയത്തിന്റെ ഏലീശ്വാ കർത്താവിൽ നിദ്രപ്രാപിച്ചു.

*16-ാം നൂറ്റാണ്ടിൽ "ദൈവം മാത്രം മതി" എന്ന് ആവർത്തിച്ച അമ്മത്രേസ്യയുടെ പ്രബോധനങ്ങളുടെ സത്ത തന്നെയാണ് ഈ മഹാ വിശുദ്ധയുടെ തിരുനാൾ ദിനത്തിൽ ഭൂജാതയായ ഏലീശ്വാ മ്മയുടെ പഠനങ്ങളിലും നാം തെളിഞ്ഞു കാണുന്നത്. സമകാലികചരിത്രകാരനായ ബ്ര. ലെയോ പോൾഡ് ഒ.സി.ഡി. "പ്രപഞ്ചവിരക്ത, പ്രപഞ്ച പരിത്യാഗിനി" എന്നൊക്കെയാണ് മദർ ഏലീശ്വയെ വിശേഷിപ്പിക്കുന്നത്. ഈ ഭൂമിയുടേതായ ഒന്നിനും ഏലീശ്വാമ്മയുടെ മനസ്സിൽ ഇടമുണ്ടായിരുന്നില്ല. ക്രിസ്തുവിൽ മറഞ്ഞ് ജീവിച്ച്, ക്രിസ്തുവിന്റെ തിരുഹൃദയമാണ് ഏറ്റവും സുരക്ഷിതമായ സങ്കേതം എന്ന അനുഭവം മദർ ഏലീശ്വ തന്റെ നോട്ട് ബുക്കിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും പ്രതികൂലമായ സാഹചര്യങ്ങളിലും വിവേകമതിയായിരിക്കാൻ ഏലീശ്വാമ്മയ്ക്കു കഴിഞ്ഞു. ഈ ഭൂമിയുടേതായ എല്ലാം ഉപേക്ഷിക്കേണ്ടി വന്നപ്പോഴും ധൈര്യത്തോടെ സ്വർഗീയമായ നിക്ഷേപങ്ങൾ മാത്രം തേടി സന്ന്യാസപന്ഥാവിൽ വ്യക്തതയോടെ നിലയുറപ്പിച്ച ഏലീശ്വാമ്മ സമർപ്പിതർക്ക് ഉത്തമ മാതൃകയായി മാറി. കടന്നു പോകുന്ന എല്ലാറ്റിനോടുമുള്ള സമ്പൂർണമായ വിരക്തിയാണ് ഇതിന് ഏലീശ്വാമ്മയെ ശക്തയാക്കിയത്. സ്വർഗത്തിൽ നിധി കണ്ടെത്തിയ മനുഷ്യനെപ്പോലെ, നല്ല രത്നം കണ്ടെത്തിയ വ്യാപാരിയെപ്പോലെ തനിക്കുണ്ടായിരുന്നതെല്ലാം ത്യജിച്ച് അനശ്വരനിധിയായ ദൈവത്തെ സ്വന്തമാക്കിയ, *ദൈവത്തിന്റെ സ്വന്തമായ, ഏലീശ്വാമ്മ പറയുന്നു: "നമ്മുടെ സകല ആഗ്രഹങ്ങളുടെയും ഉറവിടം 'തമ്പുരാൻ' എന്ന മൂന്നക്ഷരങ്ങൾ മാത്രം ആയിരിക്കട്ടെ. മറ്റുള്ളവയെല്ലാം വ്യർഥമാണ്".*

ബാല്യം മുതൽ അന്ത്യശ്വാസം വരെ പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയിൽ മുഴുകി ജീവിച്ച്, ദൈവമാതൃഭക്തി മറ്റുള്ള വരിലേക്കും പകരുവാൻ ജീവിതം മുഴുവൻ അദ്ധ്വാനിച്ച പരിശുദ്ധ മറിയത്തിന്റെ ഏലീശ്വാമ്മ, പരിശുദ്ധ വല്ലാർപാടത്തമ്മയുടെ സന്നിധിയിൽ തന്നെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ട തിന്റെ പിന്നിലുള്ള ദൈവിക പദ്ധതിയിൽ നമുക്ക് ആനന്ദിക്കാം.

# ചരിത്രത്തിനൊരു പുനർ വായന
# വാഴ്ത്തപ്പെട്ട മദർ ഏലീശ്വയിലൂടെ



***ഡോ. അഗസ്റ്റിൻ മുള്ളൂർ*** *OCD*

**ഒരു പുനർ വായനയോ?**

ചരിത്രം വ്യാഖ്യാനമാണ് നടന്ന സംഭവങ്ങളുടെ. വ്യാഖ്യാനത്തിന് അടിസ്ഥാനം വീക്ഷണകോണാണ്. ഉപയോഗിക്കുന്ന വീക്ഷണകോൺ മുൻവിധിയുള്ളതായാൽ ചരിത്രവും വികലമാകും. ഇത്തരം മുൻവിധികളോടെ, സ്വാർത്ഥതാല്പര്യങ്ങളെ ലക്ഷ്യമാക്കി വികലമായും കപടമായും വ്യാഖ്യാനിച്ച് അവതരിപ്പിക്കപ്പെട്ട ചരിത്രമാണ് നമുക്ക് ലഭ്യമായിരിക്കുന്നത്. അവിടെ ചില വ്യക്തികളെ ഉയർത്താനും പുകഴ്ത്താനും വേറെ ചില വ്യക്തികളെ താഴ്ത്താനും ഇകഴ്ത്താനും ശ്രമം നടന്നിട്ടുണ്ട്. ആ പ്രക്രിയയിൽ അനീതിയ്ക്കും ചരിത്ര വസ്തുതകളുടെ തമസ്കരണത്തിനും ഇരയായി മാറിയ ഒരു വ്യക്തിയാണ് മദർ ഏലീശ്വ.

അനീതിയുടെ ഇരയായി തീർന്ന ഏലീശ്വാമ്മയെ കേന്ദ്രീകരിച്ച്, ഏലീശ്വാമ്മയുടെ വീക്ഷണകോണിലൂടെ ചരിത്രം ഒന്ന് വീണ്ടും വായിച്ചാലോ?

**ഏലീശ്വാമ്മ കഥ പറഞ്ഞാൽ...**

ചെറുപ്പത്തിലെ യേശുവുമായി പ്രണയബന്ധത്തിലായ എനിക്ക് വിവാഹിത ആയശേഷവും, അമ്മയായശേഷവും, വിധവയായശേഷവും, അടിസ്ഥാനപരമായി വേറെ ആർക്കും യേശുവിന്റെ സ്ഥാനം ഞാൻ കൊടുത്തിട്ടില്ല.

വിധവയായശേഷവും മകൾ വളർന്ന് പ്രായപൂർത്തിയായ ശേഷവും എന്റെ ചിന്തകളും ആഗ്രഹങ്ങളും പദ്ധതികളും യേശുവിൽ മാത്രം കേന്ദ്രീകരിച്ചു. സന്ന്യാസ ജീവിതത്തിനുള്ള ആഗ്രഹം തീവ്രമായപ്പോൾ അത് വിവേചിക്കേണ്ടതിന്റെ ആവശ്യം തിരിച്ചറിഞ്ഞപ്പോഴാണ് ഉപദേശക സഹായം വേണ്ടതായി അനുഭവിച്ചത്.

ബഹു. ലെയോ പോൾഡ് ബൊക്കാറോ അല്ലാതെ ആരും എന്റെ മനസ്സിൽ വന്നിട്ടില്ല. ചാവറ കുര്യാക്കോസച്ചന്റെ ചിന്ത ഒരു രൂപത്തിലും എന്റെ മനസ്സിൽ വന്നില്ല. അദ്ദേഹവുമായി എനിക്ക് നേരിട്ട് ഒരു ബന്ധവുമില്ലായിരുന്നു.

തുടർന്ന് ലെയോ പോൾ അച്ചനും ബെച്ചിനെല്ലി പിതാവും ചേർന്ന് നടത്തിയ ചർച്ചയിൽ കുര്യാക്കോസച്ചന് ഒന്നും ചെയ്യാനില്ലായിരുന്നു എന്നതാണ് ചരിത്ര സത്യം. ഞങ്ങൾ മൂന്നുപേരും അന്നയും, ത്രേസ്യയും സന്ന്യാസത്തിലേക്ക് കൈപിടിച്ച് കയറ്റപ്പെട്ടപ്പോൾ രണ്ടു വ്യക്തികളുടെ പേരുകൾ അങ്ങോട്ട് തിരികി കയറ്റിക്കൊണ്ട് വരുന്നത് അനീതിയും അസത്യവുമാണ്. ചാവറകുര്യാക്കോസച്ചനും സി. ക്ലാരയും രംഗത്ത് ഇല്ലതന്നെ. 4-ാം അംഗം വരുന്നത് സ്ഥാപനശേഷമാണ്.

ലെയോ പോൾഡച്ചൻ ഒരിക്കലും സ്ഥാപകനോ സഹ സ്ഥാപകനോ ആയി പ്രത്യക്ഷപ്പെട്ടിട്ടില്ല. എന്റെ ആഗ്രഹത്തെ തിരിച്ചറിഞ്ഞ് അത് പരീക്ഷിച്ച് പേറ്റി, പെറുക്കി, സത്ത് ഊറ്റിത്തെളിയാൻ സഹായിച്ച വ്യക്തിയാണ് അദ്ദേഹം. അദ്ദേഹം ബെച്ചിനെല്ലി പിതാവിനോട് കാര്യങ്ങൾ കൃത്യമായി പറഞ്ഞ് ഔദ്യോഗിക അംഗീകാരത്തിന് മാധ്യസ്ഥ്യം വഹിച്ച വ്യക്തിയാണ്. എന്നോടാണ് എല്ലാ കാര്യങ്ങളും ചോദിച്ചിരുന്നതും പറഞ്ഞിരുന്നതും. 4-ാം അംഗം സി. ക്ലാര വന്നപ്പോൾ അച്ചൻ എന്റെ അടുത്തേക്കാണ് സഹോദരിയെ കൊണ്ടു വന്നതും തിരഞ്ഞെടുപ്പ് നടത്താൻ ആവശ്യപ്പെട്ടതും. അപ്പോൾ ചാവറയച്ചന്റെയും ലെയോ പോൾഡച്ചന്റെയും ശിരസ്സിൽ ഈ ശീർഷകങ്ങൾ കയറ്റി വയ്ക്കുന്നത് വസ്തുതാവിരുദ്ധമാണ്.

വിഭജന സമയത്ത് എന്നെയും മറ്റു ലത്തീൻ സഹോദരികളെയും ഇറക്കിവിടുമ്പോൾ സഭ എന്തെല്ലാം നന്മകളാണ് അതുവഴി ഉദ്ദേശിച്ചതെങ്കിലും (കൂനമ്മാവ് ആശ്രമവും ഇടവകയും വരാപ്പുഴ അതിരൂപതയിൽ നിലനിർത്തുക) അതൊരു അനീതിപരമായ, വസ്തുതാവിരുദ്ധമായ ഒത്തുതീർപ്പാണ്. അതികഠിനമായ വേദനയുടെ മധ്യത്തിൽ ക്ഷമയും പ്രതിരോധ ശേഷിയും സഹിഷ്ണുതയും കാണിച്ചു. എങ്കിലും "അനീതി" വസ്തുനിഷ്ഠമായി അനീതി അല്ലാതാവില്ലല്ലോ.

സത്യം അറിയുകയും മനസ്സിലാക്കുകയും ചെയ്ത എന്റെ സഹോദരൻ ലൂയിസ് വൈപ്പിശ്ശേരി ടി.ഒ.സി.ഡി. (മഞ്ഞുമ്മൽ) എന്നോടൊപ്പം അനുഭവിച്ച വേദന ആർക്കും അറിയില്ല.

**നിറുത്തുമ്പോൾ:**

ദൈവത്തിന്റെ രഹസ്യാത്മകമായ വഴികളാണ് ഇവയെല്ലാം എന്നും എല്ലാം നന്മയ്ക്കായി സംഭവിക്കുന്നു എന്നുമുള്ള നിലപാടുകൾ ആത്മീയമായി സഹായകമെങ്കിലും, അനീതിയുടെ ഇരയായ എന്റെ "പക്ഷത്തുനിന്നൊരു" ചരിത്രവായനയ്ക്കും ആവശ്യമല്ലേ? ഇത്തരം ഒത്തുതീർപ്പുകൾ "ആത്മീയത" യുടെ പേരിലും ആവർത്തിക്കപ്പെടാതിരിക്കാൻ ജാഗ്രത കാട്ടണം.

# വൈപ്പിശേരിയും ഏലീശ്വാസദനവും



**സി. ജിലി ജോർജ്** *CTC*

1831 ഒക്ടോബർ 15 ന് കുലീന കുടുംബമായ വൈപ്പിശ്ശേരിയിൽ ആണ് ഏലീശ്വയുടെ ജനനം. തൊമ്മൻ-താണ്ട ദമ്പതികളുടെ എട്ടു മക്കളിൽ ആദ്യ സന്താനമായിരുന്നു ഏലീശ്വ. ജോസഫ്, വറീത്, ലൂയിസ്, ആന്റണി, തോമസ് എന്നിവരായിരുന്നു സഹോദരന്മാർ. ഇളയ സഹോദരിമാരിൽ ഒരാൾ ശൈശവത്തിൽ തന്നെ മരണമടഞ്ഞിരുന്നു. ഏലീശ്വയുടെ പ്രാർത്ഥനാ കേന്ദ്രീകൃതമായ വിരക്ത ജീവിതത്തിൽ ആകൃഷ്ടയായ ത്രേസ്യ ഏലീശ്വായുടെ കാരിസത്തിലും പങ്കുചേർന്നിരുന്നു. മാതാപിതാക്കന്മാരുടെ കർശനമായ അച്ചടക്കത്തിലാണ് ഏലീശ്വാ ചെറുപ്പം മുതൽ വളർന്നു വന്നത്. ഓച്ചംതുരുത്തിൽ ഇപ്പോഴുള്ള ജലസംഭരണിക്ക് വടക്കുവശത്ത് ആയിരുന്നു മദർ ഏലീശ്വായുടെ ഭവനം. അവിടെനിന്നും അധികം ദൂരത്ത് അല്ലാതെ ഏലീശ്വാമ്മയുടെ നാമത്തിൽ ഒരു മഠവും സ്ഥാപിതമായിട്ടുണ്ട്. ഏലീശ്വ സദനം എന്നാണ് ഈ മഠത്തിന് പേര് നൽകിയിരിക്കുന്നത്.

പത്തുവർഷമായി ഈ മഠം ഇവിടെ സ്ഥാപിതമായിട്ട്. ഏലീശ്വാമ്മയ്ക്ക് ശേഷമുള്ള നാല് തലമുറ പിന്നിട്ട വൈപ്പിശ്ശേരി കുടുംബാംഗങ്ങൾ ഓച്ചംതുരുത്തിൽ പലയിടങ്ങളിലായി താമസിക്കുന്നുണ്ട്. ഈ കുടുംബാംഗങ്ങൾ വൈപ്പിശ്ശേരി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസവും ഇവർ ഒരുമിച്ചു കൂടുകയും മദർ ഏലീശ്വയെക്കുറിച്ചും മറ്റുകാര്യങ്ങളും ചർച്ചാവിഷയം ആക്കുകയും ചെയ്യാറുണ്ട്. ഏലീശ്വാസദനം കോൺവെന്റിലെ ഇപ്പോഴത്തെ കമ്മ്യൂണിറ്റി ആനിമേറ്റർ സിസ്റ്റർ സെറാഫിൻ ഡേവിഡ്, കൂടെയുള്ള സഹോദരിമാരോടൊപ്പം വൈപ്പിശ്ശേരി ട്രസ്റ്റിലെ എല്ലാ കുടുംബാംഗങ്ങളെയും അവരവരുടെ ഭവനങ്ങളിൽ പോയി സന്ദർശിക്കുകയും ഏലീശ്വാമ്മയെക്കുറിച്ചുള്ള കൂടുതലായ വിവരങ്ങൾ അവരുമായി പങ്കുവയ്ക്കുകയും ചെയ്തു. ഇപ്പോൾ ഓരോ മാസവുമുള്ള ചർച്ചകളിൽ സിസ്റ്റേഴ്സും പങ്കെടുക്കുന്നുണ്ട്. കൂടാതെ 2025 ജൂലൈ 18-ന് അമ്മയുടെ ചർമവാർഷികത്തോടനുബന്ധമായി കോൺവെന്റിൽ നടത്തിയ ദിവ്യബലിയിൽ വൈപ്പിശ്ശേരി കുടുംബാംഗങ്ങളെ ക്ഷണിക്കുകയും എല്ലാവരും ഒന്നുചേർന്ന് ദിവ്യബലിയിൽ പങ്കുകൊണ്ട് ഏലീശ്വാമ്മയുടെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുകയും ചെയ്തു.



# സ്വർഗ്ഗരാജ്യത്തിന്റെ ഉപമയായി മാറിയ സ്ത്രീരത്നം



**സിസ്റ്റർ സൂസി കിണറ്റിങ്കൽ** *CTC*

മദർ ഏലീശ്വ വെല്ലുവിളികളിൽ ഇളകിയാടാത്ത ഉറച്ച അടിസ്ഥാനത്തിൽ ഭവനം പണിത വിവേകമതിയായ സന്ന്യാസിനിയാണ്. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ ദൈവത്തിൽ ആശ്രയിക്കുന്നവർ ഒരിക്കലും തളർന്നു വീഴില്ല എന്ന വചനം അക്ഷരാർത്ഥത്തിൽ ജീവിതത്തിൽ അനുഭവിച്ച സവിശേഷ വ്യക്തിയാണ് മദർ ഏലീശ്വ. യൂറോപ്പിൽ നിന്നും മയസ്ത്രേപിയേ എന്ന സന്ന്യാസിനീസമൂഹത്തിലെ സന്ന്യാസിനികളെ വരുത്തി കേരളക്കരയിൽ സന്ന്യാസിനീഭവനം സ്ഥാപിക്കുവാനും പെൺകുട്ടികളുടെ വിദ്യാഭ്യാസം ആരംഭിക്കുവാനും പദ്ധതിയിട്ട് പുത്തൻപള്ളിയിൽ ഉയർന്ന വേലിക്കെട്ടോടെ മഠത്തിനായി കെട്ടിടം പണിതു തുടങ്ങിയ ബെർണ്ണർദ്ദീൻ ബെച്ചിനെല്ലി മെത്രാപ്പോലീത്ത പിന്നീട് തദ്ദേശീയരായ ഏലീശ്വയുടെയും ത്രേസ്യയുടെയും അന്നയുടെയും പുണ്യജീവിതവും തയ്യാറെടുപ്പും അവരുടെ സാമ്പത്തിക ചുറ്റുപാടുകളും പഠിച്ചതിനു ശേഷം റോമിലുള്ള തന്റെ സുപ്പീരിയർ ജനറലിന് എഴുതുന്ന എഴുത്ത് ശ്രദ്ധേയമാണ്. "ഇവിടെ തന്റെ വികാരിയാത്തിൽ പുരുഷന്മാരെപ്പോലെ ധീരതയുള്ള സ്ത്രീകൾ ഉണ്ട്. അതിനാൽ ഇനി യൂറോപ്പിൽ നിന്നു സന്ന്യാസിനികളെ ആവശ്യമില്ല" എന്ന ബെച്ചിനെല്ലി മെത്രാപ്പോലീത്തയുടെ ആദ്യസാക്ഷ്യം ഏലീശ്വാമ്മയുടെ ധീര വ്യക്തിത്വത്തിന് ലഭിച്ച ആദ്യ മുദ്രയാണ്.

ധീരയായ മദറിന്റെ സ്ഥായിയായ വിനയഭാവത്തിൽ മിന്നിനിൽക്കുന്നത് ശാന്തത, സ്വച്ഛത, ക്ഷമാശീലം, നിശബ്ദത, സമാധാനപ്രിയം തുടങ്ങിയ സദ്ഗുണങ്ങളാണ്. മദർ ഏലീശ്വ യേശുവിൽ മറഞ്ഞിരിക്കാൻ ആഗ്രഹിച്ച് അതിനായി പൊൻവഴികൾ കണ്ടെത്തി ആ വഴിയിൽ സ്ഥിരതയോടെ മുന്നേറിയവളാണ്. അവളുടെ സ്ഥൈര്യത്തിന്റെ നിദാനം അവൾ ആ വഴിയിൽ ദിവ്യകുഞ്ഞാടിന്റെ കാലടികൾ മാത്രം തേടിയെന്നതാണ്. ദിവ്യകുഞ്ഞാടിന്റെ വഴിയേ ചരിക്കാൻ അത്യന്താപേക്ഷിതമായ കാര്യങ്ങളെപ്പറ്റി അവൾക്ക് തെല്ലും സംശയമില്ലായിരുന്നു. ഈ ലോകത്തിന്റെ സമ്പത്തും സുഖങ്ങളും സൗന്ദര്യവും ഒന്നും ശാശ്വതമല്ലെന്ന് വിശ്വാസവെളിച്ചത്തിൽ അവൾ ഗ്രഹിച്ചു. ആരാലും അറിയപ്പെടാതിരിക്കാനും മറഞ്ഞിരിക്കാനും ആഗ്രഹിച്ച അമ്മ, യേശുനാഥന്റെ ശൂന്യവത്കരണത്തിന്റെ മാർഗ്ഗേ ദിശാബോധത്തോടെ ചരിച്ചു. "എന്റെ ദൈവമേ, അങ്ങയെ അല്ലാതെ മറ്റ് യാതൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റൊന്നും എനിക്കു വേണ്ട" എന്ന് ചൊല്ലുക." *"ഞാൻ ഈ ആശ്രമത്തിൽ വന്നിരിക്കുന്നത് സന്തോഷങ്ങളെ വാരിപ്പുണരാനല്ല, പ്രത്യുത സഹനങ്ങളെ ഏറ്റുവാങ്ങാനാണ് എന്നും കൂടുതൽ സമ്പാദിച്ച് സുഖജീവിതം നയിക്കുവാനല്ല: ദാരിദ്ര്യത്തിന്റെ ജീവിതം പുൽകുവാനാണെന്നും, ബഹുമാനിക്കപ്പെടുവാനല്ല നിന്ദിക്കപ്പെടുവാനാണെന്നും, സ്വന്തം താൽപര്യങ്ങൾ അനുസരിച്ചു ജീവിക്കുവാനല്ല മറ്റുള്ളവർക്ക് വിധേയപ്പെടുന്നതിനാണെന്നും തന്നോടുതന്നെ കൂടെക്കൂടെ പറഞ്ഞുകൊണ്ടിരിക്കണം" എന്നാണ് ഏലീശ്വാമ്മ തന്റെ പുസ്തകത്തിൽ എഴുതിയിട്ടുള്ളത്.*

നാഥന്റെ തിരുക്കരങ്ങളിൽ വിനീത ഉപകരണമായി സ്വയം വച്ചുകൊടുക്കുന്ന എളിയ ജീവിതങ്ങളിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന ദിവ്യനാഥന്റെ മഹത്വം സ്വജീവിതത്തിൽ പ്രഘോഷിക്കാൻ അവൾ തന്റെ ജീവിതം മുഴുവൻ മാറ്റിവച്ചു. ആത്മാവിലും സന്ധിബന്ധങ്ങളിലും തുളച്ചുകയറുന്ന വചനത്തിന്റെ ശക്തിയറിഞ്ഞവൾ, കർമ്മലയിലെ ധീരപോരാളികളെപ്പോലെ ആത്മീയ യുദ്ധം നടത്തിയവൾ, പൊൻചരടുകളായ പുണ്യങ്ങളാൽ നാഥനോട് സ്വയം ബന്ധിക്കപ്പെടാൻ മാത്രം ആഗ്രഹിച്ച് സുവിശേഷത്തിലെ ഉപമയായി മാറിയ ജീവിതത്തിനുടമ, ഈ ലോകത്തിന്റെ കലർപ്പുകൾ ചേർന്ന



വെള്ളംകൊണ്ട് ആത്മാവ് മലിനമാക്കാതെ ആവൃതിയുടെ സ്വർഗ്ഗീയ ശാന്തതയിൽ ആഹ്ലാദിച്ചവൾ, സുവിശേഷത്തിലെ യേശുവിന്റെ പ്രബോധനങ്ങളുടെയും ഉപമകളുടെയും ഏതുകോണിൽനിന്നു വിശകലനം ചെയ്താലും ശോഭിച്ചു നിൽക്കുന്ന വ്യക്തിത്വമാണ് മദർ ഏലീശ്വയുടേത്.

മദർ ഏലീശ്വയുടെ ജീവിതം പുണ്യങ്ങൾ ആർജ്ജിച്ച് അവയിൽ ആഴത്തിൽ വേരൂന്നി, എളിമയുടെ, വിരക്തിയുടെ, ഉപവിയുടെ, ആത്മനൈർമല്യത്തിന്റെ നൂറുമേനി ഫലങ്ങൾ പുറപ്പെടുവിച്ച്, നിശ്ശബ്ദമായി കടന്നുപോയ ഒരു അനശ്വര പ്രയാണമായി കത്തോലിക്കാ സഭ ഇന്ന് മനസ്സിലാക്കുന്നു. സുവിശേഷത്തിലെ സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള എല്ലാ ഉപമകളും മദർ ഏലീശ്വയുടെ ജീവിതത്തിന്റെ ആകെത്തുകയായി വിവരിക്കാവുന്നതാണ്. പത്തു കന്യകമാരുടെ ഉപമയിൽ വിളക്ക് എടുത്തപ്പോൾ വിവേകത്തോടെ എണ്ണ കരുതിയ വിവേകമതിയായ കന്യകകളെക്കുറിച്ച് വിവരിച്ചുകൊണ്ട് ആത്മാവാകുന്ന വിളക്കിൽ എപ്പോഴും സ്നേഹത്തിന്റെ എണ്ണ കരുതണമെന്ന് മക്കളെ അമ്മ ഓർമ്മിപ്പിക്കുന്നു.

യേശുനാഥന്റെ വചനങ്ങൾ അന്നും ഇന്നും ശരിയായി ഗ്രഹിക്കുന്നവർ ചുരുക്കമാണ്. കാരണം ഈ വചനങ്ങൾ ശരിയായി ഗ്രഹിക്കണമെങ്കിൽ യേശുവുമായി പ്രത്യേക ബന്ധം സ്ഥാപിക്കണം. ഈ ബന്ധം നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും ചൂഴ്ന്നു നില്ക്കണം. ഈശോയ്ക്ക് പ്രഥമസ്ഥാനം നൽകണം. ഈശോ നമ്മുടെ വാക്കുകളെയും പ്രവൃത്തികളെയും വിചാരങ്ങളെയും ആഗ്രഹങ്ങളെയും ലക്ഷ്യങ്ങളെയും മാർഗ്ഗങ്ങളെയും നിയന്ത്രിക്കണം. ക്രിസ്തുനാഥന്റെ പ്രബോധനങ്ങൾ ഗ്രഹിക്കുന്നവർ ഒരിക്കലും പഴയ വഴികളിലൂടെ ചരിക്കില്ല. അവർ സ്വർഗ്ഗരാജ്യത്തിലേക്കുള്ള ഇടുങ്ങിയ വഴിയിലൂടെ, ക്രൂശിതന്റെ സ്വയംപരിത്യാഗത്തിന്റെയും പെസഹാരഹസ്യങ്ങളുടെയും വഴിയേ, ചരിച്ചു തുടങ്ങും. കുരിശിന്റെ വഴിയുടെ രക്ഷണീയ മൂല്യത്തെക്കുറിച്ചുള്ള അതിസ്വാഭാവിക ദർശനങ്ങളാൽ അവരുടെ ബുദ്ധിയും മനസ്സും ഹൃദയവും നിറഞ്ഞ് പ്രകാശം ചൊരിയും. അവർക്ക് പരിത്യാഗവും സഹനങ്ങളും രക്ഷയുടെ വലിയ അനുഭവമാകും. അവരുടെ ജീവിതങ്ങൾ സ്വർഗ്ഗരാജ്യത്തിലേക്ക് അനേകരെ ആകർഷിക്കുന്നു ഒരു ചൂണ്ടുപലകയായി വർത്തിക്കും. സ്വർഗ്ഗരാജ്യത്തിന്റെ ഫലദായകത്വം ദർശിക്കാവുന്ന ഒരു ഉപമയായി അവരുടെ ജീവിതങ്ങൾ എക്കാലവും പ്രഭ പരത്തും.

മദർ ഏലീശ്വയുടെ ജീവിതം ഇപ്രകാരം ദൈവവചനം ഫലമണിഞ്ഞ്, വചനത്തിൻ മുൻപിൽ അടിയറവച്ച്, ക്രിസ്തുവിൽ മറഞ്ഞ് ജീവിച്ചതിനാലാണ്. യേശുനാഥന്റെ വചനങ്ങൾ എല്ലാം വരാനിരിക്കുന്ന രാജ്യത്തിലെ നിധികളെയാണ് നമുക്ക് പരിചയപ്പെടുത്തുന്നത്. മദർ ഏലീശ്വയുടെ ജീവിതവും പ്രവർത്തനങ്ങളും കൈയെഴുത്തു പ്രതികളും വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാവുക, ഏലീശ്വാമ്മ പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ അതിസ്വഭാവിക തലം കണ്ട് ഗ്രഹിച്ചതുകൊണ്ടാണ് ലൗകിക സമ്പത്തിനോടും ലോക സുഖങ്ങളോടും അതീവ വിരക്തി പുലർത്തിയതും ലൗകിക സമ്പത്തിന്റെ ക്ഷണികതയെക്കുറിച്ച് പഠിപ്പിക്കുന്നതും. യേശുനാഥന്റെ പ്രബോധനങ്ങളുടെ തനിമ സ്വജീവിതത്തിൽ അനുഭവിച്ച് ആ പ്രബോധനങ്ങളുടെ ചൂളയിൽ ജീവിതം സ്ഫുടം ചെയ്ത് സുവിശേഷ മൂല്യങ്ങളുടെ അന്തസത്തയായ പരിത്യാഗത്തിന്റെയും പരസ്നേഹത്തിന്റെയും വിരക്തിയുടെയും പ്രഭ ജീവിതം മുഴുവനും സംവഹിച്ച് സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഒരു ഉപമയായി മാറിയതും.

മദർ ഏലീശ്വയുടെ ജീവിതത്തിന്റെ വാതിൽ വിശ്വാസത്തിൽ ദൈവത്തിലേക്ക് മാത്രം മുഴുവനായി തുറന്നിരുന്നു. ബൈബിളും ദൈവശാസ്ത്ര ഗ്രന്ഥങ്ങളും വായിക്കാനോ പഠിക്കാനോ ഉള്ള സാധ്യതകൾ വിരളമായിരുന്നിട്ടും മദർ ഏലീശ്വയ്ക്ക് വിശ്വാസവീക്ഷണത്തിൽ നിത്യമായതും ഉത്കൃഷ്ടമായതും വിവേചിച്ചറിയാൻ കഴിവു

ണ്ടായിരുന്നു. സമർപ്പിത ജീവിതത്തെക്കുറിച്ചും വ്രതങ്ങളെക്കുറിച്ചുമുള്ള മദറിന്റെ പ്രബോധനങ്ങൾ വ്യക്തമാക്കുന്നത് പരിശുദ്ധാത്മാവിന്റെ നിറവിൽ കരഗതമാകുന്ന ഈ അതിസ്വാഭാവിക ജ്ഞാനം തന്നെയാണ്. ഏലീശ്വാമ്മ തനിക്കുണ്ടായിരുന്ന ഭൗതിക സമ്പത്തെല്ലാം അനശ്വര നിധികൾക്കായി വച്ചുമാറുവാൻ നിരന്തരം ശ്രമിച്ചു. റ്റി.ഒ.സി.ഡി. സന്ന്യാസിനീ സഭയുടെ വിഭജനത്തിന്റെ അവസരത്തിൽ അവിടെ നിന്നു മാറി മറ്റെവിടെയെങ്കിലും സമർപ്പിത ജീവിതം തുടരാൻ മാത്രമാണ് ഏലീശ്വാമ്മ മെത്രാപ്പോലീത്തയോട് ആവശ്യപ്പെടുന്നത്. ഭൗമിക സമ്പത്തിനുവേണ്ടി വാദപ്രതിവാദങ്ങൾ ഉന്നയിക്കുകയോ നഷ്ടപരിഹാരം ആവശ്യപ്പെടുകയോ മറ്റുള്ളവരെ കുറ്റപ്പെടുത്തുകയോ ഒന്നും ചെയ്യുന്നില്ല. ലൗകിക സമ്പത്തിന്റെ ക്ഷണികത ഗ്രഹിച്ച് അലൗകിക സമ്പത്തിനുവേണ്ടി ഈ ഭൂമിയുടേതായ എല്ലാ സമ്പത്തും വിട്ടുകൊടുത്ത മദർ ഏലീശ്വയെ സമകാലീനർ വിശേഷിപ്പിച്ചത് "പ്രപഞ്ച പരിത്യാഗിനി," "പ്രപഞ്ച വിരക്ത" എന്നൊക്കെയാണ്. ഇതാണ് മദർ ഏലീശ്വ സ്വർഗ്ഗത്തിൽ സമ്പത്ത് കൂട്ടിവച്ചതിന്റെയും യഥാർത്ഥ യജമാനനെ മാത്രം സേവിച്ചതിന്റെയും ഉത്തമ ഉദാഹരണം.

ഏലീശ്വാമ്മ പറയുന്നത്, രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല. ആകയാൽ ലോകത്തെ ഉപേക്ഷിച്ച് ഈശോമിശിഹായോട് ഐക്യപ്പെട്ടുകൊണ്ട് "കർത്താവാണ് എന്റെ ഓഹരിയെന്നു നീ പാടുക." 25 ഏക്കറിലധികം ഭൂസ്വത്തും വസ്തുക്കളും ധനവും ഒക്കെയായി പുതിയ മഠപ്രവേശനം ചെയ്ത പിറ്റേദിവസം, തന്റെ മുൻപിൽ മുട്ടുകുത്തി മഠത്തിൽ ചേരാൻ അനുവാദം ചോദിച്ച സുറിയാനി സഹോദരിയോട് മദർ പറയുന്ന വാചകം ഏറെ ശ്രദ്ധേയമാണ്. "ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു; ഞങ്ങളിൽ ഒന്നുപോലെ കൂടപ്പിറപ്പിനേയും കൈക്കൊള്ളുവാനും ദൈവം തരുന്ന ഭിക്ഷ നാം കൈക്കൊണ്ടു പാർപ്പാൻ നന്മനസ്സായിരിക്കുന്നു."



യേശുനാഥൻ വാഗ്ദാനം ചെയ്ത സ്വർഗ്ഗീയ നിധികളുടെ മൂല്യം മനസ്സിലാക്കിയാൽ ഈ ലോകത്തിന്റെ സമ്പത്തെല്ലാം വെറും കുപ്പയാണെന്ന ബോധ്യമാണ് താൻ ഭിക്ഷക്കാരിയാണെന്ന പ്രസ്താവന നടത്താൻ മദറിനെ പ്രേരിപ്പിച്ചത്. യേശുവിനെപ്രതി ദരിദ്രയാകാനുള്ള കഴിവാണ് സ്വർഗ്ഗീയ നിധികൾ കരസ്ഥമാക്കുവാനുള്ള എളുപ്പമാർഗ്ഗം. യേശുനാഥൻ വാഗ്ദാനം ചെയ്യുന്ന നിത്യമായ സമ്പത്തിനാൽ ആകർഷിക്കപ്പെട്ട മദർ ലൗകിക സമ്പത്തിന്റെ മൂല്യം എണ്ണാൻ തയ്യാറായില്ല. മദർ ഏലീശ്വയുടെ നിക്ഷേപം സ്വർഗ്ഗത്തിലായിരുന്നതിനാൽ ഹൃദയവും ദൈവത്തിന്റെ അനശ്വര സമ്പന്നതയിൽ തന്നെയായിരുന്നു. തന്നെ അനുഗമിക്കാൻ വന്ന ധനികനായ മനുഷ്യനോട് യേശുനാഥൻ പറയുന്നു: "പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക, പിന്നെ വന്ന് എന്നെ അനുഗമിക്കുക, അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും" (മർക്കോ 10:21). ക്രിസ്തു ശിഷ്യത്വവും ധനവും ഒരുമിച്ചുപോകില്ല എന്നത് സുവ്യക്തമായ സുവിശേഷദർശനമാണ്. മദർ ഏലീശ്വ അത് വളരെ വ്യക്തമായി മനസ്സിലാക്കി എന്ന് അമ്മയുടെ ജീവിതവും പ്രബോധനവും സാക്ഷിയാണ്. സ്വന്തം മകൾ അന്ത്യവിശ്രമംകൊള്ളുന്ന ഭൂമി, തനിക്കും മകൾക്കുമായി വാകയിൽ തറവാട്ടിൽ നിന്നും ലഭിച്ച 25 ഏക്കറിലധികം നിലങ്ങളും പറമ്പുകളും തന്റെ സമ്പാദ്യവുമെല്ലാം ചെലവഴിച്ച് വളർത്തിക്കൊണ്ടുവന്ന മഠവും അനുബന്ധ കെട്ടിടങ്ങളും അടങ്ങുന്ന വളരെ ഏക്കറുകൾ ഉണ്ടായിരുന്ന മഠംവളപ്പ്, ഒന്നും അവിടം വിട്ടുപോരാൻ അവൾക്ക് പ്രതിബന്ധമായില്ല. സ്വർഗ്ഗരാജ്യത്തിലെ നിധികളെ പ്രതി ഈ ഭൂമിയിലെ സകലതും ഉപേക്ഷിച്ച് ക്രിസ്തു ശിഷ്യത്വത്തിന്റെ വില നമുക്ക് മനസ്സിലാക്കി തരുന്ന ഏലീശ്വാമ്മയുടെ ജീവിതം ഇനിയും വിശുദ്ധിയുടെ പടി കടന്ന് ആഗോള സഭയിൽ വണങ്ങപ്പെടാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

# ദൈവത്തിന്റെ ഒരു പൊൻ തൂലിക



*ഡോ. രതി മേനോൻ*

ഒരു വ്യക്തി അനുഗൃഹീതയാകുന്നത് ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും ലഭിച്ച് ജീവിതത്തെ വിശുദ്ധമായ ഒരു ലക്ഷ്യത്തിനു വേണ്ടി ഒരുക്കുമ്പോഴാണ്. ദൈവികമായ നിയമങ്ങളും മൂല്യങ്ങളും അനുസരിച്ച് ജീവിച്ച് ദൈവത്തിന്റെ സാന്നിധ്യം തന്റെ ഓരോ പ്രവൃത്തിയിലും അനുഭവിച്ച് സമാധാനം കൊള്ളുന്നവർ തീർച്ചയായും ദൈവത്തിന്റെ സമീപസ്ഥരാണ്.

ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ സന്യാസി സഭയായ TOCD യുടെ സ്ഥാപകയാണ് മദർ ഏലീശ്വ. മാത്രമല്ല കേരള കത്തോലിക്കാ സഭയുടെ കീഴിൽ ആദ്യമായി ഒരു പെൺ പള്ളിക്കൂടം സ്ഥാപിക്കുന്നതും അമ്മയുടെ നേതൃത്വത്തിലാണ്. ദൈവം അമ്മയെ അതിന് ഉപകരണമാക്കുകയായിരുന്നു. ലോകം അത്രയൊന്നും പുരോഗമിച്ചു എന്നു പറയാൻ കഴിയാത്ത 19-ാം നൂറ്റാണ്ടിൽ ഇതു സാധിതമാക്കാൻ ആ പുണ്യവതി പിന്നിട്ട മുൾവഴികളും അനുഭവിച്ച ഉള്ളുരുക്കങ്ങളും ചെറുതായിരുന്നില്ല. മോചനം സഹനത്തിലൂടെയാണെന്നും, യേശുവിലേക്കെത്തുവാൻ യത്നിക്കുന്നവർ ക്രൂശിതരായേക്കാം അല്ലെങ്കിൽ ക്രൂശിതരാകാൻ സന്നദ്ധരാകണം എന്നും ഗാഢമായി വിശ്വസിച്ചിരുന്ന അമ്മയെ സംബന്ധിച്ചിടത്തോളം ത്യാഗവും സഹനവും ഒട്ടും ബുദ്ധിമുട്ടുള്ള കാര്യമായിരുന്നില്ല.

വൈപ്പിൻകരയിലെ ഓച്ചംതുരുത്തിൽ പ്രസിദ്ധവും സമ്പന്നവുമായ വൈപ്പിശ്ശേരി തറവാട്ടിൽ 1831 ഒക്ടോബർ 15-നാണ് എലിസബത്ത് എന്ന മദർ ഏലീശ്വ ജനിച്ചത്. മൂത്ത മകളായതുകാരണം കുടുംബാംഗങ്ങൾ ചൊരിഞ്ഞ വാത്സല്യത്തിനും കരുണയ്ക്കും അളവില്ലായിരുന്നു. പെൺകുട്ടികളെ പുറത്തയച്ച് പഠിപ്പിച്ചിരുന്ന പതിവില്ലാത്തതിനാൽ, വീട്ടിൽതന്നെ പഠനസൗകര്യങ്ങൾ കുടുംബം ഒരുക്കിക്കൊടുത്തു. ചെറുപ്പം മുതലേ തന്റെ ചുറ്റുമുണ്ടായിരുന്ന ദുഃഖിതരിലും അവശരിലും കാരുണ്യം ചൊരിയുന്നതിൽ ഏലീശ്വാമ്മ പരമാർത്ഥ സ്വഭാവുമുള്ളവളും ആർക്കും എന്ത് ഉപകാരവും ചെയ്തു കൊടുക്കാൻ പ്രവണതയുമുള്ള പ്രകൃതക്കാരിയുമായിരുന്നു. അതിലുപരിയായി ഉപവിപ്രവൃത്തികൾ ചെയ്യുന്നത് അവർക്ക് ആനന്ദകരമായിരുന്നു എന്ന് ഏലീശ്വാമ്മയുടെ ഇളയ സഹോദരൻ ഫാ. ലൂയിസ് TOCD സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അന്നത്തെ പതിവു രീതിയനുസരിച്ച് പതിനാറു വയസ്സായപ്പോൾ ഏലീശ്വാമ്മയെ കൂനമ്മാവിലെ സമ്പന്ന കുടുംബാംഗമായ വാകയിൽ വാത്തരുവിന് വിവാഹം ചെയ്തു കൊടുത്തു. സന്ന്യാസ ജീവിതമാണ് താൻ കാംക്ഷിക്കുന്നതെന്ന് ഏലീശ്വാമ്മ കുടുംബാംഗങ്ങളോട് സൂചിപ്പിച്ചുവെങ്കിലും, കേരളത്തിൽ ഒരു സന്ന്യാസിനീ മഠം ഇല്ലെന്ന കാരണം ചൂണ്ടിക്കാട്ടി പിതാവ് അത് നിരുത്സാഹപ്പെടുത്തുകയായിരുന്നു. ഒരുപക്ഷേ ഇതാകാം കേരളത്തിൽ ഒരു സന്ന്യാസിനീ മഠം സ്ഥാപിക്കുക എന്ന ഉൾവിളി ഏലീശ്വാമ്മയെ പ്രബലമാക്കിയത്. വിവാഹം എന്ന കൂദാശ ജീവിതവിശുദ്ധീകരണത്തിന് അനിവാര്യമായ കൃപ ലഭിക്കുന്നതിന് യേശു ഭൂമിയിൽ സ്ഥാപിച്ച വഴിയാണെന്ന വിശ്വാസത്തിൽ ഏലീശ്വാമ്മ അതിൽ പ്രവേശിക്കുകയും തന്റെ ദാമ്പത്യ കർമ്മങ്ങൾ ഒരു വിപ്രതിപത്തിയുമില്ലാതെ നിർവ്വഹിക്കുകയും ചെയ്തു.

എന്നാൽ ദൈവത്തിന്റെ പദ്ധതി മറ്റൊന്നായിരുന്നു. 1850-ൽ വത്തരു-ഏലീശ്വ ദമ്പതികൾക്ക് അന്ന എന്ന കുഞ്ഞു പിറന്നു. അതിന് ഒന്നരവയസ്സായപ്പോൾ വത്തരു രോഗബാധിതനായി മരണമടഞ്ഞു. അന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ വിധവയുടെ ജീവിതം തുലോം ദുഷ്കരമാകകൊണ്ട് ഏലീശ്വയെ പുനർ വിവാഹത്തിന് വീട്ടുകാർ പ്രേരിപ്പിച്ചു. എന്നാൽ "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തിയാണ് (കൊറി 1:28) എന്ന വചനം ഉൾക്കൊണ്ട് ഇതാ കർത്താവിന്റെ ദാസി നിന്റെ ഹിതം എന്നിൽ നിറവേറട്ടെ എന്ന് പ്രാർത്ഥിച്ച് ഏലീശ്വാമ്മ ദൈവത്തിന് സ്വയം സമർപ്പിച്ചു.

വലിയ ഭൂസ്വത്ത്

*വിവാഹം എന്ന കൂദാശ ജീവിതവിശുദ്ധീകരണത്തിന് അനിവാര്യമായ കൃപ ലഭിക്കുന്നതിന് യേശു ഭൂമിയിൽ സ്ഥാപിച്ച വഴിയാണെന്ന വിശ്വാസത്തിൽ ഏലീശ്വാമ്മ അതിൽ പ്രവേശിക്കുകയും തന്റെ ദാമ്പത്യ കർമ്മങ്ങൾ ഒരു വിപ്രതിപത്തിയുമില്ലാതെ നിർവ്വഹിക്കുകയും ചെയ്തു.*

കൈകാര്യം ചെയ്യുക എന്നത് എളുപ്പമുള്ള കാര്യമായിരുന്നില്ല. ആ പ്രവൃത്തിക്കിടയിലും അവർ കിട്ടുന്ന സമയം മുഴുവൻ ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകി. അശരണരുടെ ദുഃഖം തന്നാലാവും വിധം അകറ്റാനും അവർ ശ്രമിച്ചു. കുഞ്ഞ് അന്നയും അമ്മയുടെ വഴി സ്വീകരിച്ചു. മാളിക വീട്ടിലെ വാസം പ്രാർത്ഥനയ്ക്കും ധ്യാനത്തിനും വേണ്ട സമയ സൗകര്യങ്ങൾ തരുന്നില്ല എന്ന തോന്നൽകൊണ്ട് അവർ ലളിത ജീവിതത്തിനായി ഭർതൃസഹോദരന്റെ സഹായത്തോടെ അവിടത്തെ കളപ്പുരയിലേക്ക് താമസം മാറ്റി. കളപ്പുരയിൽ നിന്ന് അവർ ഒരു പനമ്പു മഠത്തിലേക്ക് താമസം മാറാൻ നിശ്ചയിച്ചു. തന്റെ വികാരിയച്ചൻ ഒരു സന്ന്യാസിനീ മഠം സ്ഥാപിക്കണമെന്ന ബർണഡിൻ മെത്രാപ്പോലീത്തയുടെ ആഗ്രഹം ഇവരിലൂടെ സാധിതമാകുകയായിരുന്നു. *സ്വയം സമർപ്പിക്കുക മാത്രമല്ല അവർ മൂന്നുപേരും അവർക്കു പൈതൃകമായി ലഭിച്ച സ്വത്തുക്കളും സഭയ്ക്കു നൽകി. 1866 ഫെബ്രുവരി 13-ന് കൂനമ്മാവ് പള്ളിയിൽ പ്രാർത്ഥനയും കുർബാനയും കഴിഞ്ഞ് അവർ പനമ്പു മഠത്തിൽ TOCD സഭയ്ക്ക് തുടക്കം കുറിച്ചു. 1868-ൽ ലിയോ പോൾഡ് റൂപ്പച്ചന്റെ ഇംഗിതപ്രകാരം പെൺകുട്ടികൾക്ക് പഠിക്കാനും സ്വയം ഒരു തൊഴിൽ കണ്ടെത്താനും സൗകര്യമൊരുക്കുക എന്ന ആശയത്തിനും അവർ സാക്ഷാത്കാരം നൽകി.*


റീത്ത് വിഭജനത്തെ തുടർന്ന് 1896-ൽ ഏലീശ്വാമ്മയടക്കം അഞ്ചു സന്ന്യാസിനികളും രണ്ടു നോവിസുകളും കൂനമ്മാവിൽ നിന്ന് പോന്നു. 1899 നവംബർ 10-ാം തീയതി വരാപ്പുഴ ആശ്രമ ദേവാലയത്തിനോടനുബന്ധിച്ച മഠത്തിൽ സി.റ്റി.സി. സഭ പ്രവർത്തനമാരംഭിച്ചു. 1891-ൽ സിറ്റിസി സഭയുടെ കീഴിൽ തുടങ്ങിയ ഒരു സ്കൂളിൽ നിന്ന് ഇന്ന് സഭയ്ക്കു കീഴിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇന്ന് സഭയ്ക്കുള്ളിൽ 1227 കോൺവെന്റുകളുണ്ട്. അവയ്ക്കു കീഴിൽ നൂറിലധികം സ്കൂളുകൾ, മൂന്ന് കോളേജുകൾ, ഏഴു പ്രൊഫഷണൽ കോളേജുകൾ, നാല് ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ, ടിബി സാനിറ്റോറിയങ്ങൾ, ഡിസ്പെൻസറികൾ, വയോജന മന്ദിരങ്ങൾ, സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ, വനിതാ ഹോസ്റ്റലുകൾ, പുനരധിവാസ കേന്ദ്രങ്ങൾ, പകൽവീടുകൾ, പ്രാർത്ഥനാ കേന്ദ്രങ്ങൾ എന്നിവ സജീവമായി പ്രവർത്തിക്കുന്നു. 159 കൊല്ലത്തിനുള്ളിൽ ഏലീശ്വാമ്മയുടെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണ് സഭയ്ക്ക് ഇത്രയധികം ഉൽക്കർഷം ഉണ്ടായത് എന്ന കാര്യത്തിൽ തർക്കമില്ല.

ഇത്തരത്തിൽ വളർച്ചയുടെ പടവുകൾ കയറിയത് ഒട്ടും എളുപ്പമായിട്ടായിരുന്നില്ല. ഒരുപാട് സഹനങ്ങൾ ഏലീശ്വാമ്മ നേരിട്ടിട്ടുണ്ട്. തന്റെ മകളും അനുയായിയുമായിരുന്ന അന്നയുടെ അകാല മരണം, കൈത്താങ്ങായിരുന്ന സഹോദരിയുടെ മരണം എല്ലാം എലീശ്വാമ്മയ്ക്ക് കനത്ത ആഘാതം സൃഷ്ടിച്ചു. റീത്ത് വിഭജനത്തിനു ശേഷം സംഭവിച്ച നിസ്വത മറ്റൊരു പ്രഹരമായിരുന്നു. എന്നാൽ ഇവയെല്ലാം സമചിത്തതയോടെയും ശാന്തതയോടെയും പ്രകോപനം തീരെയില്ലാതെയും നേരിട്ട ഏലീശ്വാമ്മ 1913 ജൂലൈ 18-ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

എഴുത്തിന്റെയും വായനയുടെയും ലോകം സ്ത്രീകൾക്കും അപ്രാപ്യമായിരുന്ന ഒരു കാലത്ത്, ഏറെ ദീർഘ ദർശനത്തോടും അക്കൂട്ടർക്ക് വിദ്യാഭ്യാസം നൽകി വ്യക്തി, കുടുംബം, സമൂഹം, രാജ്യം എന്നീ തലങ്ങളുടെ അഭിവൃദ്ധി കാംക്ഷിച്ച ആ മഹതി 2008 മെയ് 30-ന് ദൈവദാസിയായും 2025-ൽ വാഴ്ത്തപ്പെട്ടവളായും പ്രഖ്യാപിക്കപ്പെടുമ്പോൾ നിരവധി സങ്കടക്കടലുകളുടെ മുന്നിൽ നിന്ന് "ഇതാ അങ്ങയുടെ ദാസി, നിന്റെ ഇഷ്ടംപോലെ എല്ലാം" എന്നു വിശ്വസിച്ചു മുന്നോട്ടു പോയ ഒരു ശക്തയായ സ്ത്രീയാണ് ആദരിക്കപ്പെട്ടിരിക്കുന്നത്



# മദർ ഏലീശ്വ:
# വനിതകളുടെ ഉദയസൂര്യൻ



***ഫാ. ആന്റണി ചെറിയകടവിൽ***

മഞ്ഞുമ്മൽ, ഏലൂർ, തൃപ്പൂണിത്തുറ മുതൽ പടിഞ്ഞാറോട്ട് അറബിക്കടലായിരുന്നു. കാലാകാലങ്ങളിൽ അറബിക്കടൽ വച്ചുതന്ന ഒരു അനുഗ്രഹക്കരയാണ്, ഏഷ്യയിലെ ഏറ്റവും ജനവാസമുള്ള ദ്വീപായ വൈപ്പിൻ. 1341-ലെ കേരള മഹാപ്രളയകാലത്ത് പെരിയാർ നദി രണ്ടായി പിളരുകയും ഒന്ന് പറവൂർക്കും, രണ്ടാമത്തേത് ചങ്ങനാശ്ശേരിക്കും പോകുകയും ചെയ്തു. ഈ പ്രളയത്തിൽ ഉയർന്നുവന്ന രണ്ട് കരകളാണ് വൈപ്പിനും, ചങ്ങനാശ്ശേരിയും. വൈപ്പിൻകരയിലെ ഒരു പുരാതന ഇടവകയാണ് ഓച്ചംതുരുത്ത്, കുരിശുങ്കൽ ക്രൂസ്മിലാഗ്രസ്. വൈപ്പിൻകരയിൽ കത്തോലിക്കാ വിശ്വാസത്തിന്റെ വിത്തുവിതച്ചതും വളർത്തിയെടുത്തതും പോർച്ചുഗീസ് മിഷണറിമാരാണ്.

**ഏലീശ്വയുടെ ഇടവക അത്ഭുതചരിത്രം**

പോർച്ചുഗീസ് രാജാവ് സെബാസ്റ്റ്യന്റെ ഭരണകാലത്ത് (1554-1578) പോർച്ചുഗീസ് കപ്പിത്താൻ ദിയാഗോ ദെ മെനേസിസും കൂട്ടരും കച്ചവടത്തിനായ്, 1573 ഫെബ്രുവരിയിൽ കൊച്ചിയിലേക്ക് യാത്രയായി. കൊച്ചി കടൽ തീരത്തെത്തിയപ്പോൾ, രൂക്ഷമായ കടൽക്ഷോഭം ഉണ്ടാവുകയും കപ്പിത്താനും കൂട്ടരും കപ്പൽ മുങ്ങി മരിക്കും എന്ന അവസ്ഥ ഉണ്ടാവുകയും ചെയ്തു. ഉറച്ച കത്തോലിക്ക വിശ്വാസികളായിരുന്ന അവർ, കടലിനെ ശാന്തമാക്കിയ കർത്താവിനെ ധ്യാനിച്ചുകൊണ്ട്, കപ്പലിലുണ്ടായിരുന്ന ഒരു വലിയ കുരിശ്, കാറ്റുംകോളും മൂലം ഇളകിമറിയുന്ന കടലിലേക്കെറിഞ്ഞു. പൊടുന്നനെ കടൽ ശാന്തമായി. കടലിലെ മുങ്ങിമരണത്തിൽ നിന്നും, കപ്പിത്താനും കൂട്ടരും അത്ഭുതകരമായി രക്ഷപ്പെട്ടു. കടലിനെ ശാന്തമാക്കിയ അത്ഭുതകുരിശ് തീരംചേർന്ന തെക്കൻ മാലിപ്പുറത്ത്, കപ്പിത്താനും കൂട്ടരും ഓലകൊണ്ട് ഒരു ജപാലയം നിർമ്മിക്കുകയും 1573 സെപ്തംബർ 14-ന്, കേശവരാമവർമ്മ കൊച്ചി ഭരിക്കുന്ന കാലത്ത് (1565-1601), അത്ഭുതകുരിശ്, ജപാലയത്തിൽ ഏറ്റവും ഉയർന്ന സ്ഥാനത്ത്, ആഘോഷമായി പ്രതിഷ്ഠിക്കുകയും ചെയ്തു. ജനങ്ങൾ എണ്ണവിളക്ക് കൊളുത്തി പ്രാർത്ഥിക്കുവാൻ തുടങ്ങി. എണ്ണമറ്റ അനുഗ്രഹങ്ങൾ ജനങ്ങൾക്ക് ലഭിച്ചിരുന്നു. ഇതാണ് കുരിശുങ്കൽ പള്ളിയുടെയും ഇടവകയുടെയും ആരംഭം. പോർച്ചുഗീസ് ഭാഷയിൽ അത്ഭുത കുരിശ് എന്നർത്ഥമുള്ള ക്രൂസ് മിലാഗ്രിസ് എന്ന് ഈ ജപാലയത്തിന് പേരിട്ടു. കപ്പിത്താൻ സ്ഥാപിച്ച ജപാലയമായതുകൊണ്ട് കപ്പിത്താൻ പള്ളിയെന്നും, കപ്പിത്താൻ പ്രതിഷ്ഠിച്ച കുരിശായതുകൊണ്ട്, കപ്പിത്താൻ കുരിശ് എന്നും, ജനങ്ങൾ വിളിക്കുവാൻ തുടങ്ങി. ക്രമേണ കപ്പിത്താൻ കുരിശു പള്ളി എന്നും പേരുണ്ടായി.

1676-ൽ ഡച്ചുകാരുടെ കീഴിൽ വീരകേരളവർമ്മ അഞ്ചാമൻ (1663-1687), കൊച്ചിരാജാവായിരുന്ന കാലത്ത് ഉണ്ടായ സുനാമിയിൽ ജപാലയം ഒഴുകിപ്പോയെങ്കിലും, അത്ഭുതകുരിശ് സമീപവാസികൾ സംരക്ഷിച്ചു. വീണ്ടും മറ്റൊരു ഭജനാലയം പനമ്പുകൊണ്ടു നിർമ്മിക്കുകയും, അത്ഭുതകുരിശ് അതിൽ ഭക്തിപുരസ്സരം പ്രതിഷ്ഠിക്കുകയും ചെയ്തു.

1854-ൽ ബ്രിട്ടീഷുകാരുടെ കീഴിൽ രവിവർമ്മ നാലാമൻ (1853-1864) കൊച്ചിരാജാവായിരുന്ന കാലത്ത് അതിശക്തമായ കടലാക്രമണം ഉണ്ടാവുകയും പനമ്പുകൊണ്ടുള്ള ഭജനാലയവും അത്ഭുതകുരിശും ഒഴുകിപ്പോകുകയും ചെയ്തു. അത്ഭുതകുരിശ് കാണാതായെങ്കിലും, ഇപ്പോഴത്തെ പള്ളിക്ക് പിന്നിലായും സെമിത്തേരിയോട് ചേർന്ന് പടിഞ്ഞാറു ഭാഗത്തായി പലകകൊണ്ട് പള്ളി നിർമ്മിച്ചു. അത്ഭുതകുരിശിനോടുള്ള ഭക്തിയും പ്രാർത്ഥനയും തുടരുകയും ചെയ്തു. കുരിശിന്റെ തിരുനാൾ കൂടുതൽ ഭക്തിയോടെ ആഘോഷിച്ചുപോന്നു. ഓച്ചംതുരുത്തിന്റെ തെക്കേയറ്റത്ത് കിഴക്കുഭാഗത്തായി വളവുപുഴ എന്നറിയപ്പെട്ടിരുന്ന ഒരു നദി ഉണ്ടായിരുന്നു. ഈ വളവുപുഴയിൽ വീട്ടുസാധനങ്ങൾ കഴുകാൻ വന്ന ഇച്ചീര എന്നു പേരുള്ള ഒരു അക്രൈസ്തവ സ്ത്രീ ഈ നദീതീരത്തടിഞ്ഞ അത്ഭുതകുരിശ് കണ്ടെത്തുകയും 1854-ൽ ഈ അത്ഭുതകുരിശ്, അതീവ ഭക്തിയോടെ ആർഭാടപൂർവം പലകപ്പള്ളിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

കാലപ്പഴക്കംമൂലം ജീർണ്ണിച്ച പലകപ്പള്ളിക്കു പകരം, കടൽക്ഷോഭത്തിൽനിന്ന് ഏറ്റവും



സുരക്ഷിതമായ സ്ഥലത്ത് ഇപ്പോഴത്തെ മനോഹരമായ കല്ലുകൊണ്ടുള്ള പള്ളി നിർമ്മിക്കുവാൻ ജനങ്ങൾ തീരുമാനിച്ചു. രാമവർമ്മ 15-ാമന്റെ കാലത്ത് (1895-1914) വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ബർണാർഡ് അർഗ്വിൻ, 1905 മെയ് 3-ാം തീയതി, ഇപ്പോഴത്തെ പുതിയ പള്ളിയുടെ ശിലാസ്ഥാപനം ആഘോഷമായി നിർവ്വഹിച്ചു. പോർച്ചുഗീസ് വാസ്തുശില്പ മാതൃകയിലാണ് ഈ ദൈവാലയം പണിതുയർത്തിയിട്ടുള്ളത്. 1930 മെയ് 26-ന്, രാമവർമ്മ 16-ാമന്റെ ഭരണകാലത്ത് (1914-1932) വരാപ്പുഴ അതിരൂപതയുടെ അവസാനത്തെ വിദേശീയ മെത്രാപ്പോലീത്ത, ഡോ. എയ്ഞ്ചൽ മേരി (1915-1932) വൻജനാവലി സാക്ഷിയായി, കുരിശാകൃതിയിലുള്ള, 3 മുകപ്പുകളുള്ള, ആ പ്രൗഢഗംഭീര ദൈവാലയം ആശീർവദിച്ചു. പ്രാർത്ഥനയ്ക്കായി വിശ്വാസികൾക്ക് തുറന്നുകൊടുത്തു. ഈ ദൈവാലയ ആശീർവാദം ഡോ. എയ്ഞ്ചൽ മേരി പിതാവ് ഇറ്റലിയിലേക്ക് തിരികെ പോകുന്നതിനു മുമ്പുള്ള പിതാവിന്റെ അവസാന പൊതു കർമ്മമായിരുന്നു. പലകപ്പള്ളിയുടെ കുരിശടിയായി സ്ഥാപിച്ചിരുന്ന കരിങ്കൽ കുരിശ്, പുതിയ പള്ളിയുടെ കുരിശടിയായി 1940 സെപ്തംബർ 1-ാം തീയതി, ചർച്ച് ലൈനിന്റെ വടക്കുവശത്ത് മാറ്റി സ്ഥാപിച്ചു.

**കപ്പിത്താൻ പള്ളിയും ഏലീശ്വയും**

1676-ൽ ആണ് പനമ്പുകൊണ്ടുള്ള രണ്ടാമത്തെ ജപാലയം നിർമ്മിക്കുന്നത്. പനമ്പുകൊണ്ടുള്ള ജപാലയം കടലാക്രമണത്തിൽ ഒലിച്ചുപോയപ്പോൾ, 1854-ൽ ആണ് പലകകൊണ്ടുള്ള ജപാലയം നിർമ്മിച്ചത്. ഇപ്പോഴത്തെ കല്ലുകൊണ്ടുള്ള ദൈവാലയ നിർമ്മാണം ആരംഭിക്കുന്നത് 1905-ലും, നിർമ്മാണം പൂർത്തിയാകുന്നത് 1930-ലും ആണ്. *ഏലീശ്വ ജനിക്കുന്നത് 1831-ലും അന്തരിക്കുന്നത് 1913-ലും. ഏലീശ്വയുടെ ജ്ഞാനസ്നാനവും ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപന കൂദാശാ സ്വീകരണവും പനമ്പുകൊണ്ടുള്ള പള്ളിയിലാണ് നടക്കുന്നത്. പനമ്പുപള്ളിയിൽ തന്നെയാണ് ഏലീശ്വയുടെ വിവാഹവും ആശീർ വദിച്ചിട്ടുള്ളത്. പുതിയ പള്ളിയുടെ നിർമ്മാണം നടക്കുന്ന അവസരത്തിലാണ് ഏലീശ്വ അന്തരിക്കുന്ന്. ഏലീശ്വയുടെ സഹോദരൻ ഫാ. ലൂയിസ് വൈപ്പിശ്ശേരി ഇപ്പോഴത്തെ കല്ലുകൊണ്ടുള്ള പള്ളിനിർമ്മാണത്തെപ്പറ്റിയും ഏലീശ്വായുടെ മരണത്തെപ്പറ്റിയും അച്ചൻ എഴുതിയ "മൃതസജ്ജീവനി, കപ്പിത്താൻ കുരിശുപള്ളിയുടെ ചരിത്രം" എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. നീണ്ട 24 വർഷമെടുത്തു. ഇപ്പോഴത്തെ കല്ലുകൊണ്ടുള്ള പള്ളിപണി പൂർത്തിയാക്കാൻ. പള്ളി ആശീർവദിക്കുന്നതിന് 17 വർഷം മുമ്പ് ഏലീശ്വ അന്തരിച്ചു. തന്റെ ഇടവകയിൽ അതിമനോഹരമായ ഒരു ദൈവാലയം ഉയർന്നുവരുന്നതു കണ്ട്, ഏലീശ്വ സന്തോഷിച്ചിട്ടുണ്ട്.*

**ഇവർ പുണ്യാത്മാക്കളായ ഇടവക മക്കൾ**

ധന്യപദവിയിൽ എത്തിനിൽക്കുന്ന ഏലീശ്വ, തന്റെ വീരോചിതമായ സന്ന്യാസ ജീവിതംകൊണ്ട്, അനേകർക്ക് ദൈവസ്നേഹം കാണിച്ചുകൊടുത്തു. ഭാരതത്തിൽ പ്രഥമ തദ്ദേശീയ സന്ന്യാസിനി സഭ 1866 ഫെബ്രുവരി 13-ാം തീയതി കൂനമ്മാവിൽ ഏലീശ്വ സ്ഥാപിച്ചു. ഏലീശ്വയാണ്, കേരളത്തിൽ പ്രഥമ പെൺപള്ളിക്കൂടവും, പ്രഥമ ലേഡീസ് ബോർഡിംഗ് ഹൗസും 1868-ൽ സ്ഥാപിച്ചത്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ആദ്യമായി കേരളത്തിൽ ആരംഭിച്ചത് ഏലീശ്വയാണ്. മതബോധനം, എഴുത്തുവായന, കൊന്തകെട്ട്, ഉത്തരീയ നിർമ്മാണം, പാചകവിദ്യ, കരകൗശല വിദ്യ മുതലായ പ്രവർത്തനങ്ങൾ സ്ത്രീകൾക്കു മാത്രമായി ഏലീശ്വ 1854-ൽ കൂനമ്മാവിൽ നടത്തിയിരുന്നു. ദൈവദാസനായ ഡോ. ജോസഫ് അട്ടിപ്പേറ്റി മെത്രാപ്പോലീത്ത, കുരിശുങ്കൽ ഇടവകയുടെ അഭിമാനപുത്രനാണ്. വരാപ്പുഴ അതിരൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്ത ഡോ. ജോസഫ് അട്ടിപ്പേറ്റി പിതാവാണ് കേരളത്തിൽ കത്തോലിക്കാസഭയുടെ ഏറ്റവും വലിയ അൽമായ സാധുജന സേവനസംഘടനയായ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി സ്ഥാപിച്ചത്. കൂനമ്മാവിൽ വികാരിയായി സേവനം ചെയ്യുന്ന കാലത്ത് അന്തരിച്ച ബഹു. പോൾ വൈപ്പിശ്ശേരി അച്ചൻ കൂനമ്മാവുകാർക്ക് പുണ്യശ്ലോകനാണ്. എല്ലാവർഷവും അച്ചന്റെ ചരമവാർഷികം ഭക്ത്യാദരങ്ങളോടെ ആചരിച്ചുപോരുന്നു. എണ്ണമറ്റ മെഴുകുതിരികളാണ് അച്ചന്റെ കബറിടത്തിങ്കൽ എരിഞ്ഞുതീരുന്നത്.

**വൈപ്പിശ്ശേരി തറവാട്**

കുരിശുങ്കൽ ഇടവകയിലെ ഒരു പാരമ്പര്യ ധനാഢ്യ തറവാടാണ്, വൈപ്പിശ്ശേരി. സാമ്പത്തിക രംഗത്തും വിദ്യാഭ്യാസ രംഗത്തും

ആത്മീയ രംഗത്തും സാമൂഹിക രംഗത്തും വളരെ ഉയർന്ന നില വാരം പുലർത്തിയിരുന്ന വൈപ്പി ശ്ശേരി കുടുംബത്തിൽ നിന്നാണ് ഭാരതത്തിൽ പ്രഥമ ഏതദ്ദേശീയ വനിതാ സന്ന്യാസിനി സഭ സ്ഥാപിച്ച മദർ ഏലീശ്വ വരുന്നത്. ഏലീശ്വയുടെ എല്ലാ നന്മകളു ടെയും പ്രഭവസ്ഥാനം, മാതാപിതാ ക്കളും കുടുംബവും ഇടവകയു മാണ് എന്നതിൽ തർക്കമില്ല.

**ഏലീശ്വയും വല്ലാർപാടത്തമ്മയും**

മാതാപിതാക്കളിൽ നിന്ന് ഏലീശ്വയ്ക്ക് ലഭിച്ച ഒരു വലിയ അനുഗ്രഹമാണ് മരിയഭക്തി. ദൈവത്തിന്റെ അമ്മയായ മറിയ ത്തോട് സവിശേഷമായ അടിയു റച്ചഭക്തി ഏലീശ്വ സ്വന്തമാക്കിയി രുന്നു. അനുദിനം മുടങ്ങാതെ ജപ മാല ഭക്തിപൂർവം കുടുംബാംഗ ങ്ങളോടൊത്ത് ചൊല്ലുന്ന ഒരു ശീലം കുടുംബത്തിലുണ്ടായിരു ന്നു. ജപമാലഭക്തിയോടൊപ്പം, പരി. മറിയത്തിന്റെ സഹായവും സംരക്ഷണവും വിളിച്ചറിയിക്കുന്ന ഉത്തരീയഭക്തിയിലും ഏലീശ്വ വളർന്നു.


വൈപ്പിൻകരയിൽ വളരെ പ്രത്യേകിച്ച് ഓച്ചംതുരുത്ത് പ്രദേ ശത്ത്, ഇന്നും നിലനിൽക്കുന്ന വല്ലാർപാടത്തമ്മയോടുള്ള പ്രത്യേക ഭക്തി, ജാതിമതഭേദ മെന്യേ വ്യാപകമാണ്. ഇതിന് ഒരു പ്രധാന കാരണം ഓച്ചംതുരുത്ത്, വല്ലാർപാടത്തോട്, വളരെ അടു ത്താണ് കിടക്കുന്നത്. വല്ലാർപാട ത്തമ്മയുടെ തിരുമുമ്പിൽ നട ക്കുന്ന അത്ഭുതാനുഭവങ്ങൾ വൈപ്പിൻകരയിൽ പ്രത്യേകിച്ച് ഓച്ചംതുരുത്തിൽ വിശദമായി അറി ഞ്ഞിരുന്നു.

> *ഏലീശ്വയാണ്, കേരള ത്തിൽ പ്രഥമ പെൺപ ള്ളിക്കൂടവും, പ്രഥമ ലേഡീസ് ബോർഡിംഗ് ഹൗസും 1868-ൽ സ്ഥാപിച്ചത്. സ്ത്രീശാ ക്തീകരണ പ്രവർത്തന ങ്ങൾ ആദ്യമായി കേര ളത്തിൽ ആരംഭിച്ചത് ഏലീശ്വയാണ്. മത ബോധനം, എഴുത്തു വായന, കൊന്തകെട്ട്, ഉത്തരീയ നിർമ്മാണം, പാചകവിദ്യ, കരകൗ ശല വിദ്യ മുതലായ പ്രവർത്തനങ്ങൾ സ്ത്രീകൾക്കു മാത്ര മായി ഏലീശ്വ 1854-ൽ കൂനമ്മാവിൽ നടത്തി യിരുന്നു.*

വല്ലാർപാടം പള്ളി, പോർച്ചുഗീസുകാരുടെ വരവിനു മുമ്പുതന്നെ ഉണ്ടായിരുന്നു. പ്രഥമ പള്ളി ജീർണിച്ചപ്പോൾ പോർച്ചുഗീ സുകാർ നവീകരിച്ചു പരിഷ്കരിച്ചു. അതുകൊണ്ട് പോർച്ചുഗീസ്കാർ നിർമ്മിച്ച പള്ളി എന്നു പേരു ലഭിച്ചു .

**മീനാക്ഷിയമ്മയും ഏലീശ്വയും**

പോർച്ചുഗീസുകാരാണ് ഇപ്പോഴത്തെ മനോഹരമായ പള്ളി നിർമ്മിച്ചത്. പള്ളിയിൽ പ്രതിഷ്ഠി ച്ചിട്ടുള്ള കാരുണ്യമാതാവിന്റെ അത്ഭുതചിത്രത്തോട് പ്രത്യേക ഭക്തി, നാട്ടിലും സമീപ പ്രദേശങ്ങ ളിലും വ്യാപിച്ചു. കാലക്രമേണ കാരുണ്യമാതാവിനെ വല്ലാർപാട ത്തമ്മ എന്നു വിളിച്ചു പ്രാർത്ഥിച്ചുപോന്നു. തിരുനാൾ ദിനങ്ങളിൽ ഏലീശ്വയും മാതാപി താക്കളും കുടുംബാംഗങ്ങളും വല്ലാർപാടത്തമ്മയോടു പ്രാർത്ഥി ക്കുവാൻ വല്ലാർപാടത്ത് വന്നിരു ന്നു. വല്ലാർപാടത്തമ്മയോടുള്ള ഭക്തി അതിവേഗം വളരുവാൻ കാര ണം, പള്ളിയിൽവീട്ടിൽ മീനാക്ഷി യമ്മ എന്നൊരു നായർ അമ്മയ്ക്കു ണ്ടായ അത്ഭുത അനുഗ്രഹ അനുഭ വമാണ്. മട്ടാഞ്ചേരിയിലേക്ക് വഞ്ചി യിൽ കുഞ്ഞുമായി യാത്രചെയ്യു മ്പോൾ പെരുങ്കാറ്റ് ഉയരുകയും വഞ്ചി മുങ്ങുകയും ചെയ്തു. വല്ലാർപാടത്തമ്മയുടെ ഭക്തയായി രുന്ന മീനാക്ഷി അമ്മ ഉള്ളുരുകി പ്രാർത്ഥിച്ചു: "എന്റെ കുഞ്ഞി നെയും എന്നെയും രക്ഷിക്കണമേ. ഞാൻ രക്ഷപ്പെട്ടാൽ, അങ്ങേ ദാസി യായി ജീവിച്ചുകൊള്ളാം." പള്ളി വികാരിക്കുണ്ടായ സ്വപ്ന സന്ദേശ മനുസരിച്ച് മീൻപിടിത്തക്കാർ പുഴ യിൽ നിന്ന് അമ്മയേയും കുഞ്ഞി നേയും മൂന്നാം ദിവസം വീണ്ടെടു ത്തു. 1752 മെയ് മാസത്തിലാണ് ഈ അത്ഭുതസംഭവം നടന്നത്. മീനാക്ഷി മാമ്മോദീസ സ്വീകരിക്കു കയും ശേഷിച്ച കാലംമുഴുവൻ വല്ലാർപാടത്തമ്മയുടെ ദാസിയായി ജീവിക്കുകയും ചെയ്തു. എല്ലാ ദിവസവും പള്ളിയും പരിസരവും അടിച്ചു വൃത്തിയാക്കിയിരുന്നു. ഇതിന്റെ ഓർമ്മയാണ് ഇന്നും നില നിൽക്കുന്ന പള്ളിയടി നേർച്ച. മീനാക്ഷി അമ്മയുടെ ഈ അത്ഭുത അനുഭവം, വല്ലാർപാടത്തമ്മയുടെ ഭക്തി കൂടുതൽ പ്രചരിക്കുന്ന തിനും നാടിന്റെ നാനാഭാഗത്തു നിന്നും എണ്ണമറ്റ ഭക്തർ അമ്മയുടെ തിരുമുമ്പിൽ വന്നു കൂടുന്നതിനും പ്രാർത്ഥിക്കുന്നതിനും അനുഗ്രഹ ങ്ങൾ അനുഭവിക്കുന്നതിനും കാര ണമായി. ഏലീശ്വയുടെ മാതാപി താക്കളും കുടുംബാംഗങ്ങളും വല്ലാർപാടത്തമ്മയുടെ അടിയുറച്ച ഭക്തരായിരുന്നു.



# വാഴ്ത്തപ്പെട്ട ഏലീശ്വ: പ്രഥമ നവോത്ഥാന നായിക



**ജോയി ഗോതുരുത്ത്**



"നിസ്വരും നിരാലംബരുമായ പെൺകുട്ടികളുടെ വിമോചനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് വാഴ്ത്തപ്പെട്ട മദർ ഏലീശ്വ വാകയിൽ പ്രകടിപ്പിച്ച പ്രതിജ്ഞാബദ്ധത, സ്ത്രീകളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും പ്രചോദനമാണെന്ന് പരിശുദ്ധ ലിയോ പാപ്പ 2025 നവംബർ 12 ബുധനാഴ്ച സെൻറ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന ജനറൽ ഓഡിയൻസിന്റെ സമാപന സന്ദേശത്തിൽ പറഞ്ഞു.

വാഴ്ത്തപ്പെട്ട ഏലീശ്വയാണ് കേരളത്തിലെ സാമൂഹിക നവോത്ഥാനത്തിന്റെ ഭാഗമായുള്ള സംഘടിത സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. എന്നാൽ ഇക്കാര്യം ഔദ്യോഗിക ചരിത്രത്തിലൊന്നും രേഖപ്പെടുത്തപ്പെട്ടതായി കാണുന്നില്ല. ഇക്കാര്യത്തിൽ "എന്റെ വലിയ പിഴ" ചൊല്ലിക്കൊണ്ട് വാഴ്ത്തപ്പെട്ട ഏലീശ്വാമ്മ കേരള നവോത്ഥാന മുന്നേറ്റത്തിൽ വഹിച്ച തനിമയാർന്ന നേതൃത്വത്തെ കണ്ടെത്തി പൊതുസമൂഹത്തിന്റെ മുന്നിൽ നാം അവതരിപ്പിക്കേണ്ടിയിരിക്കുന്നു.

വലിയ സാമൂഹിക മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമായിരുന്നു ഏലീശ്വാമ്മയുടെ ജീവിതകാലം. (1831–1913) ആധുനിക കേരളത്തിന്റെ അടിത്തറ നിർമ്മിക്കപ്പെട്ട സാമൂഹിക നവോത്ഥാനം നടന്നത് പത്തൊൻപതാം നൂറ്റാണ്ടിലായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും ഈ പ്രക്രിയ തുടരുകയുണ്ടായി.

ആര്യ ബ്രാഹ്മണാധിപത്യത്തിനു ശേഷം എ.ഡി. 9–ാം നൂറ്റാണ്ടോടെ ജാതി അടിസ്ഥാനത്തിൽ വിഭജിതമായ ഒരു സമൂഹമായി കേരളം മാറി. അധികാരം, പദവി, സമ്പത്ത് എന്നിവ ബ്രാഹ്മണാദികൾക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടു. ബഹുഭൂരിപക്ഷം വരുന്ന ദളിതർ, ആദിവാസികൾ, ഇതര പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് വഴി നടക്കാനും വസ്ത്രം ധരിക്കാനുമുള്ള അവകാശം പോലും ഉണ്ടായിരുന്നില്ല. അവർണ്ണ സ്ത്രീകൾക്ക് അരയ്ക്ക് മുകളിലേക്കോ കാൽമുട്ടിനു താഴേയ്ക്കോ വസ്ത്രം ധരിക്കാൻ പാടില്ലായിരുന്നു. എന്നാൽ ക്രൈസ്തവ സ്ത്രീകളുടെ അവസ്ഥ കുറച്ചുകൂടി ഭേദപ്പെട്ടതായിരുന്നെന്ന് കാണാം.

ജാതിമേധാവിത്വത്തിനെതിരെയുള്ള പടപ്പുറപ്പാടായിട്ടായിരുന്നു കേരളത്തിലെ സാമൂഹിക നവോത്ഥാന മുന്നേറ്റം ആരംഭിക്കുന്നത്. ജാതിഭീകരതയാൽ ഏറ്റവും ദുരിതം പേറുന്ന സ്ത്രീകളുടെ അന്തസ്സും തുല്യ അവകാശവും സംരക്ഷിക്കുന്നതിനുള്ള മുന്നേറ്റമായിരുന്നു ആദ്യം ഉണ്ടായത്. 1803–ൽ ചേർത്തലയിലെ നങ്ങേലി, ജാതി

മേധാവിത്വ ഭരണാധികാരികൾ അടിച്ചേല്പിച്ചിരുന്ന മുലക്കരത്തിനെതിരെ തന്റെ സ്തനങ്ങൾ മുറിച്ചു നൽകി ആത്മാഹൂതി ചെയ്യുകയുണ്ടായി. തിരുവിതാംകൂറിൽ ഇത് വലിരു കൊടുങ്കാറ്റ് സൃഷ്ടിച്ചു. തിരുവിതാംകൂർ ദിവാനായും റെസിഡന്റുമായി പ്രവർത്തിച്ച ജോൺ മൺറോ തലക്കരം, മുലക്കരം, ഏണിക്കരം തുടങ്ങി പിന്നാക്ക ജനവിഭാഗങ്ങളിൽ നിന്നും ഈടാക്കിയിരുന്ന നൂറിൽപ്പരം അന്യായ നികുതികൾ 1813-ൽ ഇല്ലാതാക്കി.

1813 മുതൽ 1859 വരെ പല ഘട്ടങ്ങളിലായി വലിയൊരു സമരം തെക്കൻ തിരുവിതാംകൂറിൽ നടക്കുകയുണ്ടായി. ചാന്നാർ (നാടാർ) സ്ത്രീകൾക്ക് മാറ് മറയ്ക്കുന്നതിനുള്ള സമരമായിരുന്നു അത്. എൽ.എം.എസ്. മിഷനറിമാരായിരുന്നു നേതൃത്വം കൊടുത്തത്. ചാന്നാർ സ്ത്രീകൾക്ക് 1859 -ൽ മാറുമറയ്ക്കാൻ അവകാശം ലഭിച്ചെങ്കിലും ദളിത് വിഭാഗത്തിലെ സ്ത്രീകൾക്ക് ഈ അവകാശം ലഭിക്കാൻ അര നൂറ്റാണ്ട് കാലം കൂടി കാത്തിരിക്കേണ്ടി വന്നു.

ഒരു വനിതയായ ഏലീശ്വാമ്മ തന്നെ മുന്നിട്ടിറങ്ങി അതികഠിനമായ താപസനിഷ്ഠയോടെ പാത വെട്ടിത്തുറന്നു വനിതാ ശാക്തീകരണത്തിനു നേതൃത്വം നൽകി കേരള നവോത്ഥാന മുന്നേറ്റത്തെ ശക്തിപ്പെടുത്തുകയുണ്ടായി. അന്നത്തെ നാട്ടുനടപ്പനുസരിച്ച് ഒരു ക്രൈസ്തവ വിധവയ്ക്ക് നേരിടേണ്ടി വന്ന എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിച്ചും വീട്ടുകാരുടെയും നാട്ടുകാരുടെയും എല്ലാ എതിർപ്പുകളെയും നേരിട്ടുമാണ് ഏതാണ്ട് ഒന്നര പതിറ്റാണ്ട് കാലം കളപ്പുരയിലും മറ്റുമായി ഏലീശ്വാമ്മയും സഹോദരിയും മകളും വസിച്ചത്. അവർ സഹിച്ച ത്യാഗത്തിന്റെ വ്യാപ്തിയും കാഠിന്യവും നമുക്കിന്നു ഭാവനയിൽ പോലും കാണാൻ സാധിക്കില്ല. ദൈവത്തിൽ അത്രമേൽ ആഴത്തിൽ ആശ്രയിച്ചുകൊണ്ട് മാത്രമാണ് ഏലീശ്വാമ്മയ്ക്ക് അതിനെയൊക്കെ വിജയകരമായി തരണം ചെയ്യാൻ സാധിച്ചത്.

*അന്നത്തെ നാട്ടുനടപ്പനുസരിച്ച് ഒരു ക്രൈസ്തവ വിധവയ്ക്ക് നേരിടേണ്ടി വന്ന എല്ലാ സമ്മർദ്ദങ്ങളെയും അതിജീവിച്ചും വീട്ടുകാരുടെയും നാട്ടുകാരുടെയും എല്ലാ എതിർപ്പുകളെയും അവധാനപൂർവ്വം നേരിട്ടുമാണ് ഏതാണ്ട് ഒന്നര പതിറ്റാണ്ട് കാലം കളപ്പുരയിലും മറ്റുമായി ഏലീശ്വാമ്മയും, സഹോദരിയും, മകളും വസിച്ചത്. അവർ സഹിച്ച ത്യാഗത്തിന്റെ വ്യാപ്തിയും കാഠിന്യവും നമുക്കിന്നു ഭാവനയിൽ പോലും കാണാൻ സാധിക്കില്ല.*


ഏലീശ്വാമ്മയുടെയും കൂട്ടാളികളുടെയും സുദീർഘവും കഠിനവുമായ 'കർമ്മലജീവിതം' കൂലങ്കഷമായ പഠന-വിലയിരുത്തലുകൾക്ക് ശേഷം തിരുസഭ ഔദ്യോഗികമായി അംഗീകരിക്കുകയും 1866 ഫെബ്രുവരി 12-ന് സ്ത്രീകൾക്ക് വേണ്ടിയുള്ള കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ സ്ഥാപിക്കുകയും ചെയ്തു. ഫെബ്രുവരി 13-നു വ്രതവാഗ്ദാനം ചെയ്തു. അവർ ഔദ്യോഗിക സന്ന്യാസ ജീവിതം ആരംഭിച്ചു. അങ്ങനെ വനിതകൾ തന്നെ രൂപപ്പെടുത്തിയ പനമ്പുമഠം, കേരള നവോത്ഥാന പ്രക്രിയയിലെ വനിതാ മുന്നേറ്റത്തിന്റെ നാഴികക്കല്ലായി മാറി. അതിന്റെ തുടർനടപടിയായിട്ടായിരുന്നു, സ്കൂളും തൊഴിൽ പരിശീലനവും ബോർഡിങ്ങും ആരംഭിച്ചത്.

ഇന്നത്തെ കേരളത്തിലെ ഏറ്റവും ശക്തീകരിക്കപ്പെട്ട വനിതാസമൂഹം വിവിധ കോൺഗ്രിഗേഷനിലെ സന്ന്യാസിനികളാണ്. അവർ വിജയകരമായി നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ, അഗതി മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, വനിതകൾക്കുള്ള ചെറുകിട തൊഴിൽ സ്ഥാപനങ്ങൾ എന്നിവ കേരള സമൂഹത്തിന് ചെയ്തുവരുന്ന സേവനം അതുല്യമാണ്. ഇതിനൊക്കെ കേരളം കടപ്പെട്ടിരിക്കുന്നത് കേരളത്തിൽ സ്ത്രീസന്ന്യാസത്തിന്റെ വഴിവെട്ടിയ ആദ്യത്തെ കന്യാസ്ത്രീയുമായ വാഴ്ത്തപ്പെട്ട ഏലീശ്വ വാകയിലിനോടാണ്.

കേരള സാമൂഹിക നവോത്ഥാന പ്രക്രിയയിൽ വനിതാ ശാക്തീകരണത്തിനു നെടുനായകത്വം വഹിച്ച വാഴ്ത്തപ്പെട്ട മദർ ഏലീശ്വാമ്മയാണ് കേരളത്തിലെ ആദ്യത്തെ നവോത്ഥാന നായിക എന്നത് ഔദ്യോഗിക ചരിത്രത്തിൽ രേഖപ്പെടുത്താൻ ഒട്ടുംതന്നെ വൈകിപ്പിക്കരുത്.



# മദർ ഏലീശ്വ–ഭിക്ഷക്കാരിയായ സന്ന്യാസിനി





**ജോസഫ് മാനിഷാദ്**
**മട്ടയ്ക്കൽ**

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഫ്രാൻസിസ് പാപ്പാ സന്ന്യസ്തവർഷം ആഘോഷിക്കാൻ ലോകത്തെ എല്ലാ സന്ന്യസ്തർക്കും ഒമ്പതുവർഷം മുമ്പ് ഒരവസരം നല്കിയിരുന്നു. 2016 ഫെബ്രുവരി 2–ന് ആഘോഷങ്ങൾ സമാപിച്ചു. സന്ന്യാസാന്തസിന്റെ വിശുദ്ധിയും നിർമ്മലതയും തേച്ചുമിനുക്കിയെടുക്കാൻ സഭ നല്കിയ ഈ ഒരുക്കകാലത്ത് ആരെല്ലാം തേച്ചുമിനുക്കിയെന്നും എത്രമാത്രം നിറം വച്ചുവെന്നും കാലം ലോകത്തിന് മുന്നിൽ പ്രകടമാക്കുന്നു. നമ്മുടെ നാട്ടിൽ പിറവിയെടുത്ത തദ്ദേശീയ സന്ന്യാസിനിസഭ, കാലത്തിന്റെ പാച്ചിലിനിടയിൽ വിഭജിക്കപ്പെട്ടപ്പോൾ നേടിയ അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തിയ കൃപകളും എത്രത്തോളമെന്ന് ഈ 160 –ാം വാർഷികവേളയിൽ വിചിന്തനം ചെയ്യുകയാണ്, അതിന്റെ സ്ഥാപിക ഏലീശ്വാമ്മയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനവേളയിൽ.

മദർ ഏലീശ്വ, ഏലീശ്വായുടെ മകൾ അന്ന, ഏലീശ്വായുടെ സഹോദരി ത്രേസ്യ. ഇവരെ  മൂവരെയും ആദ്യത്തെ അംഗങ്ങളായി കണക്കാക്കാനുള്ള വിവേകം ഉണ്ടെങ്കിൽ, ഒരു സന്ന്യാസിനിസഭ എങ്ങനെ രൂപംകൊണ്ടു എന്ന് അറിയേണ്ടതും ആണല്ലോ. വീടുനിർമ്മാണത്തിന് ജോലിക്ക് സഹായത്തിന് ആളെ കൂട്ടുന്നപോലെ ആണെന്ന് കരുതിയാണോ, വൈക്കത്തുകാരിയായ വിധവയെ സഭാപ്രവേശനത്തിന്റെ തലേന്ന് കൂനമ്മാവിലെത്തിച്ചത് എന്നതിന് ഇനിയും ന്യായമായ ഉത്തരം ലഭിക്കുന്നില്ല. 1862 മുതൽ 1866 വരെ നിരവധി നിരീക്ഷണങ്ങളും പരീക്ഷണങ്ങളും കഴിഞ്ഞ് അവരുടെ സ്വന്തം സ്ഥലത്ത് പണിത മൂന്നുമുറി പനമ്പുമഠത്തിന്റെയും അതിനകത്തേക്ക് പണിതുവച്ച മൂന്നു കട്ടിലിന്റെയും കണക്കെല്ലാം വിശുദ്ധ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ വളരെ വ്യക്തമായി കുറിച്ചുവച്ചിട്ടുള്ളത് സൗകര്യപൂർവ്വം മറക്കാനുള്ളതല്ല.

1864 ജനുവരി മുതൽ കൂനമ്മാവിൽ താമസിച്ചുകൊണ്ടിരുന്ന വിശുദ്ധ കുരിയാക്കോസച്ചൻ 1865 അവസാനത്തിൽ മാത്രമറിഞ്ഞ ഈ മൂന്ന് സന്ന്യാസാർത്ഥിനികളെക്കുറിച്ച്, അവർ വിജയിച്ച 9 പരിശോധനാമാനദണ്ഡങ്ങളെക്കുറിച്ച്, അവരുടെ വർഷങ്ങളായുള്ള ആത്മീയഒരുക്കങ്ങളെക്കുറിച്ച്, കത്തോലിക്കാസഭയിൽ ഒരു സന്ന്യാസസഭ സ്ഥാപിതമാകുന്നതിന് വേണ്ട നടപടികളെക്കുറിച്ച്, സഭയ്ക്കുവേണ്ട നിയമാവലിയെക്കുറിച്ച്, അവസാനഘട്ടമായ മഠം നിർമ്മാണത്തെക്കുറിച്ച് എന്തെങ്കിലും വിശുദ്ധ ചാവറ കുരിയാക്കോസച്ചന് അറിവുണ്ടായിരുന്നുവെങ്കിൽ, ഒരിക്കലും സിസ്റ്റർ അന്നക്ക്, സ്വന്തം മുറി തലേന്ന് വന്ന ഒരാൾക്ക് കൈമാറി അമ്മയുടെ മുറിയിൽ അന്തിയുറങ്ങേണ്ടിവരുമായിരുന്നോ? ഇനിയും ഉത്തരം കിട്ടാത്ത ഈ ചോദ്യം കള്ളം പറയുന്നവരുടെ കൂട്ടത്തിലെ സത്യസന്ധരായ പലരെയും ബുദ്ധിമുട്ടിക്കുന്നുണ്ട്.

*1866 ഫെബ്രുവരി 14-ന് മദർ ഏലീശ്വ പറഞ്ഞ ഈ വാക്കുകളെ, നാട്ടിലെ പിച്ചക്കാരെക്കാളും ആഴത്തിൽ അന്വർത്ഥമാക്കിച്ചവർ ആ പ്രഖ്യാപനത്തിന്റെ 160-ാം വാർഷികം അടുത്തിരിക്കുമ്പോഴും കർമ്മലീത്താ ചൈതന്യം ഉള്ളിൽ പേറിയ അമ്മത്രേസ്യയുടെ നിയമങ്ങളെ ഇന്നും കാറ്റിൽ പറത്തി, പച്ചക്കള്ളം ലോകത്തോട് പറയുന്നത് നിറുത്താത്തിടത്തോളം നിങ്ങളുടെ സന്ന്യാസത്തിന് എന്ത് വിശുദ്ധി എന്ന് മാലോകർ ചിന്തിക്കുന്നതിൽ തെറ്റുണ്ടോ!*

പുതിയ സഭയുടെ മദറായി ബർണ്ണർഡിൻ ബച്ചിനെല്ലി പിതാവ് നിയമിച്ച സഭാസ്ഥാപിക ഏലീശ്വായുടെ മുന്നിൽ, ഒരേയൊരു ദിവസം മാത്രം പരിചയമുള്ള വൈക്കത്തുകാരി പുത്തനങ്ങാടി ഏലീശ്വാ 'എന്നെക്കൂടെ നിങ്ങളുടെ വേലക്കാരിയായിട്ട് കൈക്കൊള്ളണമേ' എന്ന് സഭാചട്ട പ്രകാരം മുട്ടുകുത്തി അപേക്ഷിച്ചു. പുതിയ അംഗത്തോട് മദർ ഏലീശ്വ ഇങ്ങനെ പറഞ്ഞു. 'ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു. ഞങ്ങളിൽ ഒന്നുപോലെ കൂടപ്പിറപ്പിനെയും കൈക്കൊള്ളാനും ദൈവം തന്ന ഭിക്ഷ നാം കൈക്കൊണ്ടു പാർപ്പാനും മനസ്സായിരിക്കുന്നു'.

1866 ഫെബ്രുവരി 14-ന് മദർ ഏലീശ്വ പറഞ്ഞ ഈ വാക്കുകളെ, നാട്ടിലെ പിച്ചക്കാരെക്കാളും ആഴത്തിൽ അന്വർത്ഥമാക്കിച്ചവർ ആ പ്രഖ്യാപനത്തിന്റെ 160-ാം വാർഷികം അടുത്തിരിക്കുമ്പോഴും കർമ്മലീത്താ ചൈതന്യം ഉള്ളിൽ പേറിയ അമ്മത്രേസ്യയുടെ നിയമങ്ങളെ ഇന്നും കാറ്റിൽ പറത്തി, പച്ചക്കള്ളം ലോകത്തോട് പറയുന്നത് നിറുത്താത്തിടത്തോളം നിങ്ങളുടെ സന്ന്യാസത്തിന് എന്ത് വിശുദ്ധി എന്ന് മാലോകർ ചിന്തിക്കുന്നതിൽ തെറ്റുണ്ടോ! 24 വർഷങ്ങൾ സന്ന്യാസിനികളായി ജീവിച്ച സ്വന്തം മണ്ണിൽനിന്നും മഠത്തിൽനിന്നും ഭിക്ഷക്കാരെക്കാൾ കഷ്ടത്തിൽ ഇറക്കിവിട്ടവരുടെ മാനസികാവസ്ഥ ഇന്നുള്ളവരും തുടരുന്നതിലെ പന്തികേടിനെക്കുറിച്ച് സഭ ചിന്തിക്കണം. ഒരു സുറിയാനിക്കാരിയെ കൂടപ്പിറപ്പായി കണ്ട് തങ്ങളുടെകൂടെ ചേർത്തുനിറുത്തിയതിന്റെ ഉപകാര സ്മരണയായി ഇതിനെ കാണുക. സുറിയാനിക്കാരുടെ എണ്ണം ഏറിയതിനാൽ മദറായി നിയമിതയായ സിസ്റ്റർ കാതറിൻ, സുറിയാനി വൈദികരുടെ പ്രേരണയാൽ റോമിലേക്ക് തുടരെത്തുടരെ എഴുതിയ കള്ളക്കഥയുടെ പേരിൽ സ്ഥാപിക എന്ന പദവിയും സ്വത്തും സ്ഥലവും മഠവും എല്ലാം ഉപേക്ഷിച്ചു പോകാനൊരിടമില്ലാതെ പടിയിറങ്ങിയതിന്റെ പേരാണ് 'ഭിക്ഷക്കാർ' എന്നത്.

കത്തുകളും വസ്തുതകളും കൃത്യമായി തിരിച്ചറിയാൻ വൈകിയ തൃശൂർ വികാരി അപ്പസ്തോലിക്കയും ലത്തീൻകാരനുമായിരുന്ന അഡോൾഫ് മെഡ്ലിക്കോട്ട് പിതാവും കിഴക്കേ ഇന്ത്യയുടെ ഡെലിഗേറ്റ് അപ്പസ്തോലിക്കയായിരുന്ന അന്ത്രേയോസ് അയൂത്തി പിതാവും എടുത്ത തെറ്റായ തീരുമാനങ്ങൾ മൂലം ടി. ഒ.സി.ഡി. എന്ന സന്ന്യാസിനിസഭയുടെ അക്കാലത്തെ മദർ, സിസ്റ്റർ കാതറിൻ ചെയ്തുവച്ച കള്ളത്തരങ്ങൾ വഴി കത്തോലിക്കാസഭയിൽ സന്ന്യാസവിളിയുടെ പവിത്രതയ്ക്കേറ്റ കളങ്കം ഇനിയും തിരുത്തപ്പെടുന്നില്ല എന്നത് വേദനാജനകമാണ്. വൈകിയാണെങ്കിലും സത്യം തിരിച്ചറിഞ്ഞ മെഡ്ലിക്കോട്ട് പിതാവിനോട് കാതറിൻ എന്ന സമർപ്പിതസന്ന്യാസിനി ഒരു ചളിപ്പുമില്ലാതെ പറഞ്ഞത് ഏറ്റവും രസകരം: 'മഠവും വസ്തുവകകളും കിട്ടാൻവേണ്ടി  അങ്ങനെയൊക്കെ എഴുതിപ്പോയി' എന്ന്.

ബർണ്ണർഡിൻ ബച്ചിനെല്ലി പിതാവ് നിർമ്മിച്ച കൂനമ്മാവ് സെന്റ് ഫിലോമിന

പള്ളിയും ആശ്രമവും ഏതാനും വർഷം ഉപയോഗിച്ചതിന്റെ പേരിൽ, റീത്ത് വിഭജനകാലത്ത് അത് സുറിയാനിക്കാരുടെ മുതലാണെന്ന് തൃശൂർ മെത്രാനെക്കൊണ്ട് റോമിൽ വാദിച്ചവർ, പള്ളിയും ആശ്രമവും തന്നില്ലെങ്കിൽ അവിടെ ഏതാനുംനാൾ താമസിച്ചതിന് ഇട്ട വില എത്രയാണെന്ന് ഇന്നത്തെ പലർക്കുമറിയില്ല. അവർ ആവശ്യപ്പെട്ട തുകയും കൈക്കലാക്കിയ തുകയുടെ മൂല്യവുംകൊണ്ട് ഇന്നത്തെ കൂനമ്മാവ് മുഴുവനായി വാങ്ങിക്കാൻ സാധിക്കും. കൂടാതെ, വരാപ്പുഴ അതിരൂപതയുടെ സ്വത്താണെന്നറിയാമായിരുന്നിട്ടും കൂനമ്മാവിൽനിന്നും സർവ്വവിധ സാമഗ്രികളും ദ്രവ്യാഗ്രഹത്തോടുള്ള അമിതാവേശം കൊണ്ടു മാത്രം സ്വന്തമാക്കി ഇവിടെനിന്നും കൊണ്ടുപോയി.

പറഞ്ഞുവരുന്നത്, 32 വർഷത്തെ സൗജന്യതാമസത്തിന് പള്ളിയുടെ ഏക്കറുകണക്കിന് ഭൂമിയും സമ്പത്തും കൂനമ്മാവ് സിമിത്തേരിയിൽനിന്നും കൈക്കലാക്കിയ '40 വർഷം പഴക്കം കുറഞ്ഞ' തലയോടും ഏതാനും അസ്ഥികളും കൊണ്ട് തിരുശേഷിപ്പായി സ്വന്തമാക്കിയവർ, അന്നയെന്ന മകൾക്ക് കിട്ടിയ ഏക്കറുകണക്കിന് ഭൂമിയിൽനിന്നും സ്വന്തം മഠത്തിൽനിന്നും ഇറക്കിവിട്ടപ്പോൾ നല്കിയതോ? 24 വർഷം ഉപയോഗിച്ച ഏതാനും ഉരുപ്പടികളും വസ്ത്രങ്ങളും മാത്രം. നീതികേടിന്റെ രസതന്ത്രം പഠിച്ചവർക്ക് നീതിയും ക്രിസ്തീയസ്നേഹവും അശേഷമില്ലാത്തതിനാൽ ആവിലായിലെ അമ്മത്രേസ്യയുടെ നിയമങ്ങൾക്ക് പുല്ലുവില കല്പിച്ചു. തൃശൂർ വികാരിയത്തിന്റെ അധിപൻ സിസ്റ്റർ കാതറിനോട് രണ്ടുവട്ടം പറഞ്ഞ വാക്കുകൾ ഇന്നും ഏലീശ്വാമ്മയെ സ്ഥാപിക എന്ന് വിളിക്കാൻ മടിക്കുന്നവരെ നോക്കി ആവർത്തിക്കുന്നു. "ആവിലായിലെ അമ്മത്രേസ്യയുടെ നിയമങ്ങളോട് കൂറ് കാണിക്കുന്നത് എല്ലാ ഭൗതികനേട്ടങ്ങളെക്കാളും എന്തുകൊണ്ടും വലിയ നേട്ടമാണ്".

ബർണ്ണർഡിൻ ബച്ചിനെല്ലി പിതാവിന്റെ നേട്ടങ്ങളെ മുഴുവൻ കള്ളപ്രചരണത്തിലൂടെ കൈക്കലാക്കുമ്പോഴും കൂനമ്മാവ്, മംഗലപ്പുഴ, വടവാതൂർ വഴി നീളുന്ന മഹാത്യാഗങ്ങളും ശീശ്മയിലേക്ക് പോകാൻ വെമ്പൽ കൊള്ളുന്നവരെ പിടിച്ചു നിറുത്താൻ മതിയായവയാണെന്ന് കരുതാനാവില്ല. സഭയുടെ പഴയകാല തെറ്റുകളെല്ലാം പാപ്പാമാർ തിരുത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു വിശുദ്ധ പാപ്പായെക്കൊണ്ട് തെറ്റ് പറയിച്ചും മറ്റൊരു പാപ്പായെക്കൊണ്ട് ഏതോ അസ്ഥി ചുംബിപ്പിച്ചും സഭയുടെ നിറം കെടുത്തുന്നവർ ചെയ്തുകൊണ്ടിരിക്കുന്ന തെറ്റിന്, അനുകൂലമായ വാക്കുകളിലൂടെയും അർത്ഥപൂർണ്ണമായ മൗനത്തിലൂടെയും നാമും പങ്കുകാരാകുന്നത് ഇനിയെങ്കിലും ഒഴിവാക്കേണ്ടത് കത്തോലിക്കാസഭയുടെ വിശുദ്ധിക്ക് അനിവാര്യമാണ്.

ആഗോള കർമ്മലീത്താ സഭയുടെ ഭാഗമായി പൊന്തിഫിക്കൽ പദവിയിൽ കഴിയുമ്പോഴും അമ്മത്രേസ്യയുടെ നിയമങ്ങളോട് കൂറ് കാണിക്കാനോ, കൂനമ്മാവിലെ സ്വത്തുക്കൾ യഥാർത്ഥ അവകാശികൾക്ക് കൈമാറാനോ മനസ്സില്ലെങ്കിലും വർഷങ്ങൾ നീണ്ട തപശ്ചര്യയിലൂടെ നേടിയെടുത്ത സന്ന്യാസത്തിന്റെ ബീജം വഹിച്ച് പ്രഥമ സന്ന്യാസിനിസഭയെ പ്രസവിച്ച മദർ ഏലീശ്വാ എന്ന പുണ്യവതിയാണ് തങ്ങളുടെ സഭാസ്ഥാപിക എന്ന് പ്രഖ്യാപിക്കുന്നത് ശ്രവിക്കാൻ, മദർ ഏലീശ്വയെ വാഴ്ത്തപ്പെട്ടവൾ എന്ന് സഭ വിളിക്കുന്ന ദിനങ്ങളിൽ കേരളസഭ കാത്തിരിക്കുന്നു. ഒട്ടകത്തിന് തല വയ്ക്കാൻ അവസരം കൊടുത്ത് ഉടമസ്ഥർ ഭിക്ഷക്കാരാകേണ്ടിവന്ന അവസ്ഥയ്ക്ക്മാറ്റം വരാനും ഒരു സംഭവം രണ്ടായി വ്യാഖ്യാനിക്കുന്ന ഹരികൃഷ്ണൻസ് നയം ഉപേക്ഷിക്കാനും ഇത്രയൊക്കെ ചരിത്രസംഭവങ്ങൾ കേരളമണ്ണിൽ നടന്ന കാലത്ത് ഇവിടെ ജീവിച്ചു എന്ന ഒറ്റക്കാരണത്താൽ സർവ്വത്തിന്റെയും സ്ഥാപകനാക്കപ്പെട്ട ഒരു പാവം വിശുദ്ധന്റെ തലയിൽ വച്ചുകൊടുത്തിട്ടുള്ള സ്ഥാപകഭാണ്ഡങ്ങൾ അഴിച്ചുവയ്ക്കാനും ഈ ധന്യവേള ഉപകരിക്കട്ടെ.



# ധന്യ മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തിന്റെ ആഘോഷ പരിപാടികളുടെ ദീപ്തമായ ഓർമ്മകളിലൂടെ...



**'പെൺവിളക്ക് മദർ ഏലീശ്വായുടെ ജീവിതം' പ്രകാശനം ചെയ്തു.** എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ അഭിലാഷ് ഫ്രേസർ രചിച്ച 'പെൺവിളക്ക്,മദർ ഏലീശ്വായുടെ ജീവിതം' എന്ന കൃതി വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പ്രകാശനം ചെയ്തു. സെന്റ് സേവ്യേഴ്സ് കോളേജ് മുൻ പ്രിൻസിപ്പലും പ്രൊവിൻഷ്യാളുമായ സിസ്റ്റർ പേഴ്സി സിടിസി ആദ്യപ്രതി ഏറ്റുവാങ്ങി. മദർ ഏലീശ്വയുടെ ജീവിതം ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന മനോഹരമായ കൃതി എന്നാണ് ആർച്ച്ബിഷപ്പ് കളത്തിപ്പറമ്പിൽ പുസ്തകം പ്രകാശനം ചെയ്തുകൊണ്ട് അഭിപ്രായപ്പെട്ടത്.



**ധന്യ മദർ ഏലീശ്വായുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തിന്റെ ലോഗോ പ്രകാശനം ചെയ്തു.**ബസിലിക്ക അങ്കണത്തിൽ നടന്ന യോഗത്തിൽ കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈറ്റ്സിന്റെ (സി.റ്റി.സി) സുപ്പീരിയർ ജനറൽ റവ. മദർ ഷാഹില സി.റ്റി.സി. സ്വാഗതം നേർന്നു. അതിരൂപതാ വികാരി ജനറലും ആഘോഷ കമ്മിറ്റി കോ-ചെയർപേഴ്സണും ആയ റവ.മോൺ. മാത്യു കല്ലിങ്കൽ അധ്യക്ഷനായിരുന്നു. ലോഗോയുടെ പ്രകാശനം കെ.ആർ.എൽ.സി.സി. വൈസ് പ്രസിഡന്റ് ശ്രീ. ജോസഫ് ജൂഡിനും വരാപ്പുഴ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസിനും നൽകിക്കൊണ്ട് അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ നിർവ്വഹിച്ചു.



**വാഴ്ത്തപ്പെട്ട മദർ ഏലീശ്വായുടെ നാമത്തിലുള്ള പോസ്റ്റൽ കവർ പുറത്തിറക്കി**

കൊച്ചി: വാഴ്ത്തപ്പെട്ട മദർ ഏലീശ്വായുടെ നാമത്തിൽ ഇന്ത്യൻ തപാൽ വകുപ്പ് പുറത്തിറക്കിയ ആദ്യ തപാൽ കവറിന്റെ പ്രകാശനം വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ നിർവഹിച്ചു. സി.ടി.സി. സുപ്പീരിയർ ജനറൽ മദർ ഷഹീല കവറിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി. വാഴ്ത്തപ്പെട്ട മദർ ഏലീശ്വായോടുള്ള തപാൽ വകുപ്പിന്റെ ആദരമാണ് പോസ്റ്റൽ കവർ പുറത്തിറക്കുന്നതിലൂടെ പ്രകടമാക്കുന്നതെന്ന് ഡയറക്ടർ ഓഫ് പോസ്റ്റൽ സർവീസസ് എൻ.ആർ. ഗിരി പറഞ്ഞു. വരാപ്പുഴ അതിരൂപത സഹായമെത്രാൻ ബിഷപ് ഡോ.

ആന്റണി വാലുങ്കൽ, ആലുവ ഡിവിഷൻ സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ് ജിസി ജോർജ്, കൊച്ചി റീജൻ അസിസ്റ്റന്റ് ഡയറക്ടർ ഷീബ വേണുഗോപാൽ, വരാപ്പുഴ അതിരൂപത വികാരി ജനറൽമാരായ മോൺ. മാത്യു കല്ലിങ്കൽ, മോൺ. മാത്യു ഇലഞ്ഞിമറ്റം, ചാൻസലർ എബിജിൻ അറക്കൽ, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ഫാ. യേശുദാസ് പഴമ്പിള്ളി, സി.ടി.സി. സെന്റ് ജോസഫ് പ്രൊവിൻഷ്യൽ സിസ്റ്റർ പേഴ്സി സിടിസി, ജനറൽ കൗൺസിലേഴ്സായ സിസ്റ്റർ ജയ സിടിസി, സിസ്റ്റർ ഡോ. സൂസി കിണറ്റിങ്കൽ, മുൻ സുപ്പീരിയർ ജനറൽ മദർ ലൈസ എന്നിവർ സംബന്ധിച്ചു.

..........................................................................................



**വാഴ്ത്തപ്പെട്ട മദർ ഏലീശ്വായെ ആസ്പദമാക്കി ബാലരമ ഡൈജസ്റ്റ് പുറത്തിറക്കി.** വാഴ്ത്തപ്പെട്ട മദർ ഏലീശ്വായുടെ ജീവിതത്തെ ആസ്പദമാക്കി ബാലരമ ഡൈജസ്റ്റ് പുറത്തിറക്കിയ പ്രത്യേക പതിപ്പ് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ടി.ജെ. വിനോദ് എംഎൽഎ. ക്ക് നൽകി പ്രകാശനം ചെയ്യുന്നു. സിറ്റിസി സുപ്പീരിയർ ജനറൽ മദർ ഷാഹില, സിറ്റിസി സഭാ സെക്രട്ടറി ജനറൽ സിസ്റ്റർ ഐഡ സിറ്റിസി, ജനറൽ കൗൺസിലർ സിസ്റ്റർ സൂസി കിണറ്റിങ്കൽ സിറ്റിസി, വരാപ്പുഴ അതിരൂപത മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി, സംഘാടക സമിതി ജനറൽ കൺവീനർ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, അതിരൂപത മീഡിയ കമ്മീഷൻ സെക്രട്ടറി സിബി ജോയ് എന്നിവർ സമീപം.

..........................................................................................



**ധന്യ മദർ ഏലീശ്വായുടെ ഛായാ ചിത്ര പ്രയാണം നടത്തി.** ധന്യ മദർ ഏലീശ്വായുടെ ഛായാ ചിത്ര പ്രയാണത്തിന്റെ ഉദ്ഘാടന കർമ്മം ഉദയംപേരൂർ പള്ളി വികാരി ഫാ. സോണി കളത്തിലും ശ്രീ. റോയ് പാളയത്തിലും ചേർന്ന് നിർവഹിച്ചു. നവംബർ 8–ാം തീയതി വല്ലാർപാടം ബസിലിക്കയിൽ വച്ച് നടത്തിയ ധന്യ മദർ ഏലീശ്വായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്ന ചടങ്ങിനോടനുബന്ധിച്ചാണ് ഈ ഛായാ ചിത്ര പ്രയാണം നടത്തപ്പെട്ടത്. വരാപ്പുഴ അതിരൂപതയുടെ വിവിധ ഇടവകകളിലേക്ക് നവംബർ 5, 6, 7 തീയതികളിൽ ഛായാ ചിത്ര പ്രയാണം നടത്തി.


..........................................................................................

**മദർ ഏലീശ്വ: നവോത്ഥാന ചരിത്ര സമ്പോസിയം സംഘടിപ്പിച്ചു.** സി.ടി.സി. സാൻ ജുവാൻ പ്രൊവിൻസിന്റെ നേതൃത്വത്തിൽ മദർ ഏലീശ്വ: നവോത്ഥാന ചരിത്ര വഴിയിലെ ദീപം എന്ന വിഷയത്തെ അടിസ്ഥാനമാക്കി തോട്ടക്കാട്ടുകര ഹോളി ഗോസ്റ്റ് കോൺവെന്റ് സ്കൂളിൽവച്ച് നടത്തിയ സിമ്പോസിയം സെന്റ് ആൻസ് ചർച്ച് വികാരി റവ.ഫാ. തോമസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. റോസ്മിറ്റി ആമുഖ സന്ദേശം നൽകി. ഏലീശ്വ സാമൂഹ്യ നവോത്ഥാന നായിക, മദർ ഏലീശ്വ ആധ്യാത്മിക നവോത്ഥാന നായിക, ഏലീശ്വ വിദ്യാഭ്യാസ നവോത്ഥാന നായിക എന്നീ വിഷയങ്ങളിൽ ശ്രീ. ജോയ് ഗോതുരുത്ത്, റവ.സി. മേരി സിമി, ശ്രീമതി ബീന ബി.ജെ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പ്രശസ്ത ബാലസാഹിത്യകാരൻ ശ്രീ. സിപ്പി പള്ളിപ്പുറം പ്രബന്ധങ്ങളെ സമാഹരിച്ച് സംസാരിക്കുകയും ചെയ്തു. സന്ന്യാസിനികളും വിവിധ ഇടവകകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട അൽമായ പ്രതിനിധികളും, സി.ടി.സി. എൽ.എഫ്. അംഗങ്ങളും അടങ്ങുന്ന നൂറോളം പേർ പങ്കെടുത്ത സിമ്പോസിയത്തിന് പ്രൊവിൻഷ്യൽ കൗൺസിലർ സിസ്റ്റർ ഡെയ്സി സ്വാഗതം ആശംസിക്കുകയും സിസ്റ്റർ അഖില റോസ് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.






..........................................................................................


വാഴ്ത്തപ്പെട്ട ഏലീശ്വാമ്മേ,
ഞങ്ങൾക്കു വേണ്ടി
അപേക്ഷിക്കണമേ
പ്രാർത്ഥനാപൂർവ്വം
വികാരി, ഇടവകാംഗങ്ങൾ
St: Francis Xavier's Church, Sampaloor
Palayamparambu- 680741 I Diocese of Kottapuram

# വിശുദ്ധ പദവിയുടെ നാമകരണ പ്രക്രിയ
# ( Canonization Process )



ഡോ. കോശി മാത്യു

എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധി ദൈവജനത്തിന്റെ സാർവത്രിക വിളിയാണ്. കാരണം ക്രിസ്തു വിശുദ്ധിയുടെ മാതൃകയും ഉറവിടവുമാണ് (ലൂമെൻ ജെൻസിയും നമ്പർ 39). തിരുസഭ ഔദ്യോഗികമായി നാമകരണ പ്രക്രിയയിലൂടെ വിശുദ്ധരെ അംഗീകരിക്കുന്നു.

1. നാമകരണ പ്രക്രിയ തുടങ്ങുന്നതിനായി, വിശുദ്ധമായ ജീവിതം നയിച്ച വ്യക്തി മരണമടഞ്ഞശേഷം, കുറഞ്ഞത് അഞ്ചു വർഷമെങ്കിലും കഴിഞ്ഞശേഷം, മൃതസംസ്കാരം നടത്തിയ സ്ഥലത്തെ അധികാര പരിധിയിലുള്ള രൂപതയുടെ മെത്രാനോ, അപ്പസ്തോലിക് വികാരിക്കോ, അല്ലെങ്കിൽ അപ്പസ്തോലിക ഭരണ സംവിധാനത്തിനോ ആണ് നാമകരണ പ്രക്രിയ ആരംഭിക്കാൻ അവകാശമുള്ളൂ. മറ്റു രൂപതകൾക്ക് തുടങ്ങണമെങ്കിൽ അധികാരപരിധിയിലുള്ള രൂപതയുടെ മെത്രാന്റെ സമ്മതം കൂടിയേ തീരൂ. അതിന് വ്യക്തമായ കാരണങ്ങൾ ഉണ്ടാകണം.

2. ജ്ഞാനസ്നാനം സ്വീകരിച്ച ദൈവജനത്തിനും, സഭ അധികാരത്താൽ അംഗീകരിക്കപ്പെട്ട വിശ്വാസികളുടെ സമൂഹത്തിനും (അത് വേണെങ്കിൽ രൂപതയോ, ഇടവകയോ, കോൺഗ്രിഗേഷനോ, അപ്പസ്തോലിക് ജീവിത സമൂഹമോ, പുരോഹിതരുടെ കൂട്ടായ്മയോ, അൽമായരുടെ കൂട്ടായ്മയോ ആകാം) കാനോനൈസേഷൻ പ്രക്രിയയുടെ അപേക്ഷകൻ (ധാർമികവും സാമ്പത്തികമായി സഹായിക്കുന്ന വ്യക്തി/ സമൂഹം) ആകാം.

3. മെത്രാൻ രൂപതാ തലത്തിൽ ഒരു പോസ്റ്റുലേറ്ററിനെ നിയമിക്കുന്നു. പോസ്റ്റുലേറ്റർ പുരോഹിതനോ, സമർപ്പിത ജീവിതം നയിക്കുന്ന വ്യക്തിയോ, അല്മായനോ ആകാം. പോസ്റ്റുലേറ്റർ, ദൈവദാസനാക്കാൻ പോകുന്ന വ്യക്തിയുടെ ജീവിതത്തെ സമഗ്രമായി പഠനം നടത്തുകയും, വിശുദ്ധിയുടെ ആവശ്യകതയെപ്പറ്റി അന്വേഷണം നടത്തുകയും ചെയ്യണം. അതുപോലെതന്നെ നാമകരണ പ്രക്രിയയിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നേരിട്ട് രൂപതാ മെത്രാനെ അറിയിക്കേണ്ടതും പോസ്റ്റുലേറ്ററിന്റെ കടമയാണ്.

4. പോസ്റ്റുലേറ്റർ നാമകരണ പ്രക്രിയ തുടങ്ങുന്നതിനായി അധികാരപരിധിയിലുള്ള രൂപതയുടെ ബിഷപ്പിന് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നു. നാമകരണ പ്രക്രിയ തുടങ്ങേണ്ട വ്യക്തി മരണമടഞ്ഞ് 30 വർഷത്തിനു മുൻപെങ്കിലും റിപ്പോർട്ട് സമർപ്പിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ വൈകാനുള്ള കാരണം വ്യക്തമായി ബോധിപ്പിക്കേണ്ടതാണ്. പോസ്റ്റുലേറ്റർ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങളും കൂടെ സമർപ്പിക്കേണ്ടതാണ്.

(a.) ദൈവദാസനാക്കാൻ പോകുന്ന വ്യക്തിയുടെ ജീവചരിത്രം

(b.) ദൈവദാസനാക്കാൻ പോകുന്ന വ്യക്തിയുടെ ജീവിതത്തെയും പ്രവൃത്തിയെയും കുറിച്ച് (സദ്ഗുണങ്ങളെക്കുറിച്ചോ, രക്തസാക്ഷിത്വത്തെക്കുറിച്ചോ, വിശുദ്ധിയുടെ അടയാളങ്ങളെക്കുറിച്ചോ, പ്രശസ്തിയെക്കുറിച്ചോ)കൃത്യമായി ക്രമീകരിച്ച ഒരു റിപ്പോർട്ട്.

(c.) ദൈവദാസനാക്കാൻ പോകുന്ന വ്യക്തി പ്രസിദ്ധീകരിച്ച വല്ല രചനയും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ്

(d.) ദൈവദാസനാക്കാൻ പോകുന്ന വ്യക്തിയുടെ ജീവിതത്തിലെ സദ്ഗുണങ്ങളെക്കുറിച്ചോ വിശുദ്ധിയുടെ അടയാളങ്ങളെക്കുറിച്ചോ ഉള്ള സത്യം വെളിച്ചത്തു കൊണ്ടുവരുവാൻ സഹായിക്കുന്ന വ്യക്തിയുടെ വിവരങ്ങൾ.

5. പോസ്റ്റുലേറ്ററിന്റെ റിപ്പോർട്ട് സ്വീകരിച്ച രൂപതാ മെത്രാൻ, ദൈവദാസനാക്കാൻ പോകുന്ന വ്യക്തിയുടെ ജീവിത വിശുദ്ധിയെക്കുറിച്ച് ലഭിച്ച റിപ്പോർട്ട് പഠിച്ചശേഷം, റീജിയണൽ ബിഷപ്പ് കോൺഫറൻസിലോ, സമീപ രൂപതയിലെ മെത്രാന്മാരുടെയോ അനുമതി തേടുന്നു. തുടർന്ന് മറ്റു മെത്രാന്മാരുടെയും പോസ്റ്റുലേറ്ററിന്റെയും അപേക്ഷകന്റെയും അംഗീകാരത്തോടെ അധികാരപരിധിയിലുള്ള മെത്രാൻ പോസ്റ്റുലേറ്ററിന്റെ റിപ്പോർട്ട് പരസ്യപ്പെടുത്തുന്നു. ദൈവജനത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് രൂപതാ അധ്യക്ഷൻ എല്ലാ

ഡോക്യുമെന്റുകളും റോമിലെ വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന് അയച്ചു കൊടുക്കുന്നു.

(6.) പരിശുദ്ധ സിംഹാസനം ഡോക്യുമെന്റുകൾ പരിശോധിച്ച് പഠിച്ചശേഷം മൂന്ന് രീതിയിൽ രൂപതയ്ക്ക് മറുപടി നൽകുന്നു.

a. Nihil Obstat- നാമകരണ പ്രക്രിയ തുടങ്ങാം. പ്രശ്നങ്ങൾ യാതൊന്നുമില്ല.

b. Non Obstat- നാമകരണ പ്രക്രിയ തുടങ്ങാം. ചില കാര്യങ്ങളിൽ വ്യക്തത നൽകേണ്ടിയിരിക്കുന്നു.

c. Obstare- തടസ്സമുണ്ട്. നാമകരണ പ്രക്രിയ തുടങ്ങുവാൻ കഴിയുകയില്ല.

ആദ്യത്തെ രണ്ടു മറുപടികളിൽ ഏതെങ്കിലും ഒന്ന് ലഭിച്ചാൽ തന്നെ രൂപതാ തലത്തിൽ നാമകരണ പ്രക്രിയ തുടങ്ങാവുന്നതാണ്. തുടർന്ന് രൂപത അധ്യക്ഷനും കൂരിയയും പോസ്റ്റുലേറ്ററും അപേക്ഷകനും കൂടി തീരുമാനിച്ച് ഒരു ദിവസം ആഘോഷപൂർണ്ണമായി ദിവ്യബലി അർപ്പിച്ച്, റോമിലെ വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന്റെ അംഗീകാരത്തോടെ ദൈവദാസനായി അഥവാ ദൈവദാസിയായി പ്രഖ്യാപിക്കുന്നു.

7. തുടർന്നുള്ള നാമകരണ പ്രക്രിയയിലെ ധന്യപദവി രണ്ട് ഘട്ടങ്ങൾ ആയി അടങ്ങിയിരിക്കുന്നു. 1. രൂപത തലത്തിലും, 2. റോമാ തലത്തിലും.

**രൂപത തലത്തിൽ-**

*a.* രൂപതാ അധ്യക്ഷനോ, അഥവാ രൂപതാ അധ്യക്ഷൻ തീരുമാനിക്കുന്ന എപ്പിസ്കോപ്പൽ ഡെലഗേറ്റോ, ഒരു ട്രൈബ്യൂണൽ രൂപതാ തലത്തിൽ രൂപീകരിക്കുന്നു. ട്രൈബ്യൂണൽ പ്രമോട്ടർ ഓഫ് ജസ്റ്റിസ്, നോട്ടറി, ട്രാൻസ്ലേറ്റർ, കോപ്പിയിസ്റ്റ് എന്നിവർ ഉൾക്കൊള്ളുന്നതാണ്. പോസ്റ്റുലേറ്റർ പറഞ്ഞ വ്യക്തികളെ തെളിവുകൾക്കായി അഭിമുഖം നടത്തുകയാണ് ട്രൈബ്യൂണലിന്റെ ലക്ഷ്യം. സാക്ഷികൾ എല്ലാവരും വിശ്വസനീയരായിരിക്കണം. സാക്ഷികളുടെ മൊഴി റോമിലെ തിരുസംഘം അംഗീകരിച്ചിരിക്കുന്ന അഞ്ചു ഭാഷകളിലെ (ലാറ്റിൻ, ഇറ്റാലിയൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, സ്പാനിഷ്) ഏതെങ്കിലും ഒരു ഭാഷയിലേക്ക് ട്രാൻസ്ക്രിപ്റ്റ് ചെയ്തശേഷം, നോട്ടറി ഓരോ ഡോക്യുമെന്റുകളിലും തന്റെ മുദ്ര പതിപ്പിച്ച് ഒറിജിനൽ സൂക്ഷിക്കണം. ട്രൈബ്യൂണലിലെ അംഗങ്ങൾ തങ്ങളുടെ കടമ വിശ്വസ്തതയോടെ നിറവേറ്റുമെന്ന് പ്രതിജ്ഞയെടുക്കുകയും, രഹസ്യം നിലനിർത്തുവാൻ ബാധ്യസ്ഥരാക്കിയിരിക്കുകയും വേണം.

*b.* രൂപതാ അധ്യക്ഷൻ ഹിസ്റ്റോറിക്കൽ കമ്മീഷനെ നിയമിക്കുന്നു (ചുരുങ്ങിയത് മൂന്നുപേർ എങ്കിലും). ദൈവദാസൻ തന്റെ ജീവിതകാലയളവിൽ പ്രസിദ്ധീകരിക്കാത്ത എഴുത്തുകൾ ശേഖരിക്കുന്നതിനാണ് ഈ കമ്മീഷൻ. അതോടൊപ്പം തന്നെ ഈ കമ്മീഷന്റെ നേതൃത്വത്തിൽ ദൈവദാസനെപ്പറ്റിയുള്ള ചരിത്ര ഡോക്യുമെന്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ശേഷരിച്ച് സൂക്ഷിച്ചു വയ്ക്കുന്നു.

*c.* രൂപതാ അധ്യക്ഷൻ തിയോളജിക്കൽ സെൻസെർസിനെ നിയമിക്കുന്നു (ചുരുങ്ങിയത് രണ്ടുപേർ എങ്കിലും). ദൈവദാസൻ പ്രസിദ്ധീകരിച്ച രചനകൾ വായിച്ച്, പഠിച്ച് അതിൽ അടങ്ങിയിരിക്കുന്ന ക്രിസ്തീയ വിശ്വാസത്തെപ്പറ്റിയും, സന്മാർഗ്ഗത്തെപ്പറ്റിയും, ദൈവദാസന്റെ വിശുദ്ധമായ ജീവിത ശൈലിയെപ്പറ്റിയും ഒരു വിലയിരുത്തൽ നടത്തി, അത് ഡോക്യുമെന്റായി ബിഷപ്പിന് രഹസ്യമായി നൽകുന്നു. അങ്ങനെ രൂപതാ തലത്തിൽ ശേഖരിച്ച തെളിവുകളും, സാക്ഷികളുടെ മൊഴികളും, ഡോക്യുമെന്റുകളും എല്ലാം സൂക്ഷിച്ചു വയ്ക്കുന്നു. എല്ലാം പൂർത്തിയായി കഴിയുമ്പോൾ ഒറിജിനൽ ഡോക്യുമെന്റിന്റെ രണ്ട് പകർപ്പുകൾ എടുക്കുന്നു. ഈ രണ്ട് പകർപ്പുകളും, അനുബന്ധ രേഖകളും മുദ്രകൾകൊണ്ട് കൃത്യമായി പൊതിഞ്ഞ് റോമിലെ വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന് അയച്ചുകൊടുക്കുന്നു. ഒറിജിനൽ ഡോക്യുമെന്റ് രൂപതയിലെ ആർക്കൈവിൽ സൂക്ഷിക്കുന്നു. രൂപതാ തലത്തിലുള്ള അന്വേഷണം അവസാനിക്കുന്നതിനു മുൻപായി രൂപതാ അധ്യക്ഷനോ, അഥവാ അദ്ദേഹത്തിന്റെ പ്രതിനിധിയോ, ദൈവദാസന്റെ ശവകുടീരം, അദ്ദേഹം താമസിച്ചിരുന്നതോ മരിച്ചതോ ആയ മുറി എന്നിവ ശ്രദ്ധാപൂർവ്വം പരിശോധിക്കണം. ഊർബൻ എട്ടാമൻ മാർപാപ്പയുടെ ഉത്തരവ് പ്രകാരം, ആരാധനാപരമായ പ്രവർത്തനത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പ്രഖ്യാപനം കൂടി അദ്ദേഹം നടത്തണം.

***റോമാ തലത്തിൽ:***

*a.* റോമിൽ ലഭിച്ച രണ്ട് ബോക്സുകളിലെ ഡോക്യുമെന്റുകളിലെ, ഒരു ബോക്സ് റോമിലെ വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന്റെ ആർക്കൈവിൽ സൂക്ഷിക്കുന്നു. രണ്ടാമത്തെ ബോക്സ്, രൂപത അധ്യക്ഷന്റെയും വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന്റെയും അനുവാദത്തോടെ നിയമിക്കുന്ന റോമിലെ പോസ്റ്റുലേറ്ററിന് നൽകുന്നു. റോമിലെ പോസ്റ്റുലേറ്റർ ആകുവാൻ വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന്റെ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ നാമകരണ പ്രക്രിയ കാലയളവിൽ പോസ്റ്റുലേറ്റർ റോമിൽ സ്ഥിരമായി താമസിക്കേണ്ടിയിരിക്കുന്നു.

*b.* റോമിലെ പോസ്റ്റുലേറ്റർ തനിക്ക് ലഭിച്ച ഡോക്യുമെന്റുകൾ ഉപയോഗിച്ച് തിരുസംഘം അറിയിക്കുന്ന പോസ്റ്റുലേറ്ററിന്റെ നിർദ്ദേശപ്രകാരം 'പൊസിസിയോ' (ദൈവദാസന്റെ ജീവചരിത്രവും, വിശുദ്ധിക്ക് ആവശ്യമായ കാരണങ്ങളും, ദൈവദാസനിലെ പുണ്യങ്ങളെ പറ്റിയും, തിരുസഭയ്ക്ക് ദൈവദാസന്റെ ആവശ്യകതയെപ്പറ്റിയും വ്യക്തമാക്കിക്കൊണ്ട്) എഴുതുന്നു.

*c.* മെത്രാന്മാരുടെ തിയോളജിക്കൽ കൺസൾട്ടേഴ്സും, കർദ്ദിനാളന്മാരുടെ ഓർഡിനറി സെക്ഷനും, റോമിലെ പോസ്റ്റുലേറ്റർ എഴുതിയ പൊസിസിയോ വായിച്ച് ദൈവദാസന് സഭയിലുള്ള ആവശ്യകതയെപ്പറ്റി പഠനം നടത്തി, അതിനെ വിലയിരുത്തി, തുടർന്ന് വോട്ട് നടത്തിയശേഷം, പരിശുദ്ധ പിതാവിന് റിപ്പോർട്ട് നൽകുന്നു. പരിശുദ്ധ പിതാവ്, ദൈവശാസ്ത്രജ്ഞരുടെ റിപ്പോർട്ട് പ്രകാരം ദൈവദാസനെ ധന്യൻ എന്നും ദൈവദാസിയെ ധന്യ എന്നും പ്രഖ്യാപിക്കുന്നു.


8. ധന്യനെ വാഴ്ത്തപ്പെട്ടവനായി അഥവാ ധന്യയെ വാഴ്ത്തപ്പെട്ടവളായി ഉയർത്തുന്നതിന്

അത്ഭുതങ്ങൾ കൂടിയേ തീരൂ. എന്നാൽ രക്തസാക്ഷികൾക്ക് വാഴ്ത്തപ്പെട്ടവരായി ഉയർത്തുന്നതിന് അത്ഭുതങ്ങൾ വേണ്ട. കാരണം ജീവിതംകൊണ്ട് അവർ ക്രിസ്തുവിന് സാക്ഷ്യം നൽകിയവരാണ്. എന്നാൽ വിശുദ്ധമായ ജീവിതം നയിച്ചവർ വാഴ്ത്തപ്പെട്ടവരാകണമെങ്കിൽ അത്ഭുതങ്ങൾ കൂടിയേ തീരൂ. അതും അത്ഭുതങ്ങൾ ധന്യയുടെ മധ്യസ്ഥ സഹായം വഴി മാത്രം ലഭിച്ചതായിരിക്കണം. അത്ഭുതങ്ങൾ ധന്യയുടെ മാധ്യസ്ഥ്യത്തിൽ എവിടെയാണോ നടക്കുന്നത് ആ പ്രദേശത്തെ മെത്രാനേ, കാനനൈസേഷൻ പ്രക്രിയയുടെ തുടർ പ്രവർത്തനത്തിനുള്ള അധികാരമുള്ളൂ. അത്ഭുതങ്ങളെപ്പറ്റി വ്യക്തമായ ശാസ്ത്രീയ പഠനം നടത്തിയതായിരിക്കണം. സുഖം പ്രാപിച്ച വ്യക്തി ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെങ്കിൽ, രോഗശാന്തിയുടെ ദൈർഘ്യം ഉറപ്പാക്കാൻ വിദഗ്ധർ അദ്ദേഹത്തെ പരിശോധിക്കണം. അത്ഭുതകരമായ രോഗശാന്തിയുടെ കാര്യത്തിൽ രോഗിയെ ചികിത്സിച്ച ഡോക്ടർമാരെ സാക്ഷികളായി വിളിക്കേണ്ടതാണ്. അതിന്റെ കൃത്യമായ റിപ്പോർട്ടും ഡോക്യുമെന്റുകളും ശേഖരിച്ച് റോമിലെ വിശുദ്ധന്മാരുടെ നിയമനത്തിനുള്ള തിരുസംഘത്തിന് അയച്ചുകൊടുക്കണം. തിരുസംഘം അത് വിദഗ്ധരായ മെഡിക്കൽ ഡോക്ടർമാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും ഒടുവിൽ, മെത്രാന്മാരുടെയും കർദ്ദിനാൾമാരുടെയും സഹായത്തോടെ പഠിച്ച് വിലയിരുത്തിയ ശേഷം, പരിശുദ്ധ പിതാവിന് റിപ്പോർട്ട് നൽകുകയും, തുടർന്ന് പരിശുദ്ധ പിതാവ്, വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

9. വാഴ്ത്തപ്പെട്ടവരെ വിശുദ്ധരായി തിരുസഭയിൽ പ്രഖ്യാപിക്കണമെങ്കിൽ വീണ്ടും ഒരു അത്ഭുതം വാഴ്ത്തപ്പെട്ടവരുടെ മാധ്യസ്ഥ്യത്താൽ നടക്കേണ്ടിയിരിക്കുന്നു. തിരുസഭയിൽ വിശുദ്ധരെ പ്രഖ്യാപിക്കാൻ പരിശുദ്ധ പിതാവിന് മാത്രമേ അവകാശമുള്ളൂ.



# ജീവിത പുണ്യം






പ്രേമ സിറിൾ
കാക്കനാട്

*കാതരമിഴികളിൽ
തെളിഞ്ഞിടും പുണ്യം.
സാത്വിക ഭാവമുണർത്തും
മൃദുഹാസം.
അഞ്ജലിബദ്ധം
തവകരം പുൽകും
ജപമാല ചൊല്ലും
മനോജ്ഞമാനസം
നശ്വര ലോകത്തിൻ
വ്യർത്ഥതയറിഞ്ഞവൾ
വിണ്ണിന്റെ നാഥനിൽ
അഭയംഗമിച്ചവൾ
പാതിവഴിയിലായ്
തീർന്നൊരു ജീവിതം
പാഴിലാക്കാതെ
പൊരുതി ജയിച്ചവൾ
ഇന്നിന്റെ മക്കൾ
വണങ്ങുന്നു നിന്നെ
നെഞ്ചിലേറ്റിടുന്നു
നിന്നിലെ മാതാവിനെ
പ്രാർത്ഥന നിറയും
ഏലീശ്വയാം അമ്മയെ
നാരികൾക്കും നീ
മാതൃകയേകുന്നു*

വാഴ്ത്തപ്പെട്ട
മദർ ഏലീശ്വായേ
ഞങ്ങൾക്കായ്
പ്രാർത്ഥിക്കണമേ.



.....................പ്രാർത്ഥനാംശസകൾ!.........................

സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് , പോണേക്കര
ഇടവക വികാരി, ഇടവകാംഗങ്ങൾ





**ദിവ്യബലി സമയം**
ഇടദിവസങ്ങളിൽ : 06.30 AM
ഞായറാഴ്ച : 06.30 AM, 08.00 AM,
06.00 PM

**സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് ,
പോണേക്കര**

# ക്രിസ്മസ്: വചനം നമ്മിൽ മാംസം ധരിക്കേണ്ട കാലഘട്ടം





**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**

പുതിയ നിയമത്തിലെ ഏറ്റവും ഹൃദ്യമായ ക്രിസ്മസ് വിവരണം നല്കുന്നത് വി. ലൂക്കാ സുവിശേഷകനാണ്. അദ്ദേഹത്തിന്റെ രചനയനുസരിച്ച് മാലാഖമാർ ക്രിസ്തുവിന്റെ ജനനം ആദ്യമായി അറിയിക്കുന്നത് ആട്ടിടയന്മമാരേയാണ്. ദൂതർ അവരോട് പറഞ്ഞു "ഭയപ്പെടേണ്ട ഇതാ സകല ജനതകൾക്കും വേണ്ടിയുള്ള ഒരു സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ യേശു ജനിച്ചിരിക്കുന്നു (ലൂക്കാ 2:10-11). ഈ സദ് വാർത്ത കേട്ട ഇടയന്മാർ തമ്മിൽ തമ്മിൽ പറഞ്ഞു "കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം (ലൂക്കാ 2:15). പ്രസ്തുത വാക്യം മൂലഭാഷയായ ഗ്രീക്കിൽ നിന്ന് വിവർത്തനം ചെയ്യുമ്പോൾ ഇത് അർത്ഥമാക്കുന്നത് അവിടെ സംഭവിച്ച ഈ

വചനം നമുക്ക് കാണാം എന്നതാണ്. ദൈവവചനം മർത്യനായി അവതരിച്ചതിന്റെ ശാശ്വതമായ സ്മരണയാണ് ഓരോ ക്രിസ്മസും നമുക്കു നല്കുന്നത്.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജയന്തിയുടെ ജൂബിലി ആഘോഷമാണല്ലോ 2025-ൽ സഭ കൊണ്ടാടുന്നത്. ജൂബിലി ആഘോഷങ്ങളുടെ സമാപനമാസം, വചനബന്ധിതമായ ഒരു ക്രൈസ്തവ ജീവിതം നയിക്കുവാനാണ് സഭ നമ്മെ ക്ഷണിക്കുന്നത്. ആയതിനാൽ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ദൈവാലയങ്ങളിലും കുടുംബങ്ങളിലും വചനപ്രതിഷ്ഠ എന്ന സദ്കർമ്മം നടത്തുവാനാണ് വരാപ്പുഴ അതിരൂപത ജൂബിലി ആഘോഷകമ്മിറ്റിയുടെ ആലോചന. തിരുവചന ധ്യാനം പരിചയപ്പെടുത്തുന്നതിനായി ലക്സിയോ ദിവിനാ എന്ന ധ്യാനരീതിയെ പരിചയപ്പെടുത്തുവാനും ഈ മാസം നാം ഉപയോഗിക്കുകയാണ്.

**അനുദിന ഭോജ്യമാകേണ്ട തിരുവചനം**

വി. യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായത്തിന് നല്കിയിരിക്കുന്ന തലക്കെട്ട് യേശു ജീവന്റെ അപ്പമെന്നതാണ്. യേശു ജീവന്റെ അപ്പത്തെക്കുറിച്ച് പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ശിഷ്യരിൽ പലരും പറഞ്ഞു ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും (6:60). ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി. യേശു പന്ത്രണ്ടു പേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്' (യോഹ 6:65). ശിമയോന്റെ ഈ മറുപടിയുടെ പശ്ചാത്തലത്തിൽ യേശു നിത്യജീവൻ നല്കുന്ന അപ്പം എന്നു സൂചിപ്പിക്കുന്നത് അവിടുത്തെ വചനത്തെക്കുറിച്ചാണെന്ന് വേദശാസ്ത്രികൾ പറയുന്നു.

വി. മത്തായി അറിയിച്ച സുവിശേഷം 4-ാം അധ്യായത്തിൽ മരുഭൂമിയിലെ പരീക്ഷയിൽ പ്രലോഭകൻ കല്ലുകളെ അപ്പമാക്കി ഭക്ഷിക്കാൻ ആവശ്യപ്പെടുമ്പോൾ, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" (മത്താ 4:4) എന്ന വചനം ജീവദായക അപ്പമാണെന്നു വ്യക്തമാക്കുന്നതാണ്. ആയതിനാൽ യോഹന്നാന്റെ സുവിശേഷം 14:6 വാക്യം "ഞാൻ വഴിയും സത്യവും ജീവനുമാണ്" എന്നുപറയുമ്പോൾ ക്രിസ്തുവിന്റെ വചനമാണ് നാം സഞ്ചരിക്കേണ്ട വഴിയെന്നും, വചനം തന്നെയാണ് നാം ഗ്രഹിക്കേണ്ട സത്യമെന്നും, വചനമാണ് നമ്മുടെ ജീവദായകമായ അപ്പമെന്നും വ്യക്തമാകുന്നു.

**ലകസിയോ ദിവിനാ- (ജ്ഞാനവായന) ധ്യാനരീതി**

വിശുദ്ധ ഗ്രന്ഥത്തിൽ ജറമിയാ പ്രവാചകൻ വചനം ഭക്ഷിക്കുന്നതും അത് പ്രവാചകർക്ക് സന്തോഷം പ്രദാനം ചെയ്യുന്നതായും നാം വായിക്കുന്നു. എസക്കിയേൽ പ്രവാചകനോടും (എസക്കിയേൽ 3:1) യോഹന്നാൻ അപ്പോസ്തലനോടും (വെളി 10:9) ദൈവം തിരുവചനം ഭക്ഷിക്കാൻ ആവശ്യപ്പെടുന്നത് നാം കാണുന്നു. ദൈവവചനം രാവും പകലും ധ്യാനിക്കാൻ ജോഷ്വയോട് ആവശ്യപ്പെടുന്നതും (ജോഷ 1:8) ദൈവവചനം ധ്യാനവിഷയമാക്കുന്നവർ അനുഗൃഹീതരെന്ന് സങ്കീർത്തന പുസ്തകം വിളിക്കുന്നതും (സങ്കീർത്തനം 1) നാം കാണുന്നു. ഈ ധ്യാനാത്മകത വചന ഭോജനത്തിന് ഏറ്റവും സഹായകമായി പരിശുദ്ധ പിതാക്കന്മാർ മുന്നോട്ടുവയ്ക്കുന്ന ധ്യാനരീതിയാണ് ലക്സിയോ ദിവിനാ അഥവാ ജ്ഞാനവായന രീതി. ഇതിന് അഞ്ച് പടികളുണ്ട്.

**1. വായന**

ഇത് ദൈവവചനത്തിന്റെ സാവധാനത്തിലുള്ള വായനയാണ്. വിശുദ്ധഗ്രന്ഥ ഭാഗം ഒന്നോ അതിൽ കൂടുതലോ വായിച്ച് തിരുവചനം അതിൽതന്നെ ദൈവ ക്രിസ്തു എന്താണ് പറയുന്നതെന്ന് ഗ്രഹിക്കുന്നു. ധൃതിയിലല്ല, സാവധാനത്തിലാണ് വായിക്കേണ്ടത്.

ഇതിൽനിന്ന് ആകർഷകമായ് വചനഭാഗം ശ്രോതാവ് സ്വീകരിച്ച് ആവർത്തിക്കുന്നു.

**2.ധ്യാനം**

ദൈവവചനം ഇന്ന് എന്നോട് എന്തു പറയുന്നുവെന്ന് രണ്ടാം ഘട്ടത്തിൽ ഗ്രഹിക്കാൻ ശ്രമിക്കുന്നു. ഇതിനായി നമ്മെ വചനത്തിന്റെ തലത്തിലേക്കു സമർപ്പിച്ച് ഇതിലൂടെ കർത്താവ് എന്താണ് എന്നിൽനിന്നും ആവശ്യപ്പെടുന്നത് എന്ന് ധ്യാനിക്കുന്നയാൾ ആരായുന്നു.

**3. പ്രാർത്ഥന**

കഴിഞ്ഞ രണ്ടു പടികളുടെ വെളിച്ചത്തിൽ ദൈവവചനത്തോടുള്ള നമ്മുടെ പ്രതികരണം പ്രാർത്ഥനയായി ദൈവതിരുമുമ്പാകെ സമർപ്പിക്കുന്നു. പ്രാർത്ഥന നന്ദിപ്രകരണമാകാം, അനുതാപ വചസുകളാവാം, മദ്ധ്യസ്ഥ പ്രാർത്ഥനകളാവാം.

**4. സ്നേഹപ്രകരണം**

എന്നെത്തന്നെ വചനത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ കണ്ണുകൾകൊണ്ടു കാണുന്നു. ദൈവം നമ്മോട് കാണിക്കുന്ന സ്നേഹം തിരിച്ചറിഞ്ഞ് ദൈവത്തിന് കൃതജ്ഞതാ സ്തോത്രങ്ങൾ സമർപ്പിക്കുന്നു.

**5.പ്രവൃത്തി**

ഈ ധ്യാനവെളിച്ചത്തിൽ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് പ്രവർത്തിക്കാൻ തീരുമാനിക്കുന്നു.

ഈ അഞ്ചു പടികളിലൂടെയുള്ള ദൈവവചന വായനരീതി പരിശീലിക്കുകയാണ് കേരള കത്തോലിക്കാ മെത്രാൻ സമിതി. ബൈബിൾ മാസമായി ആചരിക്കുന്ന ഈ ഡിസംബർ മാസത്തിൽ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വരാപ്പുഴ അതിരൂപതയിലെ ഇടവക ദൈവാലയങ്ങളും കുടുംബങ്ങളും ശ്രമിക്കുക. ഇങ്ങനെ ദൈവവചനം പാറപ്പുറത്തും, വഴിയരികിലും പതിക്കാതെ ദൈവവചനത്തിന് യഥാർത്ഥത്തിൽ തുറവിയുള്ളവരായിരിക്കുവാൻ ഈ വചനമാസം നമ്മെ ക്ഷണിക്കുന്നു.



**വചനഗ്രന്ഥ പ്രതിഷ്ഠ**

വചനഗ്രന്ഥം നമ്മുടെ ഭവനത്തിൽ പ്രതിഷ്ഠിക്കുകയെന്ന കർമ്മമാണ് ഡിസംബർ മാസത്തിൽ നാം ചെയ്യേണ്ടത്. വചനഗ്രന്ഥം പ്രത്യേക പീഠം ഉണ്ടാക്കി അതിൽ വയ്ക്കുക. ഒരു ദൈവാലയത്തിൽ സക്രാരിയുടെ പ്രാധാന്യം എത്രത്തോളമുണ്ടോ അതേ ആദരവോടുകൂടിത്തന്നെ ജീവന്റെ വചനഗ്രന്ഥം ഭവനങ്ങളിൽ പ്രതിഷ്ഠിക്കുകയും, ഓരോ ദിവസവും കുടുംബപ്രാർത്ഥനയ്ക്കു ശേഷം പ്രാർത്ഥനാപൂർവ്വം പീഠത്തിൽ നിന്ന് ബൈബിൾ എടുത്ത് വായിക്കുകയും തുടർന്ന് വായിച്ച വചനത്തെക്കുറിച്ച് മുൻ സൂചിപ്പിച്ച ലെകസിയോ ദിവിത/ജ്ഞാനവായന രീതിയനുസരിച്ച് ധ്യാനിക്കുകയും വേണം.

## ഓർമ്മച്ചെപ്പ്

*ധന്യ മദർ എലിശ്വയുടെ വരാപ്പുഴയിലെ സ്മൃതി മന്ദിരത്തിൽ മലേഷ്യ പെനാംഗ് രൂപതാ മെത്രാൻ അത്യുന്നത കർദിനാൾ ഡോ.സെബാസ്റ്റ്യൻ ഫ്രാൻസിസ് പുഷ്പാർച്ചന നടത്തുന്നു. ടാൻസാനിയ രൂപത മെത്രാൻ ഡോ.വിൻസന്റ് കോസ് , സാമ്പിയ രൂപത മെത്രാൻ ഡോ.ജോർജ് കോസ്മോസ് ,മദർ ഏലീശ്വയുടെ നാമകരണ പോസ്റ്റ്ലെറ്റർ ഫാ.മാർക്കോ ചിയേസ,വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ.ആൻറണി വാലുങ്കൽ,സിടിസി മദർ ജനറൽ സി.ഷാഹില,വികാർ ജനറൽ മോൺ. മാത്യു ഇലഞ്ഞി മിറ്റം, ഡോ.അഗസ്റ്റിൻ മുള്ളൂർ ഓ സി ഡി ,ചാൻസിലർ ഫാ.എബജിൻ അറക്കൽ,എന്നിവർ സമീപം.*

06.11.2025



# പാലപ്പൂമണമുള്ള ക്രിസ്മസ് രാവ്



ഫാ. ബോബി ജോസ്
കട്ടിക്കാട്ട്

'നീയറിഞ്ഞോ മേരീ, ഉണ്ണിയെ മുത്തിയപ്പോൾ ദൈവത്തെ ചുംബിക്കുകയായിരുന്നുവെന്ന്.' – ഈ വരികൾ ഉൾപ്പെടുന്ന കാരൾഗീതം നിശ്ചയമായും കേൾക്കണം. ഓരോ കുഞ്ഞിനുമുള്ള വാഴ്ത്താണത്, ഇഴയുകയും കരയുകയും കൈകാലിട്ടടിക്കുകയുമൊക്കെ ചെയ്യുന്ന ഒരു ഇത്തിരിപ്പൈതൽ ആരെയാണ് ഉള്ളിൽ വഹിക്കുന്നതെന്ന്.

പല കാരണങ്ങൾ കൊണ്ട് വൈകിയെത്തുന്ന കുഞ്ഞുങ്ങളെ precious baby എന്നു വിളിക്കുന്ന രീതിയുണ്ട്. നേരത്തെ ലഭിച്ചതു കൊണ്ടും കാത്തിരിപ്പിന്റെ വ്യാകുലമറിയാത്തതുകൊണ്ടും മടിയിലെ കുഞ്ഞുങ്ങളെ അത്രയും വിസ്മയത്തോടു കൂടി നാം ഇനിയും കണ്ടിട്ടില്ല. കുഞ്ഞുങ്ങളെ കണ്ടു വിസ്മയിക്കാനും കണ്ണു നിറയാനും കൂടിയാണ് പിറവിത്തിരുന്നാൾ.

ടാഗോറിന്റെ ഒരു കൃയുണ്ടായിരുന്നു, The Child's Return. റായി ചരൺ എന്ന അതിവിശ്വസ്തനായ ഒരു സേവകൻ. ഒരു കാലവർഷത്തിൽ പത്മാനദിക്കരയിലേക്ക് കുഞ്ഞുമായിപോയ അയാൾ അവന്റെ ശാഠ്യത്തിന് ഒരു കടമ്പിൻ പൂങ്കുല പൊട്ടിച്ചുകൊടു ക്കാനായി ഒന്ന് ശ്രദ്ധ തിരിച്ച പ്പോൾ കുഞ്ഞ് പുഴയിൽ പെട്ടുപോയി. സങ്കടം കൊണ്ടാവണം, അയാൾ തന്റെ കുഞ്ഞിനെ മോഷ്ടിച്ചെടുത്തുവെന്ന് യജമാനന്റെ ഭാര്യ ആരോപിക്കുന്നു. മനസ്സു നുറുങ്ങിയ അയാൾ ഗ്രാമത്തിലേക്കു മടങ്ങി. ഒരു അത്ഭുതമുണ്ടായി; വയോധികരായ അയാൾക്കും ഭാര്യക്കും ഒരു ഉണ്ണി പിറന്നു. പുഴ കൊണ്ടുപോയ കുഞ്ഞ് പിരിയാനാവാത്തതു കൊണ്ട് തന്റെ അടുക്കലേക്കെത്തിയതാണെന്ന് അയാൾ സത്യമായും വിശ്വസിച്ചു. അതുകൊണ്ടുതന്നെ സ്വന്തം മകനെന്ന നിലയിലല്ല, യജമാനന്റെ കുഞ്ഞായിട്ടാണ് അവനെ ഗണിച്ചതും പരിചരിച്ചതും. കുറേക്കൂടി മുമ്പോട്ടു പോകുമ്പോൾ കുഞ്ഞിന്റെ ആവശ്യങ്ങൾ പരിഹരിക്കാനുള്ള പ്രാപ്തി തനിക്കില്ലെന്ന് പണി കൂടി നഷ്ടമായ അയാൾ തിരിച്ചറിയുന്നു.

കുഞ്ഞിനെ യജമാനന് തിരികെ കൊടുക്കാമെന്നു തീരുമാനിച്ചു. അയാൾ യജമാനന്റെ മുമ്പിൽ കുമ്പസാരിക്കുന്നു, താനായിരുന്നു കുഞ്ഞിനെ മോഷ്ടിച്ചതെന്ന്. തെല്ല് അയുക്തി ഉണ്ടെങ്കിലും, ഭാര്യ ആ തിരയിൽ പെട്ടുപോയി എന്നു മനസ്സിലാക്കിയ ന്യായാധിപൻ കൂടിയായ യജമാനൻ കുട്ടിയെ സ്വീകരിക്കുന്നു. 'അയാൾക്ക് എന്തെങ്കിലുമൊരു തുക മാസാവസാനം അയച്ചുകൊടുക്കണം' എന്നുപറഞ്ഞ് കുട്ടി ഉദാരനാവുന്നുണ്ട്. ആളില്ല എന്ന കാരണത്താൽ ആദ്യമയച്ച തുക തന്നെ മടങ്ങിവരികയും ചെയ്യുന്നു. ഗുണപാഠം സുവ്യക്തമാണ് സർ; കുഞ്ഞുങ്ങളെ യജമാനന്റേതാണെന്ന് ഓർത്തിട്ടും യജമാനനു വേണ്ടിയും ഗ്രൂം ചെയ്യുക.

പെട്ടെന്ന് നഭസ്സിൽ തെളിഞ്ഞ ഈ കുഞ്ഞുനക്ഷത്രങ്ങളും പറയുന്നത് അതാണ്, ദൈവം ഭൂമിയേക്കൊണ്ട് ഇനിയും മടുത്തിട്ടില്ല.

കാരൾ ഗായകരെ ഭയന്നു വിളക്കണച്ച് ജനാലയിലൂടെ അവർ മടങ്ങുകയില്ല എന്ന് ഉറ്റുനോക്കി ഉറപ്പിക്കുന്നവരേ, നിങ്ങൾ വിചാരിക്കുന്നതുപോലെ ബുദ്ധി മുത്തൂറ്റിൽ പണയം വച്ചിട്ടല്ല അവരീ മഞ്ഞത്ത് അലയുന്നത്. മാർ ക്രിസോസ്റ്റം ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ഒരു ഓർമ്മ പങ്കുവയ്ക്കുന്നുണ്ട്. എല്ലാവരും ഉറങ്ങിയെന്ന മട്ടിൽ മടങ്ങിപ്പോകാനായി കാരൾ സംഘം ആലോചിച്ചു തുടങ്ങുമ്പോൾ കൂട്ടത്തിൽ ഒരു മോൺസ്റ്റർ എട്ടു ബാറ്ററിയുടെ ടോർച്ച് എടുത്ത് മുന്നിലെ വൈക്കോൽത്തുറുവിനുള്ളിൽ മിന്നിച്ചും കെടുത്തിയും കളിച്ചു. വൈക്കോൽത്തുറുവിനു തീ പിടിച്ചു എന്നലറി വിളിച്ച് സാക്ഷയെടുക്കാൻ നേരമില്ലാത്തതുകൊണ്ട് ജനലഴിയിലൂടെ കുഞ്ഞുകുട്ടി പരാധീനങ്ങ ളെല്ലാം പുറത്തുവന്നു. ശാന്തരാത്രി.. തിരുരാത്രി... ??

'സന്തോഷസൂചകമായി സ്വീകരിച്ചത്' ശകലം കുറഞ്ഞുപോയെന്നോർത്ത് റബർ ഷീറ്റു കൊണ്ട് ഉണ്ണിയെ പൊതിഞ്ഞുപോയ ബാലന്മാരൊക്കെ വളർന്നുവലുതായിട്ടുണ്ടാവും. എന്തൊക്കെ പറഞ്ഞാലും, ഇതൊരു കവിതയുള്ള സങ്കല്പമാണ്. മനുഷ്യർ നിരത്തുകളിലൂടെ സ്നേഹഗീതങ്ങൾ ആലപിച്ചും ആലിംഗനം ചെയ്തും സമ്മാനം കൈമാറിയും ആർദ്രമായൊരു കാലത്തെ രചിക്കും. നമ്മളെത്ര നുള്ളാൻ



*എന്തൊക്കെ പറഞ്ഞാലും, ഇതൊരു കവിതയുള്ള സങ്കല്പമാണ്. മനുഷ്യർ നിരത്തുകളിലൂടെ സ്നേഹഗീതങ്ങൾ ആലപിച്ചും ആലിംഗനം ചെയ്തും സമ്മാനം കൈമാറിയും ആർദ്രമായൊരു കാലത്തെ രചിക്കും. നമ്മളെത്ര നുള്ളാൻ ശ്രമിച്ചാലും പൂർവാധികം പടർപ്പുകളോടെ അത് അവതരിച്ചുകൊണ്ടേയിരിക്കും.*

ശ്രമിച്ചാലും പൂർവാധികം പടർപ്പുകളോടെ അത് അവതരിച്ചുകൊണ്ടേയിരിക്കും. നാലാം നൂറ്റാണ്ടു തൊട്ടു തുടങ്ങിയ വട്ടക്കളിയാണിത് – round dance accompanied by singing. അതേ കാലത്തിലുള്ള മിലാനിലെ ബിഷപ്പായിരുന്ന അംബ്രോസ് പുണ്യാളൻ കാരളിന്റെ തലതൊട്ടപ്പനായി പരിഗണിക്കപ്പെടുന്നുണ്ട്. ആരെങ്കിലുമൊക്കെ ഒരു സ്നേഹഗീതം ഉറക്കെ പാടാനുണ്ടായിരുന്നെങ്കിൽ ലോകം കുറേക്കൂടി അഴകുള്ള ഇടമായേനെ. ക്രിസ്മസ് നാളുകളിൽ മാത്രമല്ല, എല്ലാ കാലത്തിലും അതങ്ങനെ തന്നെയാണ്. അതിനു നിങ്ങൾ ഒരു ബാവുൾ ഗായകനാകണമെന്നോ സൂഫി നർത്തകനാകണമെന്നോ ഒന്നുമില്ല. വെറുതെയൊന്ന് മൂളിപ്പാടാനുള്ള ധൈര്യമുണ്ടായാൽ മാത്രം മതി. ഓർക്കണം, വലിയ ഗായകർക്കില്ലാത്ത ഒരു ആനുകൂല്യം നമുക്കുണ്ട്- മുടിഞ്ഞ ആത്മാർത്ഥത. ഒരു അന്താക്ഷരി പോലും ഒരു ഒത്തുചേരലിനെ കുറേക്കൂടി ഈർപ്പമുള്ളതാക്കി മാറ്റുന്നത് ശ്രദ്ധിച്ചിട്ടില്ലേ?

Les Miserablesൽ, ദൂരെ താഴ്‌വാരങ്ങളിൽ നിന്ന് സായന്തന ങ്ങളിൽ ഉറക്കെ പാടിയിരുന്ന ഒരു ഗായകനുണ്ട്. ലളിതമായ ഒരു നാടോടിപ്പാട്ടാണയാൾ പാടുന്നത്; സ്നേഹിതയ്ക്കു വേണ്ടി എന്ന മട്ടിൽ ചിട്ടപ്പെടുത്തിയത്- 'എന്റെ സെതുൽപേ വരൂ, എന്റെ മനസ്സിൽ വാഴൂ...'

ഒരു കന്യകാലയത്തിൽ അതുണ്ടാക്കിയ വ്യത്യാസം വളരെയായിരുന്നു. ജീവന്റെ നിലവറയിൽ എന്നോ ഒളിപ്പിച്ചുവയ്ക്കുകയും പിന്നെ കാലാന്തരെ മറന്നുതുടങ്ങുകയും ചെയ്ത പ്രണയഭാവത്തെ വീണ്ടെടുക്കാൻ പര്യാപ്തമായിരുന്നു അത്. അതവരുടെ ചലനങ്ങൾക്ക് ഉന്മേഷവും മിഴികൾക്ക് നനവും തിരികെ കൊടുത്തു. തൂവാലയിൽ പൂക്കൾ നെയ്യുന്നതുപോലെ ഏകാഗ്രതയിലും പുഞ്ചിരിയിലും അവർ തങ്ങളുടെ കർമ്മങ്ങളിൽ ഏർപ്പെട്ടു. ഇരുൾവീണ ഇടനാഴികളിൽ മൂളിപ്പാട്ടും പൊട്ടിച്ചിരിയും പിന്നെ വാക്കിനേക്കാൾ പ്രഭയുള്ള മൗനവും ഉണ്ടായി.

പാലപ്പൂമണമുള്ള ഈ രാവുകളിൽ മോഹിപ്പിക്കുന്ന പാട്ടുകളും പാട്ടുകാരുമുണ്ടാവട്ടെ... അറിയാത്തൊരിടയന്റെ വേണുഗാനം, അകലേ നിന്നെത്തുന്ന വേണുഗാനം!



# എന്റെ പ്രിയപ്പെട്ട ഉണ്ണീശോയേ...



ക്രിസ് ജോൺ

പ്രിയപ്പെട്ട ഉണ്ണീശോയേ,

വളരെക്കാലമായി ഞാൻ അങ്ങേയ്ക്ക് ഒരു കത്ത് എഴുതുവാൻ കാത്തിരിക്കുകയായിരുന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമയമാണിത്. ഉണ്ണീശോയ്ക്ക് സുഖമെന്നു വിശ്വസിക്കുന്നു. യൗസേപ്പിതാവിനും മാതാവിനും സുഖമാണോ? അവരെ ഞാൻ അന്വേഷിച്ചതായി പറയണം.

ഈ വർഷം ഉണ്ണീശോയുടെ പിറന്നാളിനായി എന്റെ വീട് ഒരുക്കുകയാണ് ഞാൻ. എന്റെ വീട്ടിലെ തൂണുകൾ എല്ലാം ഞാൻ ചുവന്ന റിബണുകൾകൊണ്ട് അലങ്കരിച്ചു. എന്റെ ക്രിസ്മസ്ട്രീ തിളങ്ങുന്ന സ്വർണ്ണ പന്തുകൾകൊണ്ട് അലങ്കരിച്ച് ഭംഗിയാക്കി. അങ്ങേയ്ക്കായി ഒരു പുൽക്കൂടും ഞാൻ ഒരുക്കി. എന്റെ വീട് മുഴുവൻ നക്ഷത്രങ്ങളും, ലൈറ്റുകളും, ക്രിസ്മസ് അലങ്കാരങ്ങളുംകൊണ്ട് ഭംഗിയാക്കി. ക്രിസ്മസ്സിന് യൗസേപ്പിതാവും, മാതാവും, ഉണ്ണിയുംകൂടി എന്റെ വീട്ടിൽ വരുമ്പോൾ നിങ്ങൾക്കായി അലങ്കരിച്ച എന്റെ വീട് കാണുമ്പോൾ ഇഷ്ടപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ അതിനായി വളരെയധികം കഠിനാധ്വാനം ചെയ്തു. എന്റെ അമ്മ വളരെ നല്ല ക്രിസ്മസ് വിഭവങ്ങൾ ഉണ്ടാക്കും. എല്ലാം നല്ല രുചിയുള്ളതാണ്. നിങ്ങൾ അതൊന്നു കഴിച്ചുനോക്കണം. ഞാനും അപ്പയും കൂടി കടയിൽ പോയി ധാരാളം സമ്മാനങ്ങൾ വാങ്ങിവയ്ക്കും. പ്രിയപ്പെട്ട ഉണ്ണീശോയേ ഞാൻ നിന്നെ വളരെയധികം സ്നേഹിക്കുന്നു. ഈ വർഷം ഞാൻ എന്റെ വീട് നിന്റെ വരവിനായി നന്നായി ഒരുക്കിയിട്ടുണ്ട്.

ഈ വർഷം ഞാൻ പഠനത്തിൽ നന്നായി ശ്രദ്ധ കേന്ദ്രീകരിച്ചു. അങ്ങയുടെ സഹായത്തോടെ എനിക്ക് നല്ല മാർക്കും ലഭിച്ചു. ഓ! നല്ല ഉണ്ണീശോയേ അങ്ങേയ്ക്ക് നന്ദി.

ഈ വർഷം, ഞാൻ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകാൻ ശ്രമിച്ചിരുന്നു. എന്നാൽ പനി വന്നതുകൊണ്ട് കഴിഞ്ഞില്ല. അങ്ങ് എന്നോട് ക്ഷമിക്കുമെന്നു വിചാരിക്കുന്നു. ഒരു പ്രത്യേക വിവരം പറയാനുണ്ട്. വേദോപദേശ പരീക്ഷയിൽ എനിക്ക് മുഴുവൻ മാർക്കും കിട്ടി. ഉണ്ണീശോയേ അങ്ങേയ്ക്ക് സന്തോഷമായെന്ന് വിചാരിക്കുന്നു.

എന്റെ പൊന്നുണ്ണീശോയേ ചില കുട്ടികൾക്ക് അവരുടെ ജന്മദിനം ഞാൻ ആഘോഷിക്കുന്നതുപോലെ ആഘോഷിക്കാൻ കഴിഞ്ഞില്ല. വയനാട്ടിലെ ജനങ്ങൾ, നിർഭാഗ്യവശാൽ അവരുടെ വീടുകൾ മണ്ണിടിച്ചിലിൽ തകർന്നു. ആ സമയത്ത് ജീവൻ നഷ്ടപ്പെട്ട പാവം കുട്ടികളോട് എനിക്ക് സഹതാപം തോന്നുന്നു. ഒരു കുടുംബം രക്ഷപ്പെടുന്നതിനിടയിൽ ആനയുടെ മുന്നിൽപ്പെട്ടതായി വാർത്തയിൽ കേട്ടു. ഇവിടെ ഉക്രെയ്ൻ, മണിപ്പൂർ, ഇസ്രയേൽ എന്നിവിടങ്ങളിൽ ധാരാളം യുദ്ധങ്ങളും നടക്കുന്നുണ്ട്. ആയിരക്കണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു. ഉണ്ണീശോയേ ലോകത്ത് നടക്കുന്ന യുദ്ധങ്ങൾ നിർത്താനായി ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാവരും സമാധാനത്തോടെയും സന്തോഷത്തോടെയും സ്നേഹത്തോടെയും ജീവിക്കുന്ന ഒരു ലോകം കാണാൻ ഞാൻ ആഗ്രഹിക്കുന്നു.

ഓ! ഞാൻ അങ്ങേയ്ക്ക് ജന്മദിനാശംസകൾ നേരാൻ മറന്നു. സങ്കടപ്പെടല്ലേ. ഞാൻ എപ്പോഴും നിന്റെ കൂടെ ആയിരിക്കും. സ്വർഗ്ഗത്തിൽ എല്ലാം നന്നായിരിക്കുന്നുവെന്ന് ഞാൻ വിചാരിക്കുന്നു. എപ്പോഴും എന്നെ സംരക്ഷിക്കുകയും എന്റെ വഴികാട്ടിയായിരിക്കുകയും ചെയ്യുമല്ലോ. എന്റെ ഉണ്ണീശോയേ ഞാനുണ്ടാക്കിയ പുൽക്കൂടിൽ നിനക്ക് സുഖവുമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

ഞാൻ എന്റെ കത്ത് ചുരുക്കുന്നു. അങ്ങേയ്ക്ക് പുതുവത്സരാശംസകൾ നേരുന്നു. അടുത്ത വർഷം ഇതിനേക്കാൾ വലിയ ഒരു കത്ത് ഞാൻ എഴുതാം. ഇപ്പോൾ എനിക്ക് അൽപം തിരക്കുണ്ട്. അങ്ങ് സങ്കടപ്പെടില്ലെന്ന് ഞാൻ വിചാരിക്കുന്നു. എന്നോട് കുറച്ചുകൂടി സംസാരിക്കാൻ അങ്ങേയ്ക്ക് ആഗ്രഹമുണ്ടെന്ന് എനിക്കറിയാം. വിഷമിക്കേണ്ട. നമുക്ക് അടുത്ത വർഷവും സംസാരിക്കാമല്ലോ. ബൈ.

സ്നേഹത്തോടെ,
പ്രിയ കൂട്ടുകാരൻ,
ക്രിസ് ജോൺ




കർമ്മല സഭയിലെ
പനിനീർ പുഷ്പമായ
വാഴ്ത്തപ്പെട്ട മദർ ഏലീശ്വായേ
ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ
ആശംസകളോടെ....
വികാരി, ഇടവകാംഗങ്ങൾ
St. George Church, Karthedam


വാഴ്ത്തപ്പെട്ട മദർ ഏലീശ്വായേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ
ആശംസകളോടെ....
വികാരി, ഇടവകാംഗങ്ങൾ
St. Antony's Church Kongorpilly

# പഴേ ടൈപ്പ് ക്രിസ്മസ് കെയ്ക്ക് കിട്ടുമോ?


**രവി മേനോൻ**

'പഴേ ടൈപ്പ് ക്രിസ്മസ് കെയ്ക്ക് കിട്ടുമോ?" ചോദ്യം കേട്ട് മിഴിച്ചുനോക്കി ബേക്കറിക്കാരൻ. 'അതേത് ടൈപ്പ്? ഇബടെ പുത്യേ ടൈപ്പേള്ളൂ.

ബ്ലാക്ക് ഫോറസ്റ്റ്, വൈറ്റ് ഫോറസ്റ്റ്, ബ്ലൂബെറി, ചോക്കലേറ്റ്, വാനില, ബട്ടർസ്കോച്ച്, റെഡ് വെൽവെറ്റ് ...." പിന്നിലെ ചില്ലറമാലയിലേക്ക് ചൂണ്ടി ഒറ്റ ശ്വാസത്തിൽ അയാൾ പറഞ്ഞു.
'അല്ല, പഴേ ജാതി കെയ്ക്ക്.... ഈ പൂക്കളും എലേം ഒക്കെള്ള ടൈപ്പ്. മോളില് നല്ല കട്ടി ഐസിംഗ് ണ്ടാകും. അത് കഷ്ണം കഷ്ണായി പൊട്ടിക്കണം. ന്നാലേ ശരിക്കുള്ള കെയ്ക്കിലേക്ക് എത്തുള്ളു...."

വിശദീകരണം സെയിൽസ്മാനെ തെല്ലും തൃപ്തനാക്കിയില്ല എന്ന് മുഖഭാവം വെളിപ്പെടുത്തി. "പൊട്ടിക്ക്യേ? അതെന്താ അങ്ങനെ. കെയ്ക്ക് ആരെങ്കിലും പൊട്ടിക്ക്യോ ?" — അയാളുടെ ചോദ്യം.

'പൻസാരപ്പാവോണ്ടാണ് മോളിലെ ഐസിംഗ് ഉണ്ടാക്കുക. അതിന്റെ ചുറ്റും വട്ടത്തില് ഡിസൈൻ ഉണ്ടാകും. ഇപ്പഴത്തെ കെയ്ക്കിനെ പോലെ നാവിലിട്ടാൽ അലിഞ്ഞുപോവില്ല. കടിച്ചു തിന്നണം. പിന്നെ വിരലോണ്ട് തൊട്ടാൽ കുഴിയാവില്ല്യ. കയ്യിമ്മലും മുഖത്തും ഒന്നും ക്രീം പറ്റിപ്പിടിക്കില്യ..." – ഇനിയും എങ്ങനെ ഇയാളെ പറഞ്ഞു മനസ്സിലാക്കും എന്ന വേവലാതിയിലായിരുന്നു ഞാൻ.



ചെറുപ്പക്കാരനാണ് സെയിൽസ്മാൻ. അയാൾ കേട്ടിട്ടുപോലുമുണ്ടാവില്ല അത്തരം കെയ്ക്കു കളെ പറ്റി. മൊബൈൽ ഫോണിൽ റോയൽ കെയ്ക്ക് എന്ന വിശേഷണത്തോടെ തെളിഞ്ഞുവന്ന ഗൂഗിൾ ചിത്രങ്ങൾ കാണിച്ചുകൊടുത്തപ്പോൾ പയ്യന്റെ മുഖത്ത് അമ്പരപ്പ്. 'ഇതാണോ പഴേ ടൈപ്പ്?"— അയാൾ ചോദിച്ചു. "കാണാൻ ഭംഗിണ്ട്. ഇപ്പഴത്തെ കെയ്ക്കിന്റെ അത്ര ടേസ്റ്റ് ണ്ടായിരുന്നോ? ഏയ് അതിന് വഴിയില്ല.."

ഇതിലും ടേസ്റ്റ് ഉണ്ടായിരുന്നു എന്ന് പറയാനാഞ്ഞതാണ്. പറഞ്ഞില്ല. ആപേക്ഷികവും ആത്മനിഷ്ഠവുമാണല്ലോ എല്ലാ ടേസ്റ്റും. എങ്കിലും എനിക്കിപ്പോഴും പ്രണയം ആ പഴയ പൂക്കളുള്ള കെയ്ക്കിനോട് തന്നെ.

ആദ്യമായി അച്ഛൻ കെയ്ക്കുമായി വീട്ടിൽ വന്ന ദിവസം മുകളിലെ പൂക്കൾക്ക് വേണ്ടിയാ യിരുന്നു കലഹം. ഒടുവിൽ പൂവ് അനിയത്തിക്ക്, മൊട്ടുകളും ഇലകളും ഏട്ടന്മാർക്ക് എന്ന് അച്ഛന്റെ അന്തിമ വിധി. അടുത്ത ക്രിസ്മസ് വരേണ്ടിവന്നു ഞങ്ങൾ ഏട്ടന്മാർക്ക് പൂവ് അനുവദിച്ചു കിട്ടാൻ. ഇതളിതളായി കടിച്ചെടുത്തുകൊണ്ടുള്ള ആ ആസ്വാദനം എങ്ങനെ മറക്കാൻ?

ഇപ്പോഴുമുണ്ട് ആ സ്വാദ് നാവിൻ തുമ്പിൽ.

ഞങ്ങളുടെ കൊച്ചു വയനാടൻ ടൗൺഷിപ്പായ ചുണ്ടയിൽ ഒരേയൊരു ബേക്കറിയേ ഉള്ളൂ അന്ന്. കെയ്ക്കൊന്നും കിട്ടില്ല അവിടെ. റൊട്ടി, ബൺ, ഹൽവ, വറുത്തകായ, മിക്സ്ചർ എന്നിവ മാത്രം. പിന്നെ വട്ടത്തിലുള്ള ബേക്കറി ബിസ്കറ്റും. കെയ്ക്ക് കിട്ടാൻ കൽപ്പറ്റയിലെ ജലജ ബേക്കറിയിൽ പോകണം. ഇല്ലെങ്കിൽ കോഴിക്കോട്ടെ ശങ്കരൻ ബേക്കറിയിലോ ഡിലൈകൂയിലോ മലബാർ ഹൽവ സ്റ്റോറിലോ.

വൈത്തിരിയിലും ഉണ്ട് ഒരു കൊച്ചു ബേക്കറി. വിനോദ് ബേക്കറി എന്നാണ് പേര്. കടയുടമയുടെ മകൻ എന്റെ സഹപാഠിയും സുഹൃത്തുമായ വിനോദ്. എനിക്ക് വേണ്ടി അച്ഛന്റെ കണ്ണുവെട്ടിച്ച് നാലഞ്ചു ബാർലി ബിസ്ക്കറ്റ് ഷോർട്ട്സിന്റെ കീശയിലിട്ട് കൊണ്ടുവരും അവൻ. ത്രേസ്യ ടീച്ചറോ ഫ്ലോറിയാന സിസ്റ്ററോ ജോൺ മാഷോ ക്ലാസെടുക്കുമ്പോഴാണ് ബിസ്കറ്റ് ചെറിയ കഷ്ണങ്ങളാക്കി ഒച്ചയുണ്ടാക്കാതെ ഞങ്ങൾ ശാപ്പിടുക. നൂറു കണക്കിന് വിദേശി – സ്വദേശി ബിസ്കറ്റ് ബ്രാൻഡുകൾ വിപണിയിലു ണ്ടെങ്കിലും ബേക്കറിക്കാർ ഉണ്ടാ ക്കുന്ന, അത്ര രൂപഭംഗിയില്ലാത്ത ബിസ്കറ്റിനോടുള്ള അഭിനിവേശം തീർന്നിട്ടില്ല ഇന്നും. അതേ ഭ്രമം തന്നെ ഐസിംഗ് ഉള്ള കെയ്ക്കിനോടും.


ക്രിസ്മസ് കാലത്ത് പതിവായി തിരഞ്ഞുപോകാറുണ്ട് ആ പഴയ രാജകുമാരനെ. മിക്കപ്പോഴും നിരാശയാകും ഫലം. പലരുടെയും ഓർമ്മയിൽ പോലുമില്ല അത്തരം കെയ്ക്കുകൾ. ചിലർ മാത്രം കൗതുകത്തോടെ എല്ലാം കേൾക്കും. എന്നിട്ട് പറയും: 'ഒരു മാസം മുൻപെങ്കിലും ഓർഡർ തന്നിരുന്നെങ്കിൽ നോക്കാമാ യിരുന്നു... ഡിമാൻഡില്ലാത്ത സാധനമല്ലേ? ഇവിടെയിരുന്ന് പഴകിപ്പോകും..''

അത്യപൂർവം ബേക്കറികൾ ഇപ്പോഴും ഇത്തരം കെയ്ക്കുകൾ ഉണ്ടാക്കുന്നുണ്ടത്രേ. സന്തോഷം. തലമുറകളിൽ നിന്ന് തലമുറക ളിലേക്ക് സഞ്ചരിക്കുമല്ലോ ആ സ്വാദ്.

കവിത

# വരവേൽപ്പ്






ജൂഡ്സൺ സെക്വീര

ഓർമ്മയിൽ വസന്തം വിരിയുന്നു –
ആകാശത്തിൻ മേലാപ്പിൽ താരകങ്ങൾ വിളങ്ങുന്നു –
മാമരം കോച്ചും തണുപ്പിൽ കാലിത്തൊഴുത്തിൻ ഇരുളിൽ –
വെൺപ്രഭ തൂകി നക്ഷത്രം മാനവരക്ഷകൻ തൻ
വരവേൽപ്പിനായ് –
കാലം കാതോർത്തു നിൽക്കുന്നു –
കരളിൽ സ്നേഹം തുളുമ്പുന്നു –
നാവിൽ നാദം മുഴുങ്ങുന്നു –
തമ്പുരു നാദം മുഴങ്ങുന്നു –
വീണാനാദത്തിൻ ഈരടിയിൽ മാലാഖമാർ പാടിടുന്നു –
കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണി തൻ ശോഭയാൽ –
മാറിടട്ടെ മാനവർ തൻ മാനസത്തിൻ അന്ധകാരം



# ക്രിസ്മസ് ആൽബം ഗീതങ്ങൾ



**ഫാ. ജോബ് കുണ്ടോണി**

ക്രിസ്മസ് കാലം വീണ്ടും സമാഗതമാകുമ്പോൾ, കേവലം ആഘോഷങ്ങളുടെ തിരക്കുകൾക്കപ്പുറം മനുഷ്യന്റെ ആത്മാവ് ഒരു പ്രത്യേക ശാന്തതയിലേക്ക് മടങ്ങുന്നു. പള്ളിമണികളുടെ മുഴക്കത്തിനൊപ്പം ഉയരുന്ന "O Come All Ye Faithful" പോലുള്ള ഗീതങ്ങൾ, കാലത്തെ അതിജീവിച്ച്, നമ്മെ ഓരോരുത്തരെയും കാലിത്തൊഴുത്തിലെ വിസ്മയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ലോകമെമ്പാടുമുള്ള ക്രിസ്ത്യൻ ഭവനങ്ങളിൽ, പുൽക്കൂട് ഒരുക്കൽ, ക്രിസ്മസ് വിരുന്നുകൾ, അർദ്ധരാത്രിയിലെ പ്രാർത്ഥനാ നിമിഷങ്ങൾ എന്നിങ്ങനെ ആഘോഷങ്ങളുടെ ഓരോ ഘട്ടത്തിലും ഈ സംഗീതം ഒരു ആത്മീയ പശ്ചാത്തലമായി മാറുന്നു. ആദരവ്, ഗൃഹാതുരത്വം, നിർമ്മലമായ സന്തോഷം എന്നിവയുടെ തികഞ്ഞ സംയോജനമായ ക്രിസ്മസ് ആൽബങ്ങൾ, ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള നമ്മുടെ ധ്യാനങ്ങളെ സമ്പന്നമാക്കുന്നു.

*സംഗീതം ഒരുതരം ഓർമ്മപ്പെടുത്തലാണ്. സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്ദേശങ്ങൾ മനുഷ്യന്റെ ഹൃദയത്തിൽ തറപ്പിക്കുന്ന മാധ്യമം. ലോകമെമ്പാടുമുള്ള തലമുറകളെ പ്രചോദിപ്പിക്കുകയും ക്രിസ്മസിന്റെ മനോഭാവം പേറുകയും ചെയ്യുന്ന, ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള 11 സുപ്രധാന ആൽബങ്ങൾ പരിചയപ്പെടാം.*

**1. ബോണി എം. ക്രിസ്മസ് ആൽബം**
(Boney M - Christmas Album, 1981)

അതിരുകളില്ലാത്ത ക്രിസ്മസ് ആഘോഷങ്ങൾക്ക് ബോണി എമ്മിന്റെ ഈണങ്ങൾ ഒരു ഉത്തേജകമാണ്. കരീബിയൻ സംഗീതത്തിന്റെ ഊർജ്ജസ്വലമായ താളവും ക്രിസ്തീയ ഭക്തിയും സമന്വയിപ്പിച്ച ഈ ആൽബം 'Mary's Boy Child / Oh My Lord' പോലുള്ള ഗാനങ്ങളിലൂടെ സന്തോഷം ഒരു പ്രാർത്ഥനയായി മാറുന്നതിന്റെ ഉദാഹരണമാണ്.

**2. ബിങ് ക്രോസ്ബി വൈറ്റ് ക്രിസ്മസ്** (Bing Crosby - White Christmas, 1945)

'വൈറ്റ് ക്രിസ്മസ്' (White Christmas) എന്ന എക്കാലത്തെയും വലിയ ഹിറ്റിലൂടെ ബിങ് ക്രോസ്ബി ക്രിസ്മസ് കാലത്തിന്റെ പ്രതീകമായി. അദ്ദേഹത്തിന്റെ ഗാംഭീര്യമുള്ള ശബ്ദം, 'I'll Be Home for Christmas', 'Adeste Fideles' തുടങ്ങിയ ക്ലാസിക്കലുകളിലൂടെ കുടുംബത്തിന്റെ ഊഷ്മളതയും വിശ്വാസത്തിന്റെ ആഴവും മനസ്സിൽ നിറയ്ക്കുന്നു.

**3. നാറ്റ് കിങ് കോൾ ദ ക്രിസ്മസ് സോങ്** (Nat King Cole - The Christmas Song, 1960)

നാറ്റ് കിങ് കോളിന്റെ ശാന്തമായ സ്വരമാധുരി ക്രിസ്മസ് പ്രഭാതത്തിന്റെ നിശ്ശബ്ദതയ്ക്ക് ഏറ്റവും അനുയോജ്യമായ പശ്ചാത്തല സംഗീതമാണ്. 'The Christmas Song' തികഞ്ഞ ഗൃഹാതുരത്വം ഉണർത്തുന്നു. 'O Come All Ye Faithful', 'Silent Night' എന്നിവയുടെ, അദ്ദേഹത്തിന്റെ പതിപ്പുകൾ പവിത്രമായ ശോഭ നൽകുന്നു.

**4. ജിം റീവ്സ് ട്വൽവ് സോങ്സ് ഓഫ് ക്രിസ്മസ്** (Jim Reeves - Twelve Songs of Christmas, 1963)

'ജെന്റിൽമാൻ ജിം' എന്നറിയപ്പെടുന്ന ജിം റീവ്സിന്റെ മൃദുലമായ ശബ്ദം ഹൃദയത്തിൽ ഊഷ്മളത നിറയ്ക്കുന്നു. "An Old Christmas Card', 'Silent Night' തുടങ്ങിയ ഗാനങ്ങൾ ക്രിസ്മ സിന്റെ ധ്യാനാത്മകമായ വശത്തിന് യോജിച്ചതാണ്. ലാളിത്യത്തിലും സ്നേഹത്തിലുമാണ് ബേത്ലഹേമിലെ അത്ഭുതം കുടികൊള്ളുന്നതെന്ന് ഈ ആൽബം ഓർമ്മിപ്പിക്കുന്നു

**5. ദ കാർപ്പെന്റേഴ്സ് ക്രിസ്മസ് പോർട്രെയ്റ്റ്**
(The Carpenters - Christmas Portrait, 1978)

കാരെൻ കാർപ്പെന്ററുടെ മാലാഖാ തുല്യമായ ശബ്ദം ഓരോ കരോളിനെയും ഒരു പ്രാർത്ഥനയായി മാറ്റുന്നു. 'Ave Maria' പോലുള്ള ഗാനങ്ങൾ പുൽക്കൂടിന് മുന്നിലെ നിശ്ശബ്ദമായ വിസ്മയം പോലെ അനുഭവപ്പെടുന്നു. ക്രിസ്മസിന്റെ പവിത്രതയെ സൗമ്യതയോടെ പകർത്തുന്ന ഈ ആൽബം കുടുംബ പ്രാർത്ഥനകൾക്ക് ഉചിതമാണ്.

**6. ജോഷ് ഗ്രോബൻ നോയൽ** (Josh Groban - No\pl, 2007)

ജോഷ് ഗ്രോബന്റെ ശക്തമായ ടെനർ ശബ്ദം പരമ്പരാഗത കരോളുകളെ മഹത്വത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തുന്നു. 'O Come All Ye Faithful' മുതൽ 'The First No\pl' വരെയുള്ള അദ്ദേഹത്തിന്റെ പ്രകടനങ്ങൾ ആരാധനയും വിസ്മയവും നിറഞ്ഞതാണ്. ദേവാലയത്തിന്റെ ഭിത്തി കളിൽ അലയടിക്കുന്ന പ്രതീതി നൽകുന്ന ഈ ആൽബം പ്രാർത്ഥനാനിമിഷങ്ങൾക്കും ആരാധനയ്ക്കും ഉചിതമാണ്.

**7. ജോണി മാത്തിസ് മെറി ക്രിസ്മസ്** (Johnny Mathis - Merry Christmas, 1958)

ജോണി മാത്തിസിന്റെ ശബ്ദത്തിലെ ആത്മാർത്ഥതയും ആദരവും ഈ ആഘോഷത്തിന് മനോഹരമായി ഇണങ്ങുന്നു. അദ്ദേഹം 'O Holy Night', 'What Child is This?' എന്നിവ പാടുമ്പോൾ സുപരിചിതമായ കരോളുകൾ ആരാധനയുടെ നിമിഷങ്ങളായി മാറുന്നു.

**8. സെലിൻ ഡിയോൺ ദീസ് ആർ സ്പെഷ്യൽ ടൈംസ്** (Celine Dion - These Are Special Times)

'O Holy Night', 'The Prayer', 'Ave Maria' എന്നിവയിലെ ഉജ്ജ്വലമായ ആലാപനത്തിലൂടെ സെലിൻ ഡിയോൺ ക്രിസ്മസിന്റെ വൈകാരികമായ ഹൃദയത്തെ സ്പർശിക്കുന്നു. അവരുടെ ആലാപനം ശക്തിയുള്ളതും അതേസമയം മൃദുവുമാണ്, സ്നേഹത്തെക്കുറിച്ചുള്ള ക്രിസ്മസ് സന്ദേശം ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

**9. മൈക്കിൾ ബുബ്ളേ ക്രിസ്മസ്** (Michael Bubl Christmas, 2011)

ക്ലാസിക്കൽ ക്രിസ്മസ് ഗാനങ്ങൾക്ക് ഒരു ആധുനിക സ്പർശം നൽകുന്ന ഈ ആൽബം, തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം പോലെയാണ്. 'It's Beginning to Look a Lot Like Christmas', 'Silent Night' എന്നിവയിലൂടെ അദ്ദേഹത്തിന്റെ അവതരണങ്ങൾ സന്തോഷവും ആദരവും ഒന്നുപോലെ വഹിക്കുന്നു. ക്രിസ്മസ് അലങ്കാരങ്ങൾ ഒരുക്കുന്നതിനും കുടുംബത്തോടൊപ്പമുള്ള സന്തോഷ നിമിഷങ്ങൾക്കും ഇത് മികച്ചതാണ്.


**10. എൽവിസ് പ്രെസ്ലി എൽവിസ്' ക്രിസ്മസ് ആൽബം** (Elvis Presley - Elvis' Christmas Album, 1957)

എൽവിസ് റോക്ക് ആൻഡ് റോളിന്റെ രാജാവായിരുന്നിരിക്കാമെങ്കിലും, ഈ ആൽബത്തിൽ അദ്ദേഹം ആഴത്തിലുള്ള ആത്മീയത വെളിപ്പെടുത്തുന്നു. ഹൃദയസ്പർശിയായ 'Peace in the Valley', 'Silent Night' എന്നിവയും ഊർജ്ജസ്വല മായ 'Blue Christmas' ഉം ഈ കാലത്തിന് ഒരു മാനുഷികമായ സ്പർശം നൽകുന്നു.

**11. ആൻഡ്രിയ ബൊച്ചെല്ലി മൈ ക്രിസ്മസ്** (Andrea Bocelli - My Christmas, 2009)

ലോകോത്തര ടെനർ ഗായകനായ ആൻഡ്രിയ ബൊച്ചെല്ലിയുടെ ഈ ആൽബം ക്രിസ്മസ് സംഗീതത്തിന് ഒരു ഓപ്പറയുടെ ഗാംഭീര്യം നൽകുന്നു. 'Adeste Fideles' (O Come All Ye Faithful) പോലുള്ള കരോളുകൾ അതിമനോഹരമായ ഈണങ്ങളിലൂടെ കേൾവിക്കാരെ ആത്മീയമായ ഉയർച്ചയിലേക്ക് നയിക്കുന്നു. ശാന്തമായ ഭക്തിക്കും വിശുദ്ധിയുടെ അനുഭൂതിക്കും ഈ ആൽബം അത്യുത്തമമാണ്.

ഈ ക്രിസ്മസ് ആൽബങ്ങൾ കാലാതീതമായി നിലനിൽക്കുന്നത് അവ നൽകുന്ന സംഗീത പരമായ സൗന്ദര്യംകൊണ്ടു മാത്രമല്ല, മറിച്ച് അവ കൈമാറ്റം ചെയ്യുന്ന ആത്മീയ സന്ദേശങ്ങൾ കൊണ്ടാണ്. ബോണി എമ്മിന്റെ ആഹ്ലാദകരമായ താളങ്ങൾ മുതൽ ബൊച്ചെല്ലിയുടെ ശാന്തമായ ഭക്തി വരെ, ഈ ഈണങ്ങൾ ക്രിസ്മസ് ഒരു സീസൺ എന്നതിലുപരി ഒരു ആത്മാവിന്റെ അവസ്ഥ കൂടിയാണെന്ന സാർവത്രിക സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ ഗാനവും നമ്മുടെ ഓർമ്മകളിൽ കുടുംബചിത്രങ്ങളും പ്രാർത്ഥനാനിമിഷങ്ങളും ഭക്തിയുടെ സൗന്ദര്യവും രേഖപ്പെടുത്തുന്നു.



# താടിയുള്ള അപ്പൂപ്പൻ സാന്റാക്ലോസ്



ഡോമിനിക്ക് ഷൈജു

ക്രിസ്മസ് രാവിൽ സമ്മാനങ്ങളുമായി എത്തുന്ന, സന്തോഷവാനായ, വെളുത്ത താടിക്കാരനായ സാന്റാ ക്ലോസ്, ലോകമെമ്പാടുമുള്ള കുട്ടികളുടെ പ്രിയങ്കരനാണ്. എന്നാൽ ഈ ജനപ്രിയ രൂപത്തിന് ചരിത്രപരമായ ഒരു വ്യക്തിത്വത്തിന്റെ അടിത്തറയുണ്ട്: നാലാം നൂറ്റാണ്ടിൽ ഇന്നത്തെ തുർക്കിയിൽ (മൈറ) ജീവിച്ചിരുന്ന വിശുദ്ധ നിക്കോളാസ് വെറുമൊരു ഐതിഹ്യമല്ല മറിച്ച്, ജീവിച്ചിരുന്ന ഒരു വിശുദ്ധനായിരുന്നു.

***മൈറയിലെ മെത്രാൻ: നിശബ്ദമായ ഉദാരതയുടെ മാതൃക***

ഏകദേശം എ.ഡി. 270 ൽ ആധുനിക തുർക്കിയിലെ പാറ്റാറയിൽ ജനിച്ച വിശുദ്ധ നിക്കോളാസ്, വൈദികനായും പിന്നീട് മൈറയിലെ മെത്രാനായും സേവനമനുഷ്ഠിച്ചു. പീഡനങ്ങളുടെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസവും അഗാധമായ കാരുണ്യവും ശ്രദ്ധേയമായി. പുരാതന സ്രോതസ്സുകൾ അദ്ദേഹത്തിന്റെ നിശ്ശബ്ദമായ ഉദാരതയുടെ പ്രവൃത്തികൾ രേഖപ്പെടുത്തുന്നു. ഉദാഹരണമായി;

* ദരിദ്രർക്ക് സ്വർണ്ണനാണയങ്ങൾ രഹസ്യമായി നൽകിയത്.
* കൊടുങ്കാറ്റിൽനിന്ന് നാവികരെ രക്ഷിച്ചത്.
* നീതിരഹിതമായി ശിക്ഷിക്കപ്പെട്ട തടവുകാരെ മോചിപ്പിച്ചത്.

അത്ഭുതപ്രവർത്തകനും നിരപരാധികളുടെ സംരക്ഷകനുമായുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധി വ്യാപകമായി.

***സത്യവിശ്വാസത്തിന്റെ സംരക്ഷകൻ***

നിഖ്യാ കൗൺസിലിൽ (325 AD), ക്രിസ്തുവിന്റെ ദൈവത്വത്തെ ഏരിയൻ പാഷണ്ഡതയ്ക്കെതിരെ അദ്ദേഹം ഉറച്ചുനിന്ന് പ്രതിരോധിച്ചു എന്ന് പാരമ്പര്യം പറയുന്നു. അങ്ങനെ, നിക്കോളാസ് വെറും കാരുണ്യത്തിന്റെ മാതൃക മാത്രമല്ല, സത്യവിശ്വാസത്തിന്റെ സംരക്ഷകൻകൂടിയാണ്. കേവലം ഭൗതിക ദാനങ്ങൾ മാത്രമല്ല, സത്യമാകുന്ന വരവും നൽകിയ പുണ്യപുരുഷൻ. ദൈവിക ഔദാര്യത്തിന്റെ സാംസ്കാരിക പ്രതിധ്വനി

വിശുദ്ധ നിക്കോളാസിന്റെ ഉദാരത വെറും വികാരപ്രകടനമായിരുന്നില്ല മറിച്ച്, ദിവ്യകാരുണ്യത്തിലധിഷ്ഠിതമായ വിശ്വാസത്തിൽ നിന്ന് പ്രവഹിച്ചതാണ്. ഓരോ ദരിദ്രനിലും അദ്ദേഹം ക്രിസ്തു വിന്റെ മുഖം ദർശിച്ചു (മത്തായി 25:40). അദ്ദേഹത്തിന്റെ കാരുണ്യപ്രവൃത്തികൾ ബലിപീഠത്തിന്റെ വിപുലീകരണമായിരുന്നു. ദിവ്യകാരുണ്യത്തെ നിത്യജീവിതത്തിലേക്ക് രൂപാന്തരപ്പെടുത്തിയ ജീവിത സാക്ഷ്യം.



ക്രൈസ്തവ ദൈവശാസ്ത്രത്തിൽ, കാരുണ്യം കേവലം ദയയല്ല; അത് ദൈവത്തിന്റെ ദിവ്യസ്നേഹത്തിൽ പങ്കുചേരലാണ്. വിശുദ്ധ നിക്കോളാസ് ഈ യാഥാർത്ഥ്യം പൂർണ്ണമായി ഉൾക്കൊണ്ടു. അതിനാൽ, നൽകുന്നതിന്റെ യഥാർത്ഥ അർത്ഥം വസ്തുക്കളുടെ കൈമാറ്റമല്ല, മറിച്ച് സ്നേഹത്തിൽ സ്വയം സമർപ്പിക്കലാണ്. ഈ കാഴ്ചപ്പാടിൽ, സാന്റാക്ലോസ് ഉപഭോഗ സംസ്കാരത്തിന്റെ പ്രതീകമാകാതെ, ദൈവിക ഔദാര്യത്തിന്റെ സാംസ്കാരിക പ്രതിധ്വനിയായി മാറുന്നു.

വിശുദ്ധ നിക്കോളാസിനോടുള്ള ആദരവ്, യൂറോപ്പിലാകെ അതിവേഗം പടർന്നു. മധ്യകാലഘട്ടത്തോടെ, അദ്ദേഹം ക്രിസ്തുമതത്തിലെ ഏറ്റവും പ്രിയപ്പെട്ട വിശുദ്ധന്മാരിൽ ഒരാളായി മാറി. അദ്ദേഹത്തിന്റെ തിരുനാൾ ദിനമായ ഡിസംബർ 6, രഹസ്യമായ സമ്മാനം നൽകലിന്റെ ദിനമായി മാറി.

ഡച്ച് കുടിയേറ്റക്കാർ സിന്റർക്ലാസ് എന്ന ഭക്തിയെ അമേരിക്കയിലേക്ക് കൊണ്ടുവന്നപ്പോൾ, ഭാഷാപരമായ പരിണാമവും ജനപ്രിയ സംസ്കാരവും അദ്ദേഹത്തെ 'സാന്റാ ക്ലോസ്' എന്ന് രൂപാന്തരപ്പെടുത്തി. പത്തൊൻപതാം നൂറ്റാണ്ടിലെ സാഹിത്യകൃതികളും പരസ്യങ്ങളും വിശേഷിച്ച് ക്ലെമന്റ് ക്ലാർക്ക് മൂറിന്റെ 'എ വിസിറ്റ് ഫ്രം സെന്റ് നിക്കോളാസ്' (1823) അദ്ദേഹത്തെ ക്രിസ്മസ് രാവിൽ സമ്മാനങ്ങൾ നൽകുന്ന സന്തോഷവാനായ രൂപമായി പുനഃസങ്കൽപ്പിച്ചു.

ആധുനിക പ്രതിച്ഛായ അദ്ദേഹത്തിന്റെ ആത്മീയ വേരുകളെ മറയ്ക്കുന്നുണ്ടെങ്കിലും, സുവിശേഷസത്യത്തിന്റെ ഒരടയാളം അതിൽ അവശേഷിക്കുന്നു: നൽകുന്നതിന്റെ സന്തോഷം, നന്മയുടെ വിജയം, ഇരുളിന്മേലുള്ള പ്രകാശത്തിന്റെ ജയം.

### *ക്രിസ്മസിന്റെ പവിത്രമായ അർത്ഥം വീണ്ടെടുക്കൽ*


കത്തോലിക്കരെയും എല്ലാ ക്രൈസ്തവരെയും സംബന്ധിച്ചിടത്തോളം, വിശുദ്ധ നിക്കോളാസിനെ വീണ്ടും കണ്ടെത്തുക എന്നാൽ ക്രിസ്മസിന്റെ പവിത്രമായ അർത്ഥം തിരിച്ചുപിടിക്കുക എന്നതാണ്. സാന്റാക്ലോസിന്റെ കഥ, ഉപേക്ഷിക്കേണ്ടതില്ല മറിച്ച്, അതിനെ ശുദ്ധീകരിക്കണം. അതിന് ജന്മം നൽകിയ സുവിശേഷവിവരണവുമായി വീണ്ടും ബന്ധിപ്പിക്കണം.

* കുടുംബങ്ങൾക്ക് വിശുദ്ധ നിക്കോളാസിന്റെ തിരുനാൾ ലളിതമായ ദയാപ്രവൃത്തികളോടും പ്രാർത്ഥനയോടും ദാനധർമ്മങ്ങളോടുംകൂടി ആചരിച്ചുകൊണ്ടു തുടങ്ങാം.

* യഥാർത്ഥ വിശുദ്ധ നിക്കോളാസ് നൽകിയത്, ക്രിസ്തു ആദ്യം സ്വയം നമുക്ക് നൽകിയതുകൊണ്ടാണ് എന്ന് അധ്യാപകർക്കും വേദോപദേശകർക്കും കുട്ടികളെ പഠിപ്പിക്കാനാകും.

മൈറയിലെ മെത്രാനായ വിശുദ്ധ നിക്കോളാസ്, സ്വയംനൽകുന്ന സ്നേഹത്തിൽ നിന്നാണ് യഥാർത്ഥ സന്തോഷം ഉണ്ടാകുന്നത് എന്ന് ആധുനിക ലോകത്തെ ഓർമ്മിപ്പിക്കുന്നു. ഈ ലോകം ഭൗതികമായ സമ്പത്തിലും ക്ഷണികമായ നേട്ടങ്ങളിലും ആനന്ദം തേടുമ്പോൾ, മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി ജീവിതം സമർപ്പിച്ചതിലൂടെ ലഭിക്കുന്ന ശാശ്വതമായ സംതൃപ്തിയെക്കുറിച്ച് അദ്ദേഹം നമ്മോട് മന്ത്രിക്കുന്നു. *തന്റെ രഹസ്യമായ ദാനധർമ്മങ്ങളിലൂടെയും ദരിദ്രരോടുള്ള അനുകമ്പയിലൂടെയും, വെറും ബാഹ്യമായ സമ്മാനങ്ങൾക്കപ്പുറം, ഹൃദയത്തിൽ നിന്ന് ഒഴുകുന്ന ഔദാര്യത്തിന്റെ മനോഭാവമാണ് ക്രിസ്മസിന്റെ യഥാർത്ഥ ചൈതന്യം എന്ന് അദ്ദേഹം തെളിയിച്ചു. നിക്കോളാസ് ഒരു കഥാപാത്രമല്ല; നമ്മുടെ വ്യക്തിപരമായ ലാഭങ്ങൾക്കപ്പുറം, സ്നേഹത്തിന്റെ പ്രവൃത്തികൾക്കു വേണ്ടി ജീവിക്കാനുള്ള ആഹ്വാനമാണ് അദ്ദേഹം.*

CARTOON **DEEPTHI** John Kakkanad



# ഭ്രമയുഗം ക്രിസ്റ്റോയുടെ തോന്ന്യാസങ്ങൾ





**റോയി പാളയത്തിൽ**

“നിങ്ങൾക്ക് ഒരു സ്വപ്നമുണ്ടെ ങ്കിൽ, അത് സാക്ഷാത്കരിക്കാൻ തീവ്രമായി ആഗ്രഹിച്ച്, അത് നേടിയെടുക്കാൻ ആത്മാർത്ഥ മായി ഇറങ്ങിത്തിരിച്ചാൽ അത് നേടിത്തരാൻ പ്രപഞ്ചം മുഴുവൻ ഗൂഢാലോചന നടത്തും” എന്ന് സാന്റിയാഗോ എന്ന ആട്ടിടയനി ലൂടെ ആൽക്കെമിസ്റ്റ് എന്ന നോവ ലിൽ വിശ്വസാഹിത്യകാരനായ പൗലോ കൊയ്‌ലോ പറഞ്ഞുവ യ്ക്കുന്നത്. തന്റെ സ്വപ്നം നെഞ്ചിലേറ്റിക്കൊണ്ട് തീവ്രമായ ആഗ്രഹത്തോടെ ക്രിസ്റ്റോ സേവ്യർ എന്ന യുവാവ് നടത്തിയ യാത്രയിലൂടെയാണ് 22-ാമത്തെ വയസ്സിൽ മദനോൽസവം എന്ന സിനിമയിലൂടെ അദ്ദേഹം സംഗീത സംവിധായകനായി മാറിയത്. തുടർയാത്രയിൽ 18+, ഭ്രമയുഗം, ടർബോ, സൂക്ഷ്മദർശിനി, സ്വർഗ വാസൻ തുടങ്ങി തിയേറ്ററിന്റെ ഇരുട്ടിൽ സീയെസ് എന്ന തൂറയി ലൂടെ നമ്മെ പേടിപ്പിച്ചു നിർത്തു മ്പോഴാണ് ഭ്രമയുഗത്തിലൂടെ നിധിയുടെ ആദ്യപേടകം തുറക്ക പ്പെടുന്നത്. വരാപ്പുഴ അതിരൂപത യിലെ തോമസ്പുരം സെന്റ് തോമസ് പള്ളിയംഗമായ തുണ്ട ത്തിൽ റ്റി.സി. സേവ്യറിന്റെയും, ആൽബി സേവ്യറിന്റെയും മൂന്ന് മക്കളിൽ ഇളയവനായ, ഭ്രമയുഗ ത്തിലൂടെ സംസ്ഥാന പുരസ്കാര ജേതാവായി മാറിയ ക്രിസ്റ്റോ സേവ്യറുമായി അല്പനേരം.

എന്റെ ഓർമ്മയിലെ കുഞ്ഞു ക്രിസ്റ്റോ, ജോൺസൺ മാഷിന്റെ പച്ചപ്പുൽച്ചാടി എന്നാരംഭിക്കുന്ന ഗാനം, യൂണിറ്റ് കേന്ദ്രസമിതികളി ലൊക്കെ ആലപിച്ചിരുന്നു. ക്രിസ്റ്റോ യുടെ ഈ ആലാപന ശൈലി നന്നേ ശ്രദ്ധിക്കപ്പെട്ടിരുന്നു. അന്ന് ഒരുപക്ഷേ 10 വയസ്സിൽ താഴെയാ യിരിക്കണം പ്രായം. പ്ലസ്വണ്ണിനു പഠിക്കുമ്പോഴാണ് അന്നത്തെ കേന്ദ്രസമിതി പ്രസിഡന്റും സാഹി ത്യകാരനുമായ സി.പി. ജോൺ രചിച്ച സക്രാരി എന്ന ഗാനം ട്യൂൺ ചെയ്ത് പാടി റിലീസ് ചെയ്തത്. അതിനു മുൻപ് സ്കൂളിൽ ചില ട്യൂണുകൾ ഇട്ടെ ങ്കിലും ആദ്യ റിലീസ് ആയിരുന്നു സക്രാരി.

**സിനിമയിലേക്കുള്ള വഴി**

സിനിമയിൽ ആഗ്രഹിച്ചുതന്നെ വന്നതാണ്; പശ്ചാത്തല സംഗീത മായിരുന്നു കൂടുതൽ ഇഷ്ടം. ആ ഒരു പ്രോസസിൽ ആളുകൾ കുറവായിരുന്നു. എല്ലാവർക്കും പറ്റിയ പരിപാടിയല്ല. പാട്ടുണ്ടാ ക്കുന്നതും വലിയ ഇഷ്ടമായിരു ന്നു. ചെറുപ്പം മുതലേ എന്തെ ങ്കിലും സ്വന്തമായി ഉണ്ടാക്കിയെടു ക്കുന്നത് വലിയ ഇഷ്ടമായിരുന്നു. പിന്നെ വരയ്ക്കുമായിരുന്നു. അതും പക്ഷേ പടം നോക്കിവര യ്ക്കാതെ സ്വന്തമായി എന്റേതായ ഇഷ്ടത്തിന് വരയ്ക്കാനായിരുന്നു ആഗ്രഹം. ക്രിയേറ്റിവിറ്റി വലിയ ഇഷ്ടമാണ്. സിനിമയിൽ എത്തി പ്പെടണമെന്നതായിരുന്നു മോഹം. പഠിക്കുന്ന കാലം മുതൽ ഈ നോവലിലെ ആളുകളെ അന്വേഷി ച്ചു. പ്ലസ് ടു കഴിഞ്ഞപ്പോൾ ഓരോ രുത്തരെയും സാമൂഹ്യ മാധ്യമങ്ങ ളിലൂടെ കണ്ടെത്തി അവരുമായി കോണ്ടാക്ട് ഉണ്ടാക്കാൻ ശ്രമിച്ചു. പിന്നീട് സുഷിൻ ശ്യാമിനെ അസി സ്റ്റ് ചെയ്യാൻ ആഗ്രഹിച്ചു. അദ്ദേ ഹത്തെ ട്രാക്കുകൾ കേൾപ്പിച്ചു. അദ്ദേഹം വരത്തൻ സിനിമ ചെയ്യു ന്ന സമയത്താണ് കോണ്ടാക്ട് ചെയ്തത്. ഫഹദിന്റെ ട്രാൻസിൽ ജോയിൻ ചെയ്തു. പിന്നീട് കപ്പേ ള, മാലിക്ക്, കുറുപ്പ്, മിന്നൽ മുരളി തുടങ്ങിയ സിനിമകളിൽ അസിസ്റ്റ് ചെയ്തു. തുടർന്ന് മദനോൽസവം സ്വന്തമായി സംഗീതം ചെയ്തു.

**വീട്ടിലെ സ്റ്റുഡിയോ:**

അതായിരുന്നു എന്റെ ലോകം. മൂന്നും നാലും മണിക്കൂറുകൾ ഒറ്റ യിരിപ്പ് ഇരിക്കുമായിരുന്നു. പുതി യത് എന്തെങ്കിലും ഉണ്ടാക്കിയെടു ക്കുന്നതാണ് ഇഷ്ടം. മദനോൽസ വം മുതൽ ഭ്രമയുഗം വരെ വീട്ടിലെ സ്റ്റുഡിയോയിലാണ് ചെയ്തത്. സീയെസ് ഇറ മാത്രമാണ് മരടി ലുള്ള പുതിയ സ്റ്റുഡിയോയിൽ ചെയ്തത്.

**അന്യഭാഷാ ചിത്രങ്ങൾ:**

സ്വർഗവാസൻ തമിഴാണ്. പുതിയ സിനിമ: ആദാമിന്റെ മകൻ അബു സംവിധാനം ചെയ്ത സലിം അഹ മ്മദിന്റെ സിനിമ.

**ഭ്രമയുഗത്തിലേക്കുള്ള വഴി:**

മദനോൽസവത്തിലെ ക്യാമറാമാൻ സെറാദിക്കയാണ് ഭ്രമയുഗം ടീം പുതിയ ആളെ അന്വേഷിക്കുന്നു എന്ന് പറഞ്ഞത്. അങ്ങനെ

അവിടെ ചെന്നു. വേറെയും ആളുകൾ ഉണ്ടായിരുന്നു. ഭ്രമയുഗത്തിലെ തീം ഡെമോ അവർ ചെയ്യിച്ചിരുന്നു. എന്റെ ഡെമോ അവർക്ക് ഇഷ്ടപ്പെട്ടു. അങ്ങനെയാണ് ഭ്രമയുഗത്തിലേക്കെത്തുന്നത്. അതിലെ പാട്ടുകൾ ഞാൻ തന്നെയാണ് പാടിയത്. പടത്തിലെ തീം അനുസരിച്ച് എന്റേതായ വ്യത്യസ്തതകൾ കൊണ്ടുവരാൻ ശ്രമിച്ചു. കൊടുമൺ പോറ്റിയുടെ തീമൊക്കെ നല്ല എഫർട്ട് എടുത്ത് ചെയ്തതാണ്. അത്രയേറെ സമർ പ്പണത്തോടെയാണ് ആ വർക്ക് ചെയ്തത്. അതിനു കിട്ടിയ അംഗീകാരമാണ് ഈ സ്റ്റേറ്റ് അവാർഡ്.

**മമ്മൂക്കയിലേക്കുള്ള വഴി:**

ഭ്രമയുഗത്തിലെ വർക്ക് ഇഷ്ടപ്പെട്ടിട്ടാണ് മമ്മൂക്ക ടർബോയുടെ ലൊക്കേഷനിലേക്ക് നേരിട്ട് വിളിക്കുന്നത്. എന്റെ വർക്കിനോടുള്ള ആത്മാർത്ഥത കൊണ്ടാവാം പ്രത്യേകം എന്നെ വിളിച്ചതും ഇഷ്ടമായതും.അവാർഡ് വിവരം അറിഞ്ഞതിനുശേഷം ആദ്യം പോയത് മമ്മൂക്കയുടെ അടുത്തേക്ക്:

ഞാൻ സ്റ്റുഡിയോയിലായിരിക്കുമ്പോൾ അമ്മ വിളിച്ചാണ് അവാർഡ് വിവരം അറിയുന്നത്. ഭ്രമയുഗത്തിന് 4 അവാർഡ് ഉണ്ടായിരുന്നു. മികച്ച നടൻ മമ്മൂക്ക. ബി ട്രാക്ക് എനിക്ക്. സഹനടൻ സിദ്ധാർത്ഥ് ഭരതൻ, മേക്കപ്പ് മാൻ റോണക്സ് സേവ്യർ, ഭ്രമയുഗത്തിൽ എനിക്ക് പശ്ചാത്തല സംഗീതത്തിന് അവാർഡ് കിട്ടിയപ്പോൾ സുഷിൽ ശ്യാമിന് ബൊഗെയ്ൻ വില്ലയിൽ സംഗീതത്തിനും അവാർഡ് ലഭിച്ചു. ഇതും ഏറെ ആഹ്ലാദകരമാണ്. അവരാണ് വിവരം അറിഞ്ഞ് മമ്മൂക്കയെ ജോർജേട്ടൻ വഴി ബന്ധപ്പെട്ടത്. തുടർന്ന് അപ്പയേയും അമ്മയേയും കൂട്ടി മമ്മൂക്കയെ വീട്ടിൽ പോയി കണ്ടു. അദ്ദേഹത്തെ അഭിനന്ദിച്ചു. ഏറെ സന്തോഷം നിറഞ്ഞ നിമിഷമായിരുന്നു അത്.

**ആസ്പിരിൻ ആദ്യ ആൽബം:**

ആസ്പിരിൻ ആയിരുന്നു ആദ്യ ആൽബം. അതിനു മുൻപ് ഇൻഡിപെൻഡന്റ് ട്രാക്കുകൾ ചെയ്തിട്ടുണ്ട്. ആസ്പിരിൻ ഒരു എക്സ്പിരിമെന്റൽ ട്രാക്കാണ്. ആരും കേൾക്കാത്ത തീർത്തും എന്റേതായ രീതിയുള്ള തോന്ന്യാസം. ഇത് ഗ്രാമിയിലേക്ക് അയച്ചിട്ടുണ്ട്. ഗ്രാമി ഇത് പരിഗണിച്ചു എന്നതു തന്നെ എനിക്ക് വലിയ അംഗീകാരമാണ്. അതുകൊണ്ട് തന്നെ തോന്ന്യാസങ്ങൾ തുടരും. പലയാവർത്തി പറഞ്ഞുകേട്ടു

**തോന്ന്യാസങ്ങൾ:**

തോന്ന്യാസങ്ങൾ എന്നു പറഞ്ഞാൽ എന്റെ ഇഷ്ടം. തോന്ന്യാസങ്ങൾക്ക് സ്വാതന്ത്യം, പൂർണ്ണ സ്വാതന്ത്ര്യം എന്നീ രണ്ടു വാക്കുകൾ പകരം തന്നാൽ:-

തീർച്ചയായും പൂർണ്ണ സ്വാതന്ത്ര്യം എന്നിലും എന്റേതായ ഇഷ്ടം കണ്ടെത്താനുള്ള ശ്രമത്തിലാണ് ഞാൻ പരമാവധി വ്യത്യസ്തത പുലർത്താൻ ശ്രമിക്കും.

**സിനിമയിലെ അടുത്ത സ്വപ്നം:**

സ്വപ്നങ്ങളൊക്കെയുണ്ട്. പക്ഷേ ഇപ്പോൾ പുറത്തു പറയുന്നില്ല. അതും എന്റെ ഒരു തോന്ന്യാസം ആയിരിക്കും.

**യൂത്തിനോട് പറയാനുള്ളത്:**

ആരെങ്കിലും എന്തെങ്കിലും ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ കൂടെ നിൽക്കുക, ഇറങ്ങിത്തിരിക്കുക, അധ്വാനിക്കുക. തീർച്ചയായും നടന്നിരിക്കും. അതിന്റെ വലിയ ഉദാഹരണമാണ് ഞാൻ. മരടിലേക്ക് ഈ സ്റ്റേറ്റ് അവാർഡ് എനിക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ഈ തീവ്ര ആഗ്രഹത്തിലൂന്നിയ പ്രവർത്തനത്തിന്റെ പരിണത ഫലമാണെന്ന് തിരിച്ചറിയണം.

**ഇനിയും തോന്ന്യാസങ്ങൾ:**


തോന്ന്യാസങ്ങൾ എന്നാൽ എന്റെ ഇഷ്ടത്തിനു ചെയ്യുക എന്നതു തന്നെയാണ്. നമ്മൾ കീബോർഡിൽ കാണുന്നത് 12 നോട്ടുകളാണ്. ഈ 12 നോട്ടിനകത്ത് മാത്രം നില്ക്കാതെ എന്റേതായ എക്സ്പ്ലോർ ചെയ്ത് ഒരു പുതിയ സാധനം കണ്ടുപിടിച്ച്, ആരും കേൾക്കാത്ത, ഒരു പുതിയത് ഉണ്ടാക്കിയെടുക്കുക, കൊണ്ടുവരിക എന്നതൊക്കെയാണ് എന്റെ ആശയം. നമ്മൾ യൂട്യൂബിൽ ഒരു ബി.ജി. സെർച്ച് ചെയ്യുന്നു. അതിന് ഒ.എസ്.ടി. എന്നു പറയും. ഒറിജിനൽ സൗണ്ട് ട്രാക്ക്. ഈ ഒറിജിനലിന് അർത്ഥം വേണമെന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. വേറൊരു സിമിലർ ട്രാക്ക് ചെയ്യാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഈ ഒറിജിനലിന് വേണ്ടി ഞാൻ നടത്തുന്ന യാത്രയാണ് ഞാൻ എന്നോടുതന്നെ കാണിക്കുന്ന ആത്മാർത്ഥത. ഈ തോന്ന്യാസവും തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആസ്പിരിനിൽ ഞാൻ ഈ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. കിളികളും, കാടും, കാറ്റും, ഉൾപ്പെടെ പ്രകൃതിയിൽ നിന്ന് ശബ്ദം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. ഇനിയും ശ്രമിക്കും. ഗുരുസ്ഥാനത്ത് ആരെങ്കിലും:-

സുഷിൽ ശ്യാം തന്നെയാണ് ഗുരുസ്ഥാനീയൻ. ഞാൻ കുഞ്ഞിലെ പാട്ടൊക്കെ പാടിത്തുടങ്ങിയത് സ്കൂൾ ഡയറിയിലെ വന്ദേമാതരം പാടിക്കൊണ്ടാണ്. എന്റെ പാട്ടിന്റെ പ്രത്യേകത കണ്ട് എന്നെ പാട്ടിലേക്ക് തിരിച്ചുവിട്ടതും പ്രോത്സാഹിപ്പിച്ചതുമൊക്കെ അമ്മയാണ്. സ്കൂളിലും മറ്റും മത്സരങ്ങൾക്ക് കൊണ്ടുപോയിരുന്നത് അപ്പയാണ്. വലിയ പിന്തുണയായിരുന്നു അവരിരുവരും. എന്റെ തോന്ന്യാസത്തിന് എന്നെ വിട്ടു, എന്നെ ഇവിടെവരെ എത്തിച്ച അവരാണ് എന്റെ ഈശ്വരന്മാർ.

ഞാൻ കേന്ദ്രസമിതി സെക്രട്ടറിയായിരിക്കുന്ന സമയം 2006-ൽ തോമസ്പുരം പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ദാഹാ എന്ന ഒരു നാടകം ഞങ്ങൾ ചെയ്തു. അതിൽ ക്രിസ്റ്റോയുടെ അപ്പനും അമ്മയും ഞങ്ങളോടൊപ്പം അഭിനയിച്ചിരുന്നു. മിന്നുന്ന പ്രകടനമാണ് അവർ ആ നാടകത്തിൽ പകർന്നാടിയത്. ആ കലാകാരന്മാരുടെ മകനും കലാകാരനാകാതിരിക്കാൻ പറ്റില്ലല്ലോ.

ക്രിസ്റ്റോയ്ക്ക് രണ്ട് സഹോദരിമാർ. അഡ്വക്കേറ്റ് മിന്നു സേവ്യറും, നിമ്മി സേവ്യറും. ഇരുവരും വിവാഹിതർ.

# ക്രിസ്മസ് പ്രതീകങ്ങൾ



**ക്രിസ്റ്റി പിൻഹീറോ**

*ഓരോ ആഗമന-ക്രിസ്മസ് കാലത്തും വീടുകളും ദേവാലയങ്ങളും സുപരിചിതമായ കാഴ്ചകൾ കൊണ്ട് നിറയും. നിത്യഹരിത പുഷ്പചക്രങ്ങൾ, പ്രകാശിക്കുന്ന നക്ഷത്രങ്ങൾ, മെഴുകുതിരികൾ, പുൽക്കൂടുകൾ എന്നിവയാണവ. എന്നാൽ, ഇവ വെറും അലങ്കാരങ്ങൾ മാത്രമല്ല. ഇവയെല്ലാം വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ച (യോഹന്നാൻ 1:14) അവതാര രഹസ്യത്തിന് സാക്ഷ്യംവഹിക്കുന്ന ദൈവശാസ്ത്രപരമായ പ്രതീകങ്ങളാണ്.*

ക്രൈസ്തവ ചിന്തയിൽ, പ്രതീകങ്ങൾ എപ്പോഴും അഗാധമായ മതബോധനപരവും (Catechetical) കൂദാശാപരവുമായ (Sacramental) അർത്ഥം വഹിച്ചിട്ടുണ്ട്. വി. അഗസ്റ്റിൻ എഴുതിയതുപോലെ, 'ദൃശ്യമായ അടയാളങ്ങൾ ചെവി കേൾക്കേണ്ടതിനെ കണ്ണുകളോട് സംസാരിക്കുന്ന ദൈവിക ഭാഷയാണ്.' അതിനാൽ, ഓരോ ക്രിസ്മസ് പ്രതീകവും വർണ്ണത്തിലും പ്രകാശത്തിലും രൂപത്തിലും ഒരു പ്രസംഗമായി മാറുന്നു. യേശുക്രിസ്തുവിൽ ദൃശ്യമായ ദൈവത്തിന്റെ രക്ഷാകരമായ സ്നേഹം ധ്യാനിക്കാൻ ഇത് വിശ്വാസികളെ ക്ഷണിക്കുന്നു.

ക്രിസ്മസിന്റെ ശാശ്വത പ്രതീകങ്ങളെയും അവ കത്തോലിക്കാ വിശ്വാസത്തിനും ആത്മീയ ജീവിതചര്യക്കും നൽകുന്ന ആഴമായ അർത്ഥത്തെയും നമ്മുക്ക് ധ്യാനിക്കാം

### ***നിത്യഹരിത മരം***
(The Evergreen Tree):
***നിത്യജീവന്റെ അടയാളം***

ശീതകാലത്തിന്റെ വരൾച്ചയിലും പച്ചപ്പ് നിലനിർത്തുന്ന ക്രിസ്മസ് മരം, ക്രിസ്തുവിലൂടെ വാഗ്ദാനം ചെയ്യപ്പെട്ട നിത്യജീവനെ പ്രഘോഷിക്കുന്നു. അതിന്റെ ത്രികോണാകൃതി പരിശുദ്ധ ത്രിത്വത്തെ അനുസ്മരിപ്പിക്കുന്നു, അതിലെ ദീപങ്ങൾ ഏശയ്യായുടെ പ്രവചനത്തെയാണ് ഓർമ്മിപ്പിക്കുന്നത്: "ഇരുട്ടിൽ നടന്നിരുന്ന ജനം ഒരു വലിയ പ്രകാശം കണ്ടു" (ഏശയ്യ 9:2). മധ്യകാല ഘട്ടത്തിലെ ജർമ്മൻ ക്രൈസ്തവ പാരമ്പര്യത്തിൽ വേരൂന്നിയ ഈ ആചാരം, പ്രത്യാശയെയും ദൈവിക ജീവനെയും കുറിച്ചുള്ള ഗാർഹിക മതബോധനമായി സഭ പുനർവ്യാഖ്യാനം ചെയ്തു.

### **നക്ഷത്രം**
(The Star):
**വെളിപാടിന്റെ പ്രകാശം**

ബേത്‌ലഹെമിലെ നക്ഷത്രം കിഴക്കു നിന്നുള്ള ജ്ഞാനികളെ നയിച്ചു (മത്തായി 2:2), അത് ദൈവിക മാർഗ്ഗനിർദ്ദേശത്തെ പ്രതീകപ്പെടുത്തുന്നത് തുടരുന്നു. കത്തോലിക്കാ പാരമ്പര്യത്തിൽ, ഇത് വിശ്വസ്തരെ സുരക്ഷിതമായി ക്രിസ്തുവിലേക്ക് നയിക്കുന്ന സമുദ്ര താരമായ (Stella Maris) മറിയത്തെയും മുൻകൂട്ടി കാണിക്കുന്നു. മരത്തിന്റെ മുകളിലുള്ള നക്ഷത്രം നമ്മുടെ നോട്ടം സ്വർഗ്ഗത്തിലേക്ക് തിരിക്കുന്നു.

### **മെഴുകുതിരികളും ദീപങ്ങളും**
(Candles and Lights): **ക്രിസ്തു, ലോകത്തിന്റെ പ്രകാശം**

ഓരോ മെഴുകുതിരി കത്തിച്ച ദിവ്യബലിയിലും അല്ലെങ്കിൽ ആഗമന പുഷ്പചക്രത്തിലും, 'എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം' (യോഹന്നാൻ 1:9) ക്രിസ്തുവാണെന്ന് സഭ ഓർമ്മിക്കുന്നു. ആദ്യകാല ക്രൈസ്തവർ മെഴുകുതിരിയെ ക്രിസ്തുവിന്റെ സ്വയം ശൂന്യമാക്കലിന്റെ പ്രതീകമായി കണ്ടു: മറ്റുള്ളവർക്ക് കാണാൻ വേണ്ടി സ്വയം എരിഞ്ഞടങ്ങുന്നത്. അതിനാൽ, വീടുകളിൽ മെഴുകുതിരികൾ കത്തിക്കുന്നത് നിരാശയ്ക്കെതിരായ പ്രത്യാശയുടെ ഒരു ചെറിയ ആരാധനാക്രമമായി മാറുന്നു, ഇരുട്ടിന് കീഴടക്കാനാവാത്ത പ്രകാശത്തിലുള്ള വിശ്വാസത്തിന്റെ ഒരു പ്രവൃത്തി.

### **പുഷ്പചക്രം**
(The Wreath):
**നിത്യതയുടെ വൃത്തം**

പുഷ്പചക്രത്തിന്റെ വൃത്താകൃതി, തുടക്കമോ ഒടുക്കമോ ഇല്ലാത്തത്, ദൈവത്തിന്റെ നിത്യ സ്വഭാവത്തെയും ക്രിസ്തുവിൽ പൂർത്തിയാക്കിയ ശാശ്വതമായ ഉടമ്പടിയെയും പ്രതീകപ്പെടുത്തുന്നു. പച്ചപ്പ്

അമർത്യതയെക്കുറിച്ച് സംസാരിക്കുന്നു; ചുവന്ന പഴങ്ങൾ (berries) അവിടുത്തെ രക്ഷാകരമായ രക്തത്തെ സൂചിപ്പിക്കുന്നു. കത്തോലിക്കാ ഭവനങ്ങളിൽ, ആഗമന പുഷ്പചക്രം പുരോഗമിക്കുന്ന പ്രകാശത്തിലൂടെ (പ്രത്യാശ, വിശ്വാസം, സന്തോഷം, സ്നേഹം) ഹൃദയങ്ങളെ ഒരുക്കുന്നു ക്രിസ്മസിന്റെ പ്രകാശം ഉദിക്കുന്നതുവരെ.

**മാലാഖമാർ (Angels): അവതാരത്തിന്റെ ദൂതന്മാർ**

ബേത്‌ലഹെമിലെ മാലാഖക്കൂട്ടം രക്ഷാചരിത്രത്തിലേക്ക് പ്രവേശിച്ചു എന്ന സ്വർഗ്ഗത്തിന്റെ പ്രഖ്യാപനത്തെ പ്രതിനിധീകരിക്കുന്നു. “അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം” (ലൂക്കാ 2:14) എന്നത് ഒരു സ്തോത്രഗീതം മാത്രമല്ല, സമാധാനത്തിന്റെ ഒരു ദൈവശാസ്ത്രമാണ്: ദൈവം സ്വർഗ്ഗത്തെയും ഭൂമിയെയും അനുരഞ്ജിപ്പിക്കുന്നു. മാലാഖമാരുടെ രൂപങ്ങൾ അലങ്കാര വസ്തുക്കളേക്കാൾ ഉപരിയാണ്; മനുഷ്യ രക്ഷയിലെ ദൈവത്തിന്റെ മുൻകൈയെക്കുറിച്ച് അവ നമ്മെ ഓർമ്മിപ്പിക്കുന്നു.

**സമ്മാനങ്ങൾ (Gifts): ദാനത്തിന്റെ ദൈവശാസ്ത്രം**

സമ്മാനങ്ങൾ കൈമാറുന്ന പാരമ്പര്യം ജ്ഞാനികൾ ഉണ്ണിയേശുവിന് നൽകിയ ആദരവിൽ (മത്തായി 2:11) നിന്നും പിതാവ് നൽകിയ പരമോന്നത സമ്മാനത്തിൽ (തന്റെ ഏകപുത്രനെ നൽകിയത് – യോഹന്നാൻ 3:16) നിന്നും ഒഴുകി വരുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം, ദാനം എന്നത് ഉപഭോഗസംസ്കാരമല്ല, മറിച്ച് ദൈവിക ഔദാര്യത്തിലുള്ള പങ്കാളിത്തമാണ്. വി. ജോൺ ക്രിസോസ്തോം എഴുതി, “ക്രിസ്തുവിന്റെ ജനനത്തെ ആദരിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വിശക്കുന്നവർക്ക് ഭക്ഷണം നൽകുകയും നഗ്നരെ ഉടുപ്പിക്കുകയും ചെയ്യുക.” അതിനാൽ, ജീവകാരുണ്യമാണ് ഏറ്റവും യഥാർത്ഥമായ ക്രിസ്മസ് സമ്മാനം.


**മണികൾ (Bells): പ്രഘോഷണത്തിന്റെ സന്തോഷം**

ദേവാലയ മണികൾ വിശ്വാസികളെ ആരാധനയ്ക്ക് വിളിക്കുകയും നല്ല വാർത്തകൾ അറിയി ക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്മസിന് അവ മുഴങ്ങുന്നത് ‘ഇന്ന് നമ്മുടെ രക്ഷകൻ, ക്രിസ്തു ജനിച്ചിരിക്കുന്നു’ (ലൂക്കാ 2:11) എന്ന് പ്രഖ്യാപിക്കുന്നു. ഒരു പ്രതീകമെന്ന നിലയിൽ, മണി സുവിശേഷ സന്തോഷത്തെ പ്രതിനിധീകരിക്കുന്നു സമാധാനത്തിനായി കാത്തിരിക്കുന്ന ലോകത്തിൽ സുവിശേഷം മുഴക്കാനുള്ള ക്രിസ്ത്യാനിയുടെ കടമ.

**പുൽക്കൂട് (The Nativity Scene): ദൃശ്യമായ രഹസ്യം**

അവസാനമായി, 1223-ൽ വി. ഫ്രാൻസിസ് അസ്സീസി പ്രചരിപ്പിച്ച പുൽക്കൂട് ക്രിസ്മസ് ദൈവശാസ്ത്രത്തിന്റെ ഹൃദയത്തെ ഉൾക്കൊള്ളുന്നു ദൈവത്തിന്റെ എളിമ. ഇവിടെ ദൈവികത മനുഷ്യന്റെ ദാരിദ്ര്യത്തിന്റെ വൈക്കോലിലേക്ക് കുനിയുന്നു. വി. ഐസക് സീറിയൻ ആശ്ചര്യപ്പെട്ടു, “ഈ എളിമ മാലാഖമാരെ പോലും വിസ്മയിപ്പിക്കുന്നു.” ഓരോ പുൽക്കൂട് കാഴ്ചയിലും വിശ്വാസം താഴേക്ക് കുനിയുന്നു, സ്നേഹം സ്പർശിക്കാവുന്നതായി മാറുന്നു.

*ക്രിസ്മസിന്റെ പ്രതീകങ്ങൾ വെറും ശൂന്യമായ പാരമ്പര്യങ്ങളല്ല, വിശുദ്ധമായ അടയാളങ്ങളാണ് നാം വിശ്വസിക്കുന്ന കാര്യത്തെ അവ ദൃശ്യമാക്കുന്നു: ദൈവത്തിന്റെ വചനം മാംസമായി. ഈ രഹസ്യം മറന്നുപോകാൻ സാധ്യതയുള്ള ഒരു മതേതര യുഗത്തിൽ, ഓരോ പുഷ്പചക്രവും, മെഴുകുതിരിയും, പുൽക്കൂടും ഒരു നിശ്ശബ്ദ സുവിശേഷകനായി മാറുന്നു.*



# സൗഖ്യത്തിന്റെ പന്ത്രണ്ട് ദിനങ്ങൾ

ആശയാനുവാദം : ഷാലി ജോസഫ്

2012-ലെ ക്രിസ്മസ് കാലത്ത്, ഒരു തണുപ്പുള്ള ഡിസംബർ സന്ധ്യയിൽ, ഞാനും ഭർത്താവ് കെന്നും പള്ളിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിയെത്തി. ഞങ്ങൾ പൂമുഖത്തേക്ക് കയറിയപ്പോൾ വാതിലിനടുത്ത് ഒരു പൊതി കണ്ടു. ചുവന്ന റിബൺ കെട്ടി, ശ്രദ്ധയോടെ പൊതിഞ്ഞ്, പൂമുഖ വിളക്കിന്റെ വെളിച്ചത്തിൽ മൃദുവായി തിളങ്ങുന്ന ഒരു സമ്മാനപ്പൊതി. അതിൽ ഒരു കുറിപ്പ് ഒട്ടിച്ചിരുന്നു. അതിൽ ഇങ്ങനെ വായിച്ചു: "ക്രിസ്മസിന്റെ ഒന്നാം ദിനം."

അൽപനേരം ഞങ്ങൾ വാതിലിന്റെ അരികിൽ നിന്നു, നിശബ്ദരായി. ആ വർഷം ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും ദുഷ്കരമായ ഒന്നായിരുന്നു. മൂന്ന് മാസം മുൻപാണ് ഞങ്ങൾക്ക് ഞങ്ങളുടെ പ്രിയപ്പെട്ട മകളെ നഷ്ടപ്പെട്ടത്. ഒരിക്കൽ ചിരിയും ഊഷ്മളതയും നിറഞ്ഞ ആ ആഘോഷങ്ങൾ, ഇപ്പോൾ വേദനാജനകമായി, ശൂന്യമായി തോന്നി. എന്നിട്ടും, ആ ചെറിയ സമ്മാനപ്പൊതി ഞങ്ങൾക്ക് വളരെക്കാലമായി കേൾക്കാത്ത എന്തോ ഒന്ന് മന്ത്രിക്കുന്നതു പോലെ തോന്നി.

അടുത്ത രാത്രി, ഞങ്ങൾ മടിച്ചു മടിച്ച് വീണ്ടും പൂമുഖം പരിശോധിച്ചു. അതാ അവിടെ, 'ക്രിസ്മസിന്റെ രണ്ടാം ദിനം' എന്ന് അടയാളപ്പെടുത്തിയ ഒരു സമ്മാനം. അങ്ങനെ അത് തുടർന്നു. ഓരോ സായാഹ്നവും പുതിയ അത്ഭുതങ്ങൾ കൊണ്ടുവന്നു - പലഹാരങ്ങൾ, മെഴുകുതിരികൾ, അലങ്കാരവസ്തുക്കൾ, ഒരു തവണ ഒരു ചെറിയ പ്രാർത്ഥനാപുസ്തകം പോലും. ആരാണ് ഞങ്ങളുടെ ഈ നിഗൂഢ ഉപകാരികൾ എന്ന് കണ്ടെത്താൻ ഞങ്ങൾ കിണഞ്ഞു ശ്രമിച്ചെങ്കിലും, അവർ എന്നും അദൃശ്യരായി തുടർന്നു.

അങ്ങനെ, പന്ത്രണ്ടാം രാത്രിയിൽ, ഞങ്ങൾ അത്താഴം കഴിച്ചു തീർന്ന ഉടനെ, വാതിലിൽ ഒരു നേരിയ മുട്ട് കേട്ടു. ഞങ്ങൾ വാതിൽ തുറന്നു. അവിടെ, ഞങ്ങളുടെ പ്രിയ സുഹൃത്ത് ഷാർലറ്റ് എവററ്റും അവരുടെ മക്കളായ പാർക്കറും, റീസും, തണുപ്പിൽ നാണത്തോടെ പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. അവരായിരുന്നു ഞങ്ങളുടെ 'മാലാഖമാർ', സ്നേഹത്തിന്റെ ഞങ്ങളുടെ അപ്രതീക്ഷിത ദൂതന്മാർ. ആ നിമിഷം, ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞു. വാക്കുകൾ കിട്ടാതെ ഞങ്ങൾ നിന്നു.


ആ ക്രിസ്മസിന്, അവരുടെ നിശബ്ദമായ ദയയിലൂടെ, ഞങ്ങൾ ഒരു പരിശുദ്ധമായ കാര്യം കണ്ടെത്തി: ദുഃഖത്തിലായിരിക്കുമ്പോഴും, സ്നേഹം ഞങ്ങളിലേക്ക് തിരികെയെത്തും. അത് പലപ്പോഴും റിബണുകളിൽ പൊതിഞ്ഞ്, നിഷ്കളങ്കരായ കുട്ടികളുടെ കൈകളാൽ വഹിക്കപ്പെട്ടാ യിരിക്കും വരുന്നത്. ഞങ്ങളുടെ ഹൃദയത്തെ അവർ എത്രമാത്രം സ്പർശിച്ചുവെന്നോ, ദൈവത്തിന് മാത്രം അറിയാമായിരുന്ന ഒരു മുറിവ് ഉണക്കാൻ അവരുടെ ലളിതമായ സമ്മാനങ്ങൾ എങ്ങനെ സഹായിച്ചുവെന്നോ എവററ്റ് കുടുംബത്തിന് ഒരിക്കലും പൂർണ്ണമായി അറിയാൻ കഴിഞ്ഞെന്നു വരില്ല.

ക്രിസ്മസ് എന്നാൽ വെളിച്ചവും, കരോളുകളും, സമ്മാനങ്ങളും മാത്രമല്ല; മുറിപ്പെട്ട ഹൃദയങ്ങളുടെ വാതിൽക്കലേക്ക് നിശബ്ദമായി കടന്നുവരുന്ന ദൈവസ്നേഹമാണ്. ശിശുവായ ക്രിസ്തു ഇരുട്ടിന്റെയും നഷ്ടത്തിന്റെയും ലോകത്തേക്ക് പ്രവേശിച്ചതുപോലെ, അവിടുന്ന് വെളിച്ചത്തോടും ആർദ്രതയോടും കൂടി നമ്മുടെ വേദനയിലേക്ക് പ്രവേശിക്കുന്നു. ചിലപ്പോൾ, നമ്മെ ഓർക്കുന്ന സുഹൃത്തുക്കളിലൂടെയോ, കരുതലുള്ള അയൽക്കാരിലൂടെയോ, അല്ലെങ്കിൽ നമ്മൾ തീരെ പ്രതീക്ഷിക്കാത്ത സമയത്ത് പ്രതീക്ഷ കൊണ്ടുവരുന്ന അപരിചിതരിലൂടെയോ അവിടുന്ന് കടന്നുവരുന്നു.

ഓരോ സ്നേഹപ്രവൃത്തിയിലും, രക്ഷകൻ വീണ്ടും ജനിക്കുന്നു. ഇതാണ് ക്രിസ്മസിന്റെ യഥാർത്ഥ അത്ഭുതം. ദൈവത്തിന് സ്പർശിക്കാൻ കഴിയാത്തത്ര ആഴത്തിലുള്ള ദുഃഖങ്ങളില്ല, അവിടുത്തേക്ക് സൗഖ്യപ്പെടുത്തുവാൻ കഴിയാത്തത്ര തകർന്ന ഹൃദയങ്ങളുമില്ല.

# ഡോൺ വിൻസെന്റ്
## മ്യൂസിക് ഡയറക്ടർ





**ഫാ. സെബി വിക്ടർ**

***കേരള സ്റ്റേറ്റ് ഫിലിം അവാർഡ് ഫോർ ബെസ്റ്റ് മ്യൂസിക് ഡയറക്ടർ ഒരു സംഗീത സംവിധായകൻ എന്ന തലത്തിലേക്ക് എത്തിച്ചേരാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നു?***

ഡോൺ: ചെറുപ്പം മുതൽ പിയാനോ പഠിക്കണം എന്ന ആഗ്രഹം ഉണ്ടായിരുന്നു (നാഷണൽ അക്കാഡമി ഓഫ് മ്യൂസിക്, രവിപുരം) അവിടെ വച്ചാണ് പ്രോപ്പർ ട്രെയിനിംങ്ങ് ലഭിക്കുന്നത്. അതുപോലെതന്നെ സ്കൂൾ ബാന്റിൽ ഉണ്ടായിരുന്നു. ബാന്റിൽ ആയിരുന്ന സമയത്ത് പാട്ട് സ്വന്തമായി കമ്പോസ് ചെയ്യുമായിരുന്നു. എന്നാൽ സിനിമാ രംഗത്തേക്ക് എത്താൻ കാരണം ബി.ടെക് സമയത്ത് കൂട്ടുകാർ നിർമ്മിച്ച ഷോർട്ട് ഫിലിമിൽ സഹകരിച്ചതിലൂടെ ആയിരുന്നു.

***മ്യൂസിക് സ്വയം ക്രിയേറ്റ് ചെയ്യാൻ പ്രേരിപ്പിച്ച വ്യക്തി ആരാണ്?***

പ്രധാനമായും എ.ആർ. റഹ്മാൻ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഒരുപാട് ഗാനങ്ങൾ ചെറുപ്പം മുതലേ കേൾക്കുമായിരുന്നു. ഒരു മാജിക്കൽ ഫീൽ അത് തന്നിരുന്നു.

***ഇതുവരെ ചെയ്തതിൽ ഏറ്റവും ചലഞ്ചിംഗ് ആയി തോന്നിയത് ഏത് പ്രൊജക്ട് ആയിരുന്നു?***

ഓരോ പടവും ഓരോ ലേണിംഗ് പ്രോസസ് ആണ്. ഏത് സിനിമ ആണെങ്കിലും അതിന്റെ തുടക്ക ഘട്ടത്തിൽ ചലഞ്ചിംഗ് തന്നെ ആണ്. ചലഞ്ചിംഗ് എന്നതിനേക്കാൾ ഉപരി ഓരോ പടവും ഇൻഡസ്ട്രിംങ്ങ് ആണ്. ആ ഇൻട്രസ്റ്റ് കൊണ്ടാണ് ഓരോ പടവും ക്രിയേറ്റ് ചെയ്യാറുള്ളത്.

***ഒരു സംഗീത സംവിധായകൻ ആയതിൽ ഏറ്റവും സംതൃപ്തി നൽകുന്ന കാര്യം ഏതാണ്?***

ഓഡിയൻസിന്റെ റെസ്പോൺസ് തന്നെയാണ് ഏറ്റവും കൂടുതൽ സാറ്റിസ്ഫാക്ഷൻ നൽകുന്ന കാര്യം. പടം ഇറങ്ങിക്കഴിഞ്ഞ് ആളുകൾ അത് സെലിബ്രേറ്റ് ചെയ്യുകയോ അതിനെപ്പറ്റി നല്ല അഭിപ്രായം പറയുകയോ ചെയ്യുമ്പോൾ തീർച്ചയായും സന്തോഷം തോന്നും.

*ഒരു സംഗീത സംവിധായകൻ ആകുന്നതിൽ ഡോണിന്റെ കുടുംബത്തിന്റെ പങ്ക് എന്തായിരുന്നു?*

അവരുടെ സപ്പോർട്ട് വളരെ വലുതാണ്. എന്റെ ഇഷ്ടത്തെ അവർ പരിഗണിച്ചു. അതില്ലായിരുന്നെങ്കിൽ ഒന്നുംതന്നെ സാധ്യകുമായിരുന്നില്ല. ഫ്രണ്ട്സിന്റെയും ഫാമിലിയുടെയും സപ്പോർട്ട് കൊണ്ടാണ് ഇന്നും മുന്നോട്ട് പോകുന്നത്.

*പൂനൈ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ഉള്ള പഠനം സംഗീതസംവിധാന രംഗത്ത് എത്രത്തോളം സഹായിച്ചു?*

എന്താണ് സിനിമയെന്ന് മനസ്സിലാക്കിയത് അവിടെവച്ചായിരുന്നു. സിനിമാ ഡയറക്ഷൻ ആണെങ്കിലും, സിനിമ ഓട്ടോഗ്രഫി ആണെങ്കിലും സ്ക്രിപ്റ്റ് റൈറ്റിംങ് ആണെങ്കിലും, ആക്ടിങ് ആണെങ്കിലും, കോസ്റ്റ്യൂമിനെക്കുറിച്ച് ആണെങ്കിലും സിനിമയുമായി ബന്ധപ്പെട്ട ഓരോ കാര്യത്തെപ്പറ്റിയും ഡെപ്ത്തിൽ അറിയാൻ കഴിഞ്ഞത് അവിടെവച്ചാണ്. അവിടെ ഡിസ്കസ് ചെയ്യുന്ന കാര്യങ്ങളും മറ്റ് ഇന്ററാക്ഷൻസും എന്റെ ഡെപ്ത്ത് കൂട്ടുന്നതായിരുന്നു. സിനിമയെ സീരിയസായി കാണാൻ അവിടെ നിന്നാണ് പഠിച്ചത്. അവിടെനിന്നും ലഭിച്ച സുഹൃത്തുക്കളായ അശോക്, സുബ്രഹ്മണ്യൻ അവർ ഇപ്പോഴും എന്നോടൊപ്പം ആയിരുന്നുകൊണ്ട് എന്നെ സഹായിക്കുന്നു.

*മ്യൂസിക് ഫീൽഡിലേക്ക് വരാൻ ഉദ്ദേശിക്കുന്നവരോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നത്?*

മ്യൂസിക് ഫീൽഡിലേക്ക് എന്നതിലുപരിയായി സ്വന്തമായി ഒരു ടാലന്റ് ഉണ്ടെന്ന് തോന്നുന്നെങ്കിൽ അതിനെ പരമാവധി എക്സ്ഫ്ളോർ ചെയ്യുക. സ്വന്തം കഴിവിൽ വിശ്വസിച്ചുകൊണ്ട് അതിനുവേണ്ടി എഫേർട്ട് ഇടുക. സ്വന്തം കഴിവിൽ വിശ്വസിച്ചതുകൊണ്ട് മാത്രമായില്ല. സ്വന്തം കഴിവ് തെളിയിച്ച് കാണിക്കണം. റിസൾട്ടിനെക്കുറിച്ച് ചിന്തിക്കാതെ അവനവന്റെ ബെസ്റ്റ് ചെയ്യുക. അതിനുള്ള അംഗീകാരം പുറകേ വന്നോളും.

*ആഗ്രഹിച്ച രീതിയിൽ എത്തിച്ചേരാൻ സാധിച്ചോ?*

ഒരു പടം ചെയ്യാനാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. ഇപ്പോൾ ഇതിനോടകം ഹിന്ദിയിലും, തമിഴിലും ഒക്കെ കമ്പോസ് ചെയ്യാൻ പറ്റി. ഇപ്പോൾ ഹിറ്റായിരിക്കുന്ന ലോക: പോലുള്ള സിനിമയിൽ സൗണ്ട് ഡിസൈനർ ആയി പ്രവർത്തിച്ചു. എല്ലാത്തിലുമുപരി പുതിയ കുറേ കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. കൂടാതെ കുറേ ആളുകളെ പരിചയപ്പെടാൻ സാധിച്ചു.



# ജൂബിലിയുടെ അനുഗ്രഹ നിറവിൽ

ഏവീസ്

*1975 ലെ മഹാജൂബിലി വർഷത്തിൽ വരാപ്പുഴ അതിരൂപ തയ്ക്ക് ലഭിച്ച ധന്യരായ രണ്ട് വൈദികരാണ് ബഹു. റവ. ഫാ. മാത്യു ഡിക്കുഞ്ഞയും ബഹു. റവ. ഫാ. പോൾ തുണ്ടിയിലും. 1975 ഡിസംബർ 20-നായിരുന്നു ഇരുവരുടേയും തിരുപ്പട്ട സ്വീകരണം. 2025 ഇവരുടെ വൈദികപട്ട സ്വീകരണത്തിന്റെ ജൂബിലി. ദൈവത്തിന്റെ പുരോഹിതനായി കർത്താവിന്റെ അൾത്താരയിൽ ബലി യർപ്പിച്ച്, തമ്പുരാനെ ജനത്തിനായി പകുത്തു നൽകിയ അമ്പത് വർഷങ്ങൾ. കൂടെ നടന്ന നല്ല ദൈവത്തിന് നന്ദി പറയാം. ബഹു. അച്ചന്മാർക്ക് സുവർണ്ണ ജൂബിലി യുടെ പ്രാർത്ഥനാശംസകൾ നേരുന്നു.*



## ഫാ. പോൾ തുണ്ടിയിൽ

ഓച്ചംതുരുത്ത് കുരിശിങ്കൽ പള്ളി ഇടവക തുണ്ടിയിൽ ജോസഫ്-ത്രേസ്യാ ദമ്പതികളുടെ ആറു മക്കളിൽ രണ്ടാമനായാണ്, 1949 സെപ്റ്റംബർ 8 നാണ് പോളച്ചന്റെ ജനനം. നാലു സഹോദരിമാരിൽ മൂന്നാമത്തെ സഹോദരി ആനി (റവ. സി. സുകൃത CSST) നീറിക്കോട്ട് കോൺവെന്റിൽ സേവനമനുഷ്ഠിക്കുന്നു.

ഓച്ചംതുരുത്തിലുള്ള സെന്റ് പീറ്റേഴ്സ് എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ച പോളച്ചൻ ഓച്ചംതുരുത്ത് സാന്ത്രാക്രൂസ് ഹൈസ്ക്കൂളിലെ പഠനത്തിനുശേഷം കളമശ്ശേരി സെന്റ്. ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനത്തിന് തുടക്കം കുറിച്ചു.

സെമിനാരി പഠനത്തിനുശേഷം 1978 ഡിസംബർ 20-ാം തീയതി ദൈവത്തിന്റെ പുരോഹിതനായി അഭിഷിക്തനാവുകയും കുരിശിങ്കൽ പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് സേവ്യർ ദൈവാലയ

ത്തിൽ ബഹുമാനപ്പെട്ട ഫാ. ഫിലിപ്പ് കൊമരംചാത്ത് *OSJ* യുടെ സഹവികാരിയായിട്ടാണ് ഫാ. പോൾ തന്റെ പൗരോഹിത്യ സേവനം ആരംഭിക്കുക. രണ്ടര വർഷത്തെ സേവനത്തിനുശേഷം അവിടെനിന്നും പള്ളിപ്പുറം മഞ്ഞുമാതാവിന്റെ പള്ളിയിലേക്ക് പോകുമ്പോൾ വികാരിയച്ചൻ പോളച്ചനോട് പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: "ഇവിടെ നിന്നും തെറി കേൾക്കാതെ പോകുന്നത് അച്ചൻ മാത്രമാണ്."

11 മാസം മാത്രം സേവനമനുഷ്ഠിച്ച പള്ളിപ്പുറത്തുനിന്നും ചേന്നൂർ സെന്റ്. ആന്റണീസ് ദൈവാലയത്തിലെ വികാരിയായിട്ടാണ് പോളച്ചൻ പിന്നീട് സേവനമനുഷ്ഠിക്കുക. അച്ചന്റെ സൗമ്യഭാവം ചേന്നൂർ ഇടവകയും കടമെടുക്കുകയായിരുന്നു. ചരിയൻതുരുത്ത് മാതാവിന്റെ ദേവാലയ നിർമ്മാണത്തോടനുബന്ധിച്ച് സെമിത്തേരിയും പണികഴിപ്പിക്കാൻ കഴിഞ്ഞത് അച്ചന്റെ വലിയ സംരംഭമായിരുന്നു.

ചേന്നൂരിൽ നിന്നും മറ്റൊരു ദ്വീപ് ഇടവകയായ മുളവുകാട് കാരുണ്യമാതാവിന്റെ ദേവാലയത്തിലേയ്ക്കാണ് അച്ചന് മാറ്റം കിട്ടുക. ഏകദേശം രണ്ടര വർഷത്തെ അവിടത്തെ സേവനത്തിന്റെ പച്ചയായ ഓർമ്മകൾ തങ്ങി നിൽക്കുന്നു. 2 രൂപ വീതം ഓരോ ഭവനവും പിരിവിട്ടു നടത്തിയ 'കുറി' യിൽ നിന്നും സമാഹരിച്ച വിഹിതത്തിലൂടെ വാങ്ങിയ ഇന്നത്തെ സെന്റ്. ആന്റണീസ് ദൈവാലയത്തിനായുള്ള സ്ഥലത്തിന്റെ ഓർമ്മ ഇതിലൊന്നാണ്. പാവപ്പെട്ട ജനതയുടെ ഒരുമയുടെ ഒരു നല്ല ഓർമ്മ.

ഈ നല്ല സ്മരണകളുമായിട്ടാണ് പെരുമ്പിള്ളി പള്ളിയിൽ നാല് വർഷം സേവനം ചെയ്തത്. തുടർന്ന് പാലാരിവട്ടം ഇടവകയിലേക്ക് സ്ഥലം മാറി. ആത്മീയ കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതോടൊപ്പം പള്ളിയും പരിസരവും ഭംഗിയാക്കി.

പാലാരിവട്ടത്തു നിന്ന് ചേരാനെല്ലൂർ സെന്റ്. ജെയിംസ് ദൈവാലയത്തിൽ എത്തിയ പോളച്ചൻ നാലര വർഷം അവിടെ സേവനം അനുഷ്ഠിക്കുകയും പുതിയ പള്ളി നിർമ്മാണത്തിന്റെ ആദ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു. പിന്നീട്, മരിയഭക്തനായ പോളച്ചൻ വല്ലാർപാടം പള്ളിയിൽ വികാരിയായി ചാർജ്ജെടുത്തു. അച്ചന്റെ കാലഘട്ടത്തിലാണ് വല്ലാർപാടം അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രമായി ഉയർത്തപ്പെടുന്നതും പോളച്ചൻ അതിന്റെ ആദ്യത്തെ റെക്ടർ ആയി നിയോഗിക്കപ്പെടുന്നതും. വല്ലാർപാടം തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുവാൻ ചരിത്രത്തിന്റെ വഴികളിലൂടെ അദ്ദേഹം കടന്നുപോയി. ദൈവകൃപയുടെയും പരിശുദ്ധ അമ്മയുടെ കരുതലിന്റെയും വലിയ അടയാളമാണ് ദൈവാലയത്തിന് മുൻപിലായി തുറക്കപ്പെട്ട പ്രധാന മരിയൻ പാത, പോളച്ചന്റെ ദീർഘവീക്ഷണത്തിന്റെ വലിയ ഉദാഹരണം.

വല്ലാർപാടത്തെ തുടർന്ന് പോളച്ചൻ സേവനമനുഷ്ഠിച്ച വടുതല സെന്റ്. ആന്റണീസ് ദൈവാലയത്തിന്റെ പുനരുദ്ധാരണവും മരടിലെ സ്കൂൾ കെട്ടിടങ്ങളും നിർമ്മിച്ചു. പനങ്ങാട് സെന്റ്. ആന്റണീസ് ദൈവാലയത്തിൽ സ്ഥാപിച്ച റോസറി പാർക്കും, കുരിശിന്റെ പാതയും, എടവനക്കാട് സെന്റ്. അബ്രോസ് ദൈവാലയത്തിലെ സേവനങ്ങളും. അച്ചന്റെ ഇടവക മക്കളോട് ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ്. ഇപ്പോൾ പോളച്ചൻ കാക്കനാട്ടുള്ള ആവില ഭവനിൽ വിശ്രമജീവിതം നയിക്കുന്നു; തന്റെ പ്രാർത്ഥനയുടെ ശക്തിയാൽ സഭാമക്കൾക്ക് കൂടുതൽ കരുത്ത് പകരാൻ; അതിലുപരി ദൈവത്തിന് നന്ദി അർപ്പിക്കാൻ.

വിശുദ്ധനായ ഒരു വൈദികനെയാണ് പോളച്ചനിൽ ദർശിക്കാനാവുക. മറ്റുള്ളവരെ കേൾക്കാൻ കഴിയുന്ന മനസ്സ്, ആരെയും ദ്രോഹിക്കാത്ത ശൈലി. എന്തിനേറെ പോളച്ചനെക്കുറിച്ച് ഒറ്റവാക്കിൽ പറയാം 'പ്രാർത്ഥനയുടെ പുരോഹിതൻ.' അപ്പോഴും ആ അധരം മന്ത്രിക്കും: "എന്തു ചെയ്യാം...."

## ഫാ. മാത്യു ഡിക്കൂഞ്ഞ

എളങ്കുന്നപ്പുഴ ദേശക്കാരനാണ് ഈ വർഷം തന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട മാത്യു ഡിക്കൂഞ്ഞ അച്ചൻ. ഇല്ലിക്കക്കാർ എന്ന് അറിയപ്പെടുന്ന ഇല്ലിക്കൽ വീട്ടിൽ വിൻസെന്റ് ഡിക്കൂഞ്ഞയുടെയും മറിയ ഡിക്കൂഞ്ഞയുടെയും മൂന്നാമത്തെ കുഞ്ഞായി മാത്യു അച്ചൻ ജനിച്ചു.

മാത്യു അച്ചൻ തന്റെ ആദ്യവിദ്യാഭ്യാസ കാലഘട്ടം തുടങ്ങുന്നത് എളങ്കുന്നപ്പുഴ ആഗ്ലോ ഇന്ത്യൻ സ്കൂളിലായിരുന്നു. തുടർന്ന് 5 മുതൽ 10 വരെ എളങ്കുന്നപ്പുഴ ഗവൺമെന്റ് ഹൈസ്ക്കൂളിൽ പഠിച്ചു. എസ്.എസ്.എൽ.സി. പാസ്സായതിനെ തുടർന്ന് കളമശ്ശേരി സെന്റ്. ജോസഫ്സ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ഇട്ടിക്കുന്നത്തച്ചനും മോൺ. ജോർജ്ജ് ഇട്ടിക്കുന്നത്തച്ചനും, ആർദർ അച്ചനുമെല്ലാം മാത്യു ഡിക്കൂഞ്ഞ അച്ചന്റെ ദൈവവിളി നിറവും മിഴിവും ഏകിയവരാണ്. ഈ അച്ചന്മാർ മാത്യു അച്ചന്റെ പപ്പയുടെ കൂട്ടുകാരായിരുന്നു.

മൈനർ സെമിനാരിയിലേക്ക് അച്ചനെ തിരഞ്ഞെടുത്തത് അട്ടിപ്പേറ്റി പിതാവാണ്. മോൺ. ജോർജ്ജ് ഇട്ടിക്കുന്നത്തച്ചനായിരുന്നു സെമിനാരി റെക്ടർ. പി.ഡി.സി. പഠനം സെന്റ് പോൾസ് കോളേജ് കളമശ്ശേരിയിൽ പൂർത്തിയാക്കി. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽ തത്വശാസ്ത്ര പഠനവും ദൈവശാസ്ത്ര പഠനവും ഭംഗിയായി പൂർത്തിയാക്കി വൈദിക പട്ടത്തിനായ് ഒരുങ്ങി. മേജർ സെമിനാരി പഠനത്തിൽ അഭിമാനത്തോടെ ഓർക്കുന്ന ഒരു കാര്യം ഇതാണ്; സെമിനാരിയിൽ ഓരോ വിഷയത്തിനും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന സെമിനാരിക്കാരന് 20 രൂപ സമ്മാനമായി ലഭിച്ചിരുന്നു. ഈ സമ്മാനം മൂന്നു പ്രാവശ്യം അച്ചൻ കരസ്ഥമാക്കിയിട്ടുണ്ട്. അതുപോലെ ബിടെക് നൊപ്പം റോമിലെ പ്രൊപ്പഗാന്ത

യിൽ നിന്ന് നൽകിയിരുന്ന B.D. (Bachlor of Divinity) സർട്ടിഫിക്കറ്റ് മാത്യു അച്ചൻ കരസ്ഥമാക്കിയിരുന്നു.

1975 ഡിസംബർ 20-ാം തീയതി വളപ്പ് സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് ബഹുമാനപ്പെട്ട മാത്യു ഡിക്കൂഞ്ഞ അച്ചൻ വൈദികപട്ടം സ്വീകരിച്ചു. മാർച്ച് മാസത്തോടെ സെമിനാരിയിലെ പഠനം പൂർത്തീകരിച്ച് വൈദികനായി.

മാത്യു അച്ചന്റെ ആദ്യത്തെ നിയോഗം പള്ളിപ്പുറം മഞ്ഞുമാതാ പള്ളിയിൽ ബഹു. മോൺ. ഫ്രാൻസിസ് ഒറ്റിക്കലിന്റെ സഹവികാരിയായി പ്രവർത്തിക്കുവാനായിരുന്നു. പള്ളിപ്പുറം പള്ളിയുടെ പരിധിയിലുള്ള മുനമ്പത്തും ചെറുവയ്പ്പിലുമുള്ള ദൈവാലയങ്ങളിൽ ഞായറാഴ്ചകളിൽ സൈക്കിൾ ചവിട്ടി ദിവ്യബലിയ്ക്ക് പോയിരുന്നത് ഇന്നും മാത്യു അച്ചന്റെ മനസ്സിൽ പച്ചയായി നിലകൊള്ളുന്നു.

വികാരിയായി മാത്യു അച്ചൻ



ആദ്യമായി ദൗത്യം ഏറ്റെടുത്തത് മാമംഗലം കർമ്മലമാതാ ദൈവാലയത്തിലാണ്. അന്ന് മാമംഗലം ഇടവക, വളരെ പാവപ്പെട്ട സാധാരണക്കാരുടെ ഒരു കൂട്ടായ്മയായിരുന്നു. അവിടെനിന്നും സ്വരൂപിച്ചെടുത്ത 3 ലക്ഷം രൂപ കൊണ്ട് ഇടവക മക്കളുടെ പൂർണ്ണ സഹകരണത്തോടെ, ചുമ്മാർ ഓലപ്പുറത്തച്ചൻ രൂപകല്പന നൽകിയ മാമംഗലം പള്ളി മാത്യു അച്ചന്റെ നേതൃത്വത്തിൽ വളരെ പെട്ടെന്നാണ് പുതിയ ദേവാലയമായി പണിതുയർത്തിയത്. അച്ചൻ അഭിമാനത്തോടെ ഇന്നും പറയും; പള്ളിയുടെ ഓരോ ഇഷ്ടികയും എന്റെ കൈകളിലൂടെ കടന്നു പോയതാണ്. ഇന്നും മാമംഗലംകാരുടെ മനസ്സിൽ മാത്യു അച്ചൻ നിറഞ്ഞു നിൽക്കുന്നു.

ചാലക്കുടി തിരുക്കുടുംബ ദൈവാലയമായിരുന്നു മാത്യു അച്ചന്റെ പിന്നീടുള്ള തട്ടകം. ചാലക്കുടിയിൽ നിന്ന് ചില പ്രശ്നങ്ങളാൽ അന്ന് അടച്ചിട്ടിരുന്ന കറുകുറ്റി പള്ളിയിലേക്കും അതിന്റെ ഇടവക പള്ളിയായിരുന്ന സമ്പാളൂർ സെന്റ്. ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിലേക്കാണ് മാത്യു അച്ചൻ പോവുക. അച്ചന്റെ ശാന്ത പ്രകൃതം എല്ലാ പ്രശ്നങ്ങളും ഒതുക്കിത്തീർക്കുകയും പള്ളിക്കാര്യങ്ങൾ ഭംഗിയായി മുന്നോട്ട് കൊണ്ടുപോവുകയും ചെയ്തു.

പൊന്നാരിമംഗലം കാരുണ്യമാതാവിന്റെ പള്ളിയിലെ സേവനത്തിനു ശേഷം വടുതല സെന്റ്. ആന്റണീസ് ദൈവാലയത്തിൽ സേവനം ചെയ്തു. വടുതല ബോട്ടുജെട്ടി റോഡിലുള്ള സെന്റ് പീറ്റർ & പോൾ ദൈവാലയം പണികഴിപ്പിച്ചതും ഇടവകയ്ക്ക് ഒരു സ്ഥിരം വരുമാനത്തിനായ് പണിതീർത്ത സെന്റ് ആന്റണീസ് പാരീഷ് ഹാളും മാത്യു അച്ചന്റെ ശ്രമഫലമാണ്.

വടുതലയിൽ നിന്ന് മാത്യു അച്ചൻ പോവുക വികസനം അധികം എത്തിച്ചേരാത്ത വല്ലാർപാടം പള്ളിയിലേക്കാണ്. ഏകദേശം 3 വർഷം അവിടെ സേവനമനുഷ്ഠിച്ചു. പഴയ സ്കൂൾ പുതുക്കി സെന്റ് മിഖായേൽ ഹാളാക്കി മാറ്റി. വല്ലാർപാടം പള്ളിയെ ബസ്ലിക്കയായി ഉയർത്തുവാനുള്ള ആദ്യ നിർദ്ദേശവുമായി ഡാനിയേൽ പിതാവിനെ സമീപിക്കുവാൻ ദൈവം അച്ചനെ നിയോഗിക്കുകയായിരുന്നു. തുടർന്ന് നെട്ടൂർ അമലോത്ഭവമാതാവിന്റെ പള്ളിയിലേക്ക് അച്ചൻ പോയി. പള്ളിയും പരിസരവും മനോഹരമാക്കിയതും മാടവന പള്ളിയിക്ക് ഒരു പള്ളിമേട പണിത് ആദ്യത്തെ വികാരിയെ അവിടെ താമസിപ്പിച്ചതും അഭിമാനത്തോടെ അച്ചൻ ഓർക്കുന്നു.

എട്ടാം ഫൊറോനയുടെ വികാരിയായി കുരിശിങ്കൽ പള്ളിയിലേക്കാണ് മാത്യു അച്ചൻ തന്റെ സേവനം തുടർന്നത്. അവിടെ നിന്നും പെരുമാനൂർ ഇടവകയുടെ വികാരിയായി നിയോഗിക്കപ്പെട്ടു. തുടർന്ന് എടവനക്കാട് സെന്റ് അംബ്രോസ് ദേവാലയത്തിന്റെ വികാരിയായാണ് അച്ചൻ നിയോഗിക്കപ്പെട്ടത്. പാരീഷ് ഹാൾ പുതുക്കി പണിയുവാനും പള്ളിയുടെ മുഖവാരം അതിന്റെ പഴമ നഷ്ടപ്പെടുത്താതെ മനോഹരമാക്കുവാനും അച്ചന് സാധിച്ചു. അംബ്രോസ് പുണ്യവാളന്റെ തിരുനാളിനെ വലിയൊരു അത്ഭുതമായിട്ടുതന്നെയാണ് മാത്യു അച്ചൻ നോക്കിക്കാണുക. തുടർന്ന് ഏകദേശം രണ്ടുവർഷം വെണ്ണല അഭയമാതാ ദേവാലയത്തിൽ സേവനമനുഷ്ഠിച്ചു. വിശ്രമത്തിന്റെയും ചികിത്സയുടെയും കാലഘട്ടമായിരുന്നതിനാൽ അച്ചൻ തുടർന്ന് വിശ്രമജീവിതത്തിലേക്ക് കടന്നുവന്നു. ഇപ്പോൾ കാക്കനാട് ആവിലാ ഭവനിൽ വിശ്രമജീവിതം നയിക്കുന്നു.

*വാഴ്ത്തപ്പെട്ട മദർ ഏലിശ്വ വിശ്വാസ ജീവിതത്തിന്റെ ധീരമാതൃക : കർദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ്*

മദർ ഏലീശ്വയുടെ വിശുദ്ധവും ധീരവും അചഞ്ചലവുമായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതം അനേകർക്ക് പ്രചോദനമായി തീരുമെന്ന് പെനാങ് രൂപത മെത്രാൻ അത്യുന്നത കർദിനാൾ സെബാസ്റ്റ്യൻ ഫ്രാൻസിസ് അഭിപ്രായപ്പെട്ടു. കേരള സഭയിലെ ആദ്യ സന്ന്യാസിനിയും, ഇന്ത്യയിലെ സ്ത്രീകൾക്കുവേണ്ടിയുള്ള പ്രഥമ കർമലീത്താ നിഷ്പാദുക മൂന്നാം സഭയുടെ സ്ഥാപികയുമായ മദർ ഏലീശ്വായെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വരാപ്പുഴ അതിരൂപതയിലെ ദേശീയ മരിയൻ തീർഥാടനകേന്ദ്രമായ എറണാകുളം വല്ലാർപാടം ബസിലിക്കയിൽ നടന്ന തിരുക്കർമ്മങ്ങളുടെ ഭാഗമായി വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, ധന്യ മദർ ഏലീശ്വയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുന്നതിനുള്ള അഭ്യർഥന നടത്തി. വത്തിക്കാന്റെ ഇന്ത്യയിലെ അപ്പസ്തോലിക പ്രതിനിധി ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറെല്ലി സന്ദേശം നൽകി. കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് വാഴ്ത്തപ്പെട്ട മദർ ഏലീശ്വായുടെ തിരുസ്വരൂപം അനാവരണം ചെയ്തു. തുടർന്ന് മദറിന്റെ തിരുശേഷിപ്പ് ഔദ്യോഗികമായി ഏറ്റുവാങ്ങി അൾത്താരയിൽ പ്രതിഷ്ഠിച്ചു.

ദിവ്യബലിക്കുശേഷം ഏലീശ്വാമ്മയുടെ നൊവേന സിബിസിഐ അധ്യക്ഷൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പ്രകാശനം ചെയ്തു. കെആർഎൽസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ സുവനീർ പ്രകാശനം നിർവഹിച്ചു. കോഫി ടേബിൾ ബുക്കിന്റെ പ്രകാശനം ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ആദ്യകോപ്പി മദർ ഷഹീല സി.റ്റി.സിക്ക് നൽകി നിർവ്വഹിച്ചു. ബസിലിക്കയിലേക്കുള്ള വാഴ്ത്തപ്പെട്ട മദർ ഏലീശ്വായുടെ തിരുസ്വരൂപ പ്രയാണത്തോടെ ചടങ്ങുകൾ സമാപിച്ചു.

രാജ്യത്തിനകത്ത് നിന്നും പുറത്തുനിന്നും വിവിധ രൂപതകളെയും സഭകളെയും പ്രതിനിധീക രിച്ച് അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്യസ്തരും അല്മായരും പങ്കെടുത്തു. തുടർന്ന് ഏലീശ്വചരിതം ഗാനശില്പത്തിന്റെ അവതരണമുണ്ടായിരുന്നു. തിരുകർമങ്ങളോടനുബന്ധിച്ച് വരാപ്പുഴ അതിരൂപത കെഎൽസിഎ, കെസിവൈഎം സംഘടനകളുടെ നേതൃത്വത്തിൽ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ നിന്നും ആരംഭിച്ച മദർ ഏലീശ്വായുടെ ഛായാ ചിത്ര പ്രയാണവും വരാപ്പുഴ സെന്റ് ജോസഫ് കോൺവെന്റ് അങ്കണത്തിലെ മദർ ഏലീശ്വായുടെ സ്മൃതി മന്ദിരത്തിൽ നിന്നും ആരംഭിച്ച ലോഗോ പ്രയാണവും ഓച്ചന്തുരുത്ത് കുരിശിങ്കൽ ദേവാലയ ത്തിൽ നിന്നും ആരംഭിച്ച ദീപശിഖ പ്രയാണവും വല്ലാർപാടം ബസിലിക്കയുടെ മുഖ്യകവാടത്തിൽ വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ, വല്ലാർപാടം ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, സി.റ്റി.സി. സുപ്പീരിയർ ജനറൽ മദർ ഷാഹില സി.ടി.സി. എന്നിവർ ചേർന്ന് സ്വീകരിച്ചു. തുടർന്നാണ് വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപന തിരുക്കർമ്മങ്ങൾ ആരംഭിച്ചത്.

*കേരള ലേബർ മൂവ്മെന്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു*

കേരള ലേബർ മൂവ്മെൻറ് വരാപ്പുഴ അതിരൂപത വാർഷിക ജനറൽ ബോഡി യോഗത്തിൽ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ഹാളിൽ വച്ച് നടന്ന സമ്മേളനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു. 2025 –27 വർഷങ്ങളിൽ സംഘടനയെ നയിക്കുന്നതിന് പ്രസിഡന്റ് സജി ഫ്രാൻസിസ് മനയിൽ (ചാത്യാത്ത്) ജനറൽ സെക്രട്ടറി ജോൺസൺ പാലക്കപ്പറമ്പിൽ (നീറിക്കോട്) ട്രഷറർ ടി.ജി. ജോസഫ് തേവർകാട് എന്നിവരെ തിരഞ്ഞെടുത്തു.

## *വിശ്വാസ പരിശീലന വാർത്തകൾ*

**ക്രിസ്മസ് കരോൾ മത്സരം**

ഈ വർഷത്തെ ക്രിസ്മസ് കരോൾ അതിരൂപതല മത്സരങ്ങൾ 2025 ഡിസംബർ 22ന് എറണാ കുളം ആശിർ ഭാവനിൽ നടക്കും. ഫൊറോന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ യൂണിറ്റുകളാണ് ക്രിസ്മസ് കരോൾ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഫൊറോനതലത്തിൽ വിജയികളായവരുടെ പേര് വിവരങ്ങൾ ഡിസംബർ 15 നു മുൻപായി അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഉണ്ണീശോയ്ക്ക് ഒരു കത്ത് മത്സരം**

ഒന്നു മുതൽ ഏഴാം ക്ലാസ് വരെയുള്ള വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ഉണ്ണിശോയ്ക്ക് ഒരു കത്ത് മത്സരം ഡിസംബർ 13ന് കച്ചേരിപ്പടി സെന്റ് ആന്റണീസ് സ്കൂളിൽ നടക്കുന്നു. ഒരു ക്ലാസ്സിൽ നിന്നും പരമാവധി മൂന്നുപേരെ പങ്കെടുപ്പിക്കാം. ക്ലാസ് ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് മത്സരങ്ങൾ. മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ കത്ത് എഴുതാവുന്നതാണ്.

**കുടുംബ സുവിശേഷം**

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ ഓരോ കുടുംബത്തിലെ മാതാപിതാക്കളും മക്കളും മറ്റ് കുടുംബാംഗങ്ങളും ചേർന്ന് വിശുദ്ധ മത്തായിയുടെ സുവിശേഷം പകർത്തി എഴുതുന്ന കുടുംബ സുവിശേഷം പരിപാടി ആരംഭിച്ചു.2026 ആഗസ്റ്റ് 15ന് ഓരോ ദേവാലയത്തിലും ദിവ്യബലി മധ്യ കുടുംബ സുവിശേഷം സമർപ്പിക്കുന്നു.

**വരാപ്പുഴ അതിരൂപത കെഎൽസിഎ :**

കെഎൽസിഎ വരാപ്പുഴ അതിരൂപതയുടെ പുതിയ പ്രസിഡന്റായി റോയ് ഡി ക്കൂഞ്ഞയെ ജനറൽ കൗൺസിൽ യോഗം തിരഞ്ഞെടുത്തു.റോയ് പാളയത്തിലാണ് ജനറൽ സെക്രട്ടറി. എൻ .ജെ പൗലോസ് (ട്രഷറർ) ബാബു ആന്റണി,എം.എൻ. ജോസഫ്,ഡോ. സൈമൺ കൂമ്പയിൽ,ഫില്ലി കാനപ്പിള്ളി(വൈസ് പ്രസിഡന്റുമാർ) നിക്സൺ വേണാട്ട്,നവീൻ വർഗീസ്,ബിജു മുള്ളൂർ, റോസ് മാർട്ടിൻ(സെക്രട്ടറിമാർ) എന്നിവരെയും ജനറൽ കൗൺസിൽ തിരഞ്ഞെടുത്തു. അടുത്ത മൂന്ന് വർഷത്തേക്കാണ് പുതിയ ഭാരവാഹികളുടെ കാലാവധി. എറണാകുളം ആശീർഭവനിൽ ചേർന്ന ജനറൽ കൗൺസിലിന്റെ സമാപന സമ്മേളനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ബിഷപ്പ് ഡോ.ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു.

# വാർത്തകൾ NEWS

രാവിലെ നടന്ന പ്രതിനിധി സമ്മേളനം വരാപ്പുഴ വികാരി ജനറൽ മോൺ.മാത്യു കല്ലിങ്കൽ ഉദ്ഘാടനം ചെയ്തു.അതിരൂപത പ്രസിഡന്റ് സി.ജെ. പോൾ അധ്യക്ഷത വഹിച്ച ജനറൽ കൗൺസിൽ യോഗത്തിൽ കഴിഞ്ഞ പ്രവർത്തന വർഷത്തിലെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ അവതരിപ്പിച്ചു.

വാർഷിക കണക്ക് ട്രഷറർ എൻ.ജെ പൗലോസും,ആഡിറ്റർ പി.പി.ജോസഫ് ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ചു. സിടിസി സുപ്പീരിയർ ജനറൽ മദർ ഷാഹില സിടിസി, കെആർഎൽസി സി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ്, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ തോമസ്, ആധ്യാത്മിക ഉപദേഷ്ടാവ് ഫാ.മാർട്ടിൻ തൈപ്പറമ്പിൽ, കിൻഫ്ര ചെയർമാൻ സാബു ജോർജ്, കെഎൽസിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ജസ്റ്റിൻ കരിപ്പാട്ട്, സംസ്ഥാന സെക്രട്ടറി ഇ.ജെ ഷൈജ , അതിരൂപത വൈസ് പ്രസിഡന്റ് ബാബു ആന്റണി, സെക്രട്ടറിമാരായ സിബി ജോയ്, ഫില്ലി കാനപ്പിള്ളി, എന്നിവർ പ്രസംഗിച്ചു.അഡ്വ ജിജോ കെ എസ് വരണാധികരിയും ബെന്നറ്റ് കുറുപ്പശേരി സഹവരണാധികാരി യുമായിരുന്നു.


*റോയ് ഡികൂഞ്ഞ , പ്രസിഡന്റ്,*


**റോയ് പാളയത്തിൽ, ജനറൽ സെക്രട്ടറി**


**എൻ.ജെ. പൗലോസ് , ട്രഷറർ**

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഡിസംബർ മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ്**
ഡിസംബർ 5, 6, 7 & 19, 20, 21 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

**മാതൃവേദി കൂട്ടായ്മ**:ഡിസംബർ 13, ശനിയാഴ്ച രാവിലെ 10.00 ന്

**വിധവ സംഗമം (അൽമാന)**
ഡിസംബർ 13, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്

**ഏകസ്ഥ കൂട്ടായ്മ:** ഡിസംബർ 18, വ്യാഴാഴ്ച, രാവിലെ 10.00 ന്

**ജൂബിലിസംഗമം:** ഡിസംബർ 14, ഞായറാഴ്ച ഉച്ചയ്ക്ക് 1.30 ന്

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി ക്രിസ്മസ് – എക്സോഡസ് സംഗമം ഡിസംബർ 20–ശനിയാഴ്ച
3 pmന് അരമനയിൽ

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.സെന്റ് തെരേസാസ് മൊണാസ്ട്രി ചാപ്പൽ, കണ്ണങ്കുന്നത്ത്10,000 രൂപ*
*2.സെന്റ് ജൂഡ് ചർച്ച് ഉണിച്ചിറ50,000 രൂപ*
*3.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജോസഫ് ഷ്റൈൻ ഓഫ് സെന്റ് ജൂഡ്, തേവര25,000 രൂപ*
*4.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച്, പാലാരിവട്ടം10,000 രൂപ*
*5.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ജൂഡ് ഷ്റൈൻ, യൂദാപുരം25,000 രൂപ*
*6.സെന്റ് ജൂഡ് ചർച്ച്, കുരീക്കാട്10,000 രൂപ*
*7.സെന്റ് മേരീസ് ചർച്ച്, പുല്ലേപ്പടി 25,000 രൂപ*
*8.സി.റ്റി.സി. കോൺഗ്രിഗേഷൻ50,000 രൂപ*
*ആകെ2,05,000 രൂപ*

# വാഴ്ത്തപ്പെട്ടവൾ

2 കോറി 12,9-10



ഡോ. വിൻസെന്റ്
വാര്യത്ത്



2025 നവംബർ 8-ാം തീയതി വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ ഒരുക്കിയ പ്രൗഢഗംഭീരമായ തിരുക്കർമ്മങ്ങൾക്കിടയിൽ മദർ ഏലീശ്വ വാകയിൽ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടു. വരാപ്പുഴ അതിരൂപതയിലെ ആദ്യത്തെ വാഴ്ത്തപ്പെട്ടവളാണ് മദർ ഏലീശ്വ. കേരളത്തിലെ ലത്തീൻ കത്തോലിക്കർക്കിടയിലെ ആദ്യത്തെ വാഴ്ത്തപ്പെട്ടവളും മദർ ഏലീശ്വ തന്നെയാണ്. ചരിത്രം പരിശോധിക്കുമ്പോൾ ആദ്യത്തേത് എന്ന വിശേഷണത്തിന് അർഹമാകുന്ന ധാരാളം കാര്യങ്ങൾക്ക് തുടക്കമിട്ട ആളാണ് ഏലീശ്വാമ്മ.

എല്ലാവരെക്കാളും 'ഏറ്റവും ഏഴയായി' സ്വയം കരുതുകയും ഏറ്റവും പിന്നിൽ നിൽക്കുവാൻ കൊതിക്കുകയും ചെയ്ത മദർ ഏലീശ്വ ദൈവത്തിന്റെ പ്രത്യേക കാരുണ്യത്താൽ ഏറ്റവും മുന്നിൽ നിന്ന് നയിക്കുന്ന നായികയായി മാറി. ഇന്ത്യയിൽ കർമ്മലീത്ത സന്ന്യാസിനിമാരുടെ ആദ്യത്തെ ദേശീയ സമൂഹം സ്ഥാപിച്ചത് ഏലീശ്വാമ്മയാണ്. CTC, CMC സഭകളുടെ തുടക്കം അങ്ങനെയാണ്. മലയാളക്കരയിലെ ആദ്യത്തെ കന്യകാലയം തുടങ്ങിയത് മദർ ഏലീശ്വ ആയതിനാൽ കേരളത്തിലെ ആദ്യത്തെ കന്യാസ്ത്രീ എന്ന പേര് ഈ അമ്മക്കു നൽകാം.

ആർച്ച് ബിഷപ്പ് ബർണഡിൻ ബെച്ചിനെല്ലിയുടെ ആഹ്വാനം അനുസരിച്ച് 'പള്ളിക്കൊപ്പം പള്ളിക്കൂടവും' സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ കേരളക്കരയിലാകെ ആരംഭിച്ചപ്പോൾ ബെച്ചിനെല്ലി പിതാവിന്റെ ഇടയലേഖനത്തിലെ ആഹ്വാനം ഹൃദയപൂർവ്വം സ്വീകരിച്ച മദർ ഏലീശ്വ പെൺകുട്ടികൾക്കായുള്ള ആദ്യത്തെ കോൺവെന്റ് സ്കൂൾ തുടങ്ങി. പെൺകുട്ടികൾക്ക് താമസിച്ചു പഠിക്കുവാനുള്ള ആദ്യത്തെ ബോർഡിങ് ഹൗസ് തുടങ്ങിവച്ചതും ക്രാന്തദർശിയായ ഈ കന്യാസ്ത്രീ തന്നെയാണ്. കർത്താവിന്റെ മണവാട്ടിയായി, നിശബ്ദത മുഖമുദ്രയാക്കി സഞ്ചരിച്ച മദർ ഏലീശ്വ സ്ത്രീ വിമോചനത്തിന്റെ സ്വരമായി മാറിയത് ഒരു കൗതുക കാഴ്ചക്കപ്പുറം കൃപയുടെ കാഴ്ചയാണ്. മദർ ഏലീശ്വ പലതരത്തിൽ നമുക്ക് മാതൃകയാണ്.

**(1.)** ചെറുപ്രായത്തിൽ വിധവയായി തീർന്ന മദർ ഏലീശ്വ സ്വയം ശപിച്ചും സങ്കടപ്പെട്ടും കുറ്റപ്പെടുത്തിയും ജീവിതം തള്ളിനീക്കുന്നതിനു പകരം മഹത്തായ ഒരു സന്യാസ സമൂഹത്തിന് രൂപം കൊടുക്കുകയും ലോകത്തെ മുഴുവൻ മാറ്റത്തിലേക്ക് നയിക്കുവാൻ കരുത്തുള്ള ഒരു സ്ത്രീ സമൂഹത്തെ കെട്ടിപ്പടുക്കുകയും ചെയ്തു. എന്തും നന്മയാക്കി മാറ്റാനുള്ള കരുത്തിന്റെ പാഠം ഈ അമ്മയിൽനിന്നു പഠിച്ചെടുക്കാം.

**(2.)**ഒരാളുടെ യഥാർത്ഥ സ്വഭാവം വെളിപ്പെടുന്നത് കഷ്ടതകൾ അനുഭവിക്കുമ്പോഴാണ്. മദർ ഏലീശ്വ സ്വന്തം പുരയിടവും സ്ഥലവും ഉപയോഗിച്ച് നിർമ്മിച്ച

കോൺവെന്റിൽ നിന്നും പുറത്താക്കപ്പെട്ടപ്പോഴും അവർ കാണിച്ച അസാമാന്യ ക്ഷമയും, ധൈര്യവും, വിശ്വാസവും, പ്രത്യാശയും നമുക്ക് മാതൃകയാണ്. പൂജ്യമാക്കപ്പെട്ട അവസ്ഥയിൽ നിന്നാണ് സംപൂജ്യതയിലേക്ക് അവർ വളരുന്നത്. ഒന്നുമില്ലായ്മയിൽ നിന്നാണ് എല്ലാവർക്കും എല്ലാമായി അവർ മാറിയത്. നമ്മുടെ പ്രശ്നങ്ങളെ സമചിത്തതയോടെയും, വിവേകത്തോടെയും, വിശ്വാസത്തോടെയും പ്രത്യാശയോടെയും നേരിടുവാൻ നമുക്ക് പഠിക്കാം.

**(3.)**കേരളത്തിൽ നിന്നുള്ള കന്യാസ്ത്രീകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ പ്രശംസനീയമായ വിധത്തിൽ സേവനം ചെയ്യുന്നുണ്ട്. അവരുടെയെല്ലാം തുടക്കക്കാരി ഏലീശ്വാമ്മയാണെന്ന കാര്യം നിസ്സാരമായ കാര്യമല്ല. ലോകത്തിന്റെ ഏതുകോണിൽ പോയാലും മലയാളി കന്യാസ്ത്രീ കൂട്ടങ്ങൾ നമുക്ക് കാണാം. അവരുടെ എല്ലാം തുടക്കം കൂനമ്മാവിലെ ചെറിയൊരു പുരയിടത്തിൽ നിന്നാണ് എന്നത് നമ്മെ അങ്ങേയറ്റം അഭിമാനിപ്പിക്കുകയും, ആനന്ദിപ്പിക്കുകയും ചെയ്യണം. 'സമൂഹത്തിൽ കാണേണ്ട മാറ്റമായി നിങ്ങൾ മാറണം' എന്ന ഗാന്ധിയുടെ വാക്കുകൾ ഓർക്കുക. ഒരാൾക്ക് വലിയൊരു മാറ്റം കൊണ്ടുവരുവാൻ പറ്റും നമ്മുടെ സമൂഹത്തിൽ നന്മയുടെ വലിയ മാറ്റം കൊണ്ടുവരുന്ന ഒരാളായി തീരാൻ നമുക്കും നിയോഗമുണ്ട്. നമ്മൾ എവിടെയാണോ അവിടെ വളരുക. അവിടം സമ്പന്നമാക്കുക. ഈ സന്ദേശവും നമുക്ക് ഹൃദയപൂർവ്വം സ്വീകരിക്കാം.

**(4.)**'നമ്മുടെ ആഗ്രഹങ്ങളുടെ ഏക വിഷയം തമ്പുരാൻ എന്ന മൂന്ന് അക്ഷരങ്ങൾ' ആയിരിക്കണമെന്ന് ഏലീശ്വ തന്റെ കൂടെയുള്ളവരെ പഠിപ്പിച്ചു. 'ദൈവം എന്നെ വിളിച്ചത് ദൈവത്തിന്റെ ഇഷ്ടം പൂർത്തിയാക്കാനാണ്' എന്നും മദർ ഏലീശ്വ ഉറച്ചു വിശ്വസിച്ചു. 'ഞാൻ ദുർബലയല്ല ഞാൻ കർത്താവിൽ ശക്തയാണ്' എന്ന ബോധ്യമാണ് അവരെ നയിച്ചത്. നിനക്ക് എന്റെ കൃപ മതി എന്ന് പറയുന്ന കർത്താവിൽ പൂർണമായി ശരണപ്പെടുവാനും കർത്താവിൽ അഭയം കണ്ടെത്തുവാനും കരുത്ത് കണ്ടെത്തുവാനും നമുക്ക് കഴിയാറുണ്ടോ? സുവിശേഷ പശ്ചാത്തലത്തിൽ നമ്മുടെ വിശ്വാസത്തിന്റെ ആഴം പരിശോധിക്കുമ്പോൾ മദർ ഏലീശ്വായുടെ ജീവിതം നമുക്ക് ഒരു കണ്ണാടി പോലെ ഉപയോഗിക്കാം.

.................................................................

*ചോദ്യങ്ങൾ*

.................................................................

***1. മദർ ഏലീശ്വ എന്തിന്റെയെല്ലാം തുടക്കക്കാരിയാണ്?***

***2. നമ്മുടെ അതിരൂപതയിൽ പ്രശംസനീയമായ വിധത്തിൽ സേവനമനുഷ്ഠിക്കുന്ന വിവിധ സന്യാസിനി സഭാംഗങ്ങളെ നമ്മൾ വേണ്ടവിധത്തിൽ ആദരിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ?***

***3. കന്യാമഠങ്ങളിലേക്കുള്ള ദൈവവിളി നാം പ്രോത്സാഹിപ്പിക്കാറുണ്ടോ?***

# *വചന പ്രതിഷ്ഠ- കുടുംബങ്ങളിൽ*

**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**

യേശുക്രിസ്തുവിന്റെ തിരുഹൃദയരൂപം നമ്മുടെ കുടുംബങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുള്ളതുപോലെ വിശുദ്ധ വചനഗ്രന്ഥവും നമ്മുടെ ഭവനങ്ങളിൽ പ്രത്യേകമുണ്ടാക്കിയ പീഠങ്ങളിൽ സ്ഥാപിച്ചു വണങ്ങുന്നതിനെയാണ് വചനഗ്രന്ഥ പ്രതിഷ്ഠ എന്നുപറയുന്നത്. 'ഞാൻ വഴിയും, സത്യവും, ജീവനുമാണ്' (യോഹ 14: 6) എന്ന വചനത്തിലൂടെ യേശുവാണ് വഴി, യേശു വചനമാണ് സത്യം, വചനമാണ് ജീവൻ എന്നാണ് അർത്ഥമാക്കുന്നത്. ആയതിനാൽ പഴയനിയമത്തിൽ പ്രവാചകന്മാരോട് ദൈവം ആവശ്യപ്പെട്ടതുപോലെ നമുക്കും ആത്മീയ ഭക്ഷണമായി തീരേണ്ട വചനം കുടുംബങ്ങളിലെ അനുദിന പ്രാർത്ഥനയ്ക്ക് ശേഷം വചന വായനയ്ക്കും ധ്യാനത്തിനും വിഷയമാക്കുമ്പോൾ, പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള പീഠത്തിൽ നിന്നും പ്രാർത്ഥനാപൂർവ്വം വചനഗ്രന്ഥം എടുക്കുകയും വായനയ്ക്കും വിചിന്തനത്തിനും ശേഷം ആദരവോടെ വചന പീഠത്തിൽ തിരികെവച്ച് കവർ ചെയ്ത് സൂക്ഷിക്കുക എന്നതാണ് നാം ചെയ്യേണ്ടത്. നമ്മുടെ ദൈവാലയത്തിലെ സക്രാരി എന്നതുപോലെ കുടുംബത്തിന്റെ ആത്മീയപോഷണ ഉറവിടമായ വിശുദ്ധ ഗ്രന്ഥം ആദരവോടെ സൂക്ഷിക്കുകയും, ഉപയോഗിക്കുകയും ചെയ്യുമ്പോൾ അതു കുടുംബത്തിൽ കൂടുതൽ ദൈവാനുഗ്രഹത്തിന് വഴിയൊരുക്കും. ഇതാണ് മഹാജൂബിലിയുടെ സമാപനമായി, വരാപ്പുഴ അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലും വചന പ്രതിഷ്ഠയായി നടത്തേണ്ടതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്.


*കുടുംബയൂണിറ്റുകളിൽ വായിക്കേണ്ടത്*



എം.എസ്. അഗസ്റ്റിൻ

# രണ്ടു വിശ്വാസ കാഴ്ചപ്പാടുകൾ

പിൻമൊഴി



യൂറോപ്പിൽ ഒരു മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുമതത്തേയും മതപരമായ അനുഷ്ഠാനങ്ങളേയും ഉപേക്ഷിച്ച് യുവജനങ്ങൾ സ്വതന്ത്രമായ ചിന്തകൾക്ക് പ്രാധാന്യം നൽകുന്നു. പത്ത് യൂറോപ്യൻ രാജ്യങ്ങളിലെ യുവാക്കളെക്കുറിച്ച് 'വേൾഡ് ഇക്കണോമിക്സ് ഫോറം' നടത്തിയ ഒരു പഠനത്തിൽ, ശരാശരി 70 ശതമാനത്തിനുമേൽ ക്രൈസ്തവ യുവാക്കൾക്ക് മതവുമായുള്ള ബന്ധം കുറഞ്ഞതായി കാണുന്നു. അമേരിക്കയിലെ 'പ്യൂ റിസർച്ച് സെന്ററിന്റെ' ഒരു പഠന പ്രകാരം, യൂറോപ്പിൽ 2010-ൽ ക്രിസ്ത്യാനികൾ 74.6 ശതമാനമായിരുന്നു. 2020-ൽ അത് 67.1 ശതമാനമായി കുറഞ്ഞു. ക്രൈസ്തവകുടുംബത്തിൽ ജനിച്ച ക്രിസ്ത്യൻ പേരുകളുള്ള, എന്നാൽ "മതപരമായി ബന്ധമില്ലാത്ത" (religiously unaffiliated) ഇവരെയും ഔദ്യോഗിക രേഖകളിൽ കണക്കാക്കുന്നത് ക്രിസ്ത്യാനികളായിട്ടാണ്. യുവാക്കളുടേത് മാത്രമല്ല, ക്രൈസ്തവ വിശ്വാസികളുടെ തന്നെ എണ്ണം നന്നെ കുറഞ്ഞു. അതിന്റെ പ്രതിഫലനമായി ദൈവാലയങ്ങളിൽ പോകുന്നവരുടെ എണ്ണവും കുറഞ്ഞു. പള്ളികൾ വില്ക്കപ്പെടുകയോ വാടകയ്ക്ക് നല്കുകയോ ചെയ്തു. ഈ സാഹചര്യത്തിൽ തന്നെ, ആഭ്യന്തര യുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും വംശീയകലാപങ്ങളും മൂലം ലക്ഷക്കണക്കിന് ആളുകൾ അഭയാർത്ഥികളായി യൂറോപ്പിലേക്ക് കുടിയേറുന്നു.

അഭയാർത്ഥി കുടിയേറ്റത്തിനും ആക്രമണത്തിനുമെതിരെ ഇക്കഴിഞ്ഞ സെപ്റ്റംബർ 13-ന് ബ്രിട്ടനിലെ തീവ്ര വലതുപക്ഷ ആക്ടിവിസ്റ്റായ ടോമി റോബിൻസൺ സംഘടിപ്പിച്ച ഒരു പ്രതിഷേധ മാർച്ച് ലണ്ടനിൽ നടന്നു. "രാജ്യത്തെ ഒന്നിപ്പിക്കുക" (Unite the Kingdom) യെന്ന മുദ്രാവാക്യത്തോടെ നടന്ന ഈ റാലിയിൽ ഒന്നരലക്ഷത്തോളം കുടിയേറ്റ വിരുദ്ധപ്രവർത്തകർ പങ്കെടുത്തതായി കരുതുന്നു. പ്രതിഷേധക്കാർ ബ്രിട്ടീഷ് ദേശീയതയും പാശ്ചാത്യ സംസ്കാരവും ക്രിസ്ത്യൻ വിശ്വാസവുമായി ബന്ധപ്പെടുത്തി സംസാരിച്ചു. റാലിയിൽ കുരിശ് ഉയർത്തിക്കൊണ്ട് 'ക്രിസ്തുവാണ് രാജാവ് (Christ is King) എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് 'കർതൃ പ്രാർത്ഥന' ചൊല്ലി.ഇനി മറ്റൊരു മാറ്റം നമ്മുടെ നാട്ടിലാണ്.

ശക്തമായ ജാതിവിവേചനം, അയിത്തം, സാമൂഹിക ബഹിഷ്കരണം, തൊഴിൽരംഗത്തെ ചൂഷണം, ദാരിദ്ര്യം തുടങ്ങിയവയാണ് ഇന്ത്യയിൽ ദളിതരും ഗോത്രവർഗ്ഗക്കാരും പിന്നോക്ക വിഭാഗക്കാരും അനുഭവിക്കുന്നത്. ക്രിസ്ത്യൻ മിഷനറിമാർ ദളിത്, ഗോത്രമേഖലകളിൽ വിദ്യാലയങ്ങൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, തൊഴിൽ സംരംഭങ്ങൾ എന്നിവ സ്ഥാപിച്ചു. മികച്ച വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും ദാരിദ്ര്യത്തിൽ നിന്നുള്ള മോചനവും സാമൂഹിക അംഗീകാരവും ഈ സ്ഥാപനങ്ങൾവഴി അധഃസ്ഥിതരായവർക്ക് ലഭിച്ചു. അവർ ബൈബിൾ വായിക്കുകയും ആരാധനയ്ക്കായി പള്ളിയിൽ പോകുകയും ക്രിസ്ത്യാനികളുടെ ചില ആചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. എന്നാൽ ഔദ്യോഗിക രേഖകൾ പ്രകാരം അവർ ക്രിസ്ത്യാനികളല്ല; ഹിന്ദുക്കളും ഗോത്രവിഭാഗങ്ങളുമാണ്. തങ്ങളുടെ പരമ്പരാഗത മതം ഉപേക്ഷിക്കാതെ തന്നെ ക്രൈസ്തവ വിശ്വാസത്തിലേക്ക് മാറിയ ഇവർ 'രഹസ്യ ക്രിസ്ത്യാനികൾ' (Crypto Christians) എന്ന് അറിയപ്പെടുന്നു. ഔദ്യോഗിക കണക്കുകൾ പ്രകാരം, ഇന്ത്യയിലെ ക്രിസ്ത്യൻ ജനസംഖ്യ യഥാർത്ഥത്തിലുള്ള ക്രൈസ്തവ വിശ്വാസികളേക്കാൾ കുറവാണ്. യൂറോപ്പിലെ ക്രിസ്ത്യൻ ജനസംഖ്യയാകട്ടെ യഥാർത്ഥത്തിലുള്ള ക്രൈസ്തവ വിശ്വാസികളേക്കാൾ കൂടുതലുമാണ്.

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004